
2010
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ജൂൺ
MALANKARASABHA
Rs. 15



ജൂൺ 5 :
ലോക പരിസ്ഥിതി ദിനം



## മാപ്പ് !

നനവ് തീർന്ന മണ്ണേ
കരിഞ്ഞുണങ്ങിയ മരമേ
പെരും ദുരകൾ നഷ്ടമാക്കിയ
ഹരിത ഭംഗിയേ മാപ്പ് !!!

അദ്ധ്യയനത്തിനു
തുടക്കമായി...

## നവാഭിഷിക്തർ



യൂഹാനോൻ മാർ ദിമെത്രയോസ്



യൂഹാനോൻ മാർ തേവോദോറോസ്



യാക്കോബ് മാർ ഏലിയാസ്



ജോഷ്വാ മാർ നിക്കോദിമോസ്



സഖറിയാ മാർ അപ്രേം



ഗീവറുഗീസ് മാർ യൂലിയോസ്



എബ്രഹാം മാർ സെറാഫിം

# FATHER MATHEWS COLLEGE OF NURSING

5/1, HMT Main Road, Behind HMT Sports Club, Jalahalli, Bangalore- 560 013






**Rev. V.I. Mathews** - Cor-Episcopa
Chairman - **Mob: 09342489889**

## Admission Started

# B.Sc. Nursing

(Girls Only)

**Approved by INC & KNC, Govt. of Karnataka & Rajiv Gandhi University of Health Sciences**

**Dr. Renji Isaac Mathews**
**Secretary Mobile: 09341229030**

**Features:**


- Excellent coaching by well trained teachers
- Best result in the University
  - 2005-09 Batch (4th year) 100% Pass
  - 2006-10 Batch (3rd year) 100% Pass
  - 2007 -11 Batch (2nd year) 97% Pass
- Hostel in the same campus
- Kerala Food
- Safety and security guarantied
- Multi speciality parent hospital - Father Mathews Shiridi Sai Hospital -150 bedded with ICU, dialysis etc.,
- Campus interview & placement service available

- **No Donation**
- **Bank Loan Facility Available**

www.aaa.net.in

**ASSOCIATE INSTITUTION: FATHER MATHEWS INTERNATIONAL SCHOOL, BANGALORE**

ലക്കം 6,
പുസ്തകം 67
ജൂൺ 2010



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

റിപ്പോർട്ട് **8** കൃപയുടെ നീർച്ചാലുകളായി മെത്രാഭിഷേകം

പ്രസംഗം **12** ഉയരപ്പെട്ടവന്റെ കൈയിലെ....
*- ഫാ. ഡോ. ജേക്കബ് കുര്യൻ*

ഗസ്റ്റ് കോളം **23** സമാധാനത്തിന്റെ ഉറവകൾ
*- അബ്ദുൾ സമദ് സമദാനി എം.പി.*

**6** എഡിറ്റോറിയൽ
നഗരവാതിൽക്കലെ ശത്രുക്കൾ
*- ഡോ. സഖറിയ മാർ അപ്രേം*

**5** മഹാപുരോഹിത സന്ദേശം

**11** എപ്പിസ്ക്കോപ്പൽ നാമങ്ങൾ
*- വർഗീസ് ജോൺ, തോട്ടപ്പുഴ*

**15** പ്രകൃതി
ഓർത്തഡോക്സിയും പരിസ്ഥിതിയും
ഫാ. ജോജി കെ. ജോയി, അടൂർ

**25** നമ്മിലൊരാൾ
ബെന്യാമിൻ

**30** എഡ്യുക്കേഷൻ
പഠന മാർഗ്ഗങ്ങൾ
ഫാ. റിഞ്ചു പി. കോശി

**20** ദൃഷ്ടി
കുടുംബങ്ങളിലെ സോഷ്യലിസം...
- അജി വർഗീസ്, ബത്തേരി

**46** യുവജന പംക്തി
- ഫാ. വിൽസൺ മാത്യു

## *സ്ഥിരം പംക്തികൾ*

ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, നമ്മിലൊരാൾ, വനിതാ സഭ, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം
# മലങ്കരസഭ

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*വൈസ് പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ മിലിത്തോസ്**
Phone: 0487- 2371039, 2371748 (Fax)

*ചീഫ് എഡിറ്റർ*
**ഡോ. സഖറിയ മാർ അപ്രേം**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ.റ്റി.എ. ഇടയാടി**
Mob:- 9447300908

*സബ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
**(അസ്സോസിയേഷൻ സെക്രട്ടറി)**
**ഡോ. പി.എം. മാത്യു, വെല്ലൂർ**
**പ്രൊഫ. ഡോ. എം. പി. മത്തായി**
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**ശ്രീ. മാമ്മൻ വർഗീസ്**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

EDITORIAL BOARD

***Cover Design & Layout:-***
Jinto Kurichy at
**M.S. Graphics, Devalokam.**

## വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | |
| ഒറ്റപ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| വിദേശത്തേക്ക് | |
| ഒരു വർഷം | : 1500 രൂപ |







കൈക്കുടന്ന

# അറിവ്

- ഗുരു പറഞ്ഞു:

  “അഞ്ചു കാര്യങ്ങൾ ഈ ലോകത്തിൽ അനുഷ്ഠിക്കുവാൻ കഴിവുള്ളവർ സദ്ഗുണസമ്പന്നരാണ്.”

  “അവ എന്തൊക്കെയാണ്?”

  “വിനയം, മഹാമനസ്കത, ആത്മാർത്ഥത, ഉത്സാഹം, കരുണ എന്നിവയാണ്. നിങ്ങൾ വിനയമുള്ളവനാമെങ്കിൽ പരിഹസിക്കപ്പെടുകയില്ല. മഹാമനസ്കനാണെങ്കിൽ പലരെയും തന്നിലേക്ക് ആകർഷിക്കും. ആത്മാർത്ഥതയുള്ളവനാണെങ്കിൽ ജനങ്ങൾ നിങ്ങളെ വിശ്വസിക്കും. ഉത്സാഹമുള്ളവനാണെങ്കിൽ നിങ്ങൾ വിജയിക്കും. കരുണയുള്ളവനാണെങ്കിൽ സഹജീവികളുമായി ഇണങ്ങിക്കഴിയാം.”

- ഉള്ളിൽനിന്ന് ഏറ്റവും നല്ലതിനെ പുറത്തുകൊണ്ടുവരലാണ് വിദ്യാഭ്യാസം. ഇളംമനസ്സുകളിൽ നന്മയുടെ മുളപൊട്ടുന്ന അറിവിന്റെ പെരുമഴക്കാലം. ഇനി നനയലാണ്; ഹൃദയം കുതിരലാണ്; ഉറവ പൊട്ടലാണ്. അറിവിന്റെ പെയ്ത്ത് ഒരു അൻപുണർത്തലും സ്നേഹം തളിർക്കലും അലിവിന്നുറവകളുടെ വിരിഞ്ഞിറങ്ങലും സമ്മാനിക്കുന്നുണ്ട്.


- ദൈവമേ, സൽഗുണപൂർണ്ണതയിലേക്കാണ് വിളി. ബോധങ്ങളെ പ്രകാശിപ്പിക്കണമേ എന്നാണ് പ്രാർത്ഥന. വിലമതിക്കാനാവാത്തതാണ് ഈ ജന്മം; കാരണം അത് നിന്റെ ദാനമാണ് എന്നത് മാത്രം. എന്നിട്ടുമെന്തേ, വില കുറഞ്ഞ സംസാരങ്ങളും വിലയില്ലാത്ത പെരുമാറ്റങ്ങളുംകൊണ്ട് ജീവിതത്തെ ഞാൻ പൂരിപ്പിക്കുന്നു. സത്യമായും അറിവുകൾ ഭാരപ്പെടുത്താൻ തുടങ്ങുന്നു.

- ഇനി സങ്കടം ഒന്നേയുള്ളൂ; പരിസ്ഥിതിയെക്കുറിച്ചാണ്. പുറംലോകത്തെക്കുറിച്ചല്ല; ഉള്ളിലുള്ളതിനെച്ചൊല്ലിയാണ്. കാരണം, ശരിയായ കാഴ്ചയ്ക്കും കാഴ്ചപ്പാടിനും വേണ്ടത് ഉൾത്തെളിവ് മാത്രമാണല്ലോ!

- തിരുവചനം ധ്യാനിക്കും: “പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക; സ്വന്ത വിവേകത്തിൽ ഊന്നരുത്.” (സദൃശ. 3:5).

- സഖേർ

# മഹാപുരോഹിത സന്ദേശം




വാത്സല്യ മക്കളെ,

ജൂൺ മാസത്തിന്റെ ഓർമ്മകൾ നമ്മെ പലപ്പോഴും ബാല്യത്തിലേക്ക് കൊണ്ടുപോകും. ഒരു പക്ഷേ എന്റെ പ്രായത്തിലുള്ളവരുടെ ബാല്യ കാല പഠന പദ്ധതികൾ പുതിയ തലമുറയ്ക്ക് അത്ഭുതകരമാകാം. ആധുനിക വിദ്യാഭ്യാസത്തിന്റെ സകല നന്മകളെയും വിലമതിക്കുന്നു. വിരൽത്തുമ്പിൽ വിദ്യ പകരുന്ന സമ്പ്രദായങ്ങളുടെ നന്മ തിന്മകൾ വിവേചിച്ചറിയുവാൻ കഴിയണം. 'വിദ്യ' അഭ്യസിക്കുകയാണ്. അതാണല്ലോ വിദ്യാഭ്യാസം. അഭ്യസിപ്പിക്കുന്നയാൾ ഗുരുവാണ്. 'ഗൂ'ശബ്ദമന്ധകാരം, 'രൂ'ശബ്ദം തൻ നിരോധനം എന്നാണ് 'ഗുരു' വിന്റെ നിരുക്തി. ശിഷ്യന്റെ മനസ്സിലെ, ജീവിതത്തിലെ, പ്രവർത്തിയിലെ അന്ധകാരത്തെ നീക്കുന്നവനാണ് ഗുരു. ഗുരു വെളിച്ചമാകുന്നത് അതു കൊണ്ടാണ്. നമ്മുടെ കർത്താവ് ഓർമ്മിപ്പിക്കുന്നു. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്. ഓരോ വ്യക്തിയും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഗുരുവാണ്. ഗുരു വഴിയാകുന്നതും വിശുദ്ധ വേദപുസ്തകത്തിൽ നാം കാണുന്നു. മാതൃക നമ്മുടെ കർത്താവു തന്നെ. ഗുരുക്കന്മാർക്ക് മേലിൽ നിന്ന് ജ്ഞാനം ലഭിക്കുവാനും ശിഷ്യരാകുന്ന ഉത്തമ പാത്രത്തിൽ അത് പകരുവാനും സർവ്വശക്തനിടയാക്കട്ടെ!.

ജൂൺ മാസം അപ്പോസ്തലന്മാരെ പ്രത്യേകമായി ഓർക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്ന അവസരമാണ്. മീൻ പിടുത്തക്കാർക്ക് ലോകത്തിലെ വിവിധ ഭാഷകളെ അനായാസം കൈകാര്യം ചെയ്യുവാൻ കഴിഞ്ഞതിനെ അത്ഭുതത്തോടെയല്ലാതെ ധ്യാനിക്കുവാൻ കഴിയുകയില്ല. ശൂന്യമായതിൽ വക്കോളം നിറയ്ക്കുന്ന തമ്പുരാന്റെ കൃപയല്ലാതെ മറ്റ് എന്താണത്? ആ കൃപ ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ശേഷം പിന്നാലെ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

**ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ**

from the DESK

എഡിറ്റോറിയൽ



# നഗരവാതിൽക്കലെ ശത്രുക്കൾ

മറ്റൊരു അദ്ധ്യയനവർഷത്തിനു തുടക്കമായി; അജ്ഞാനാന്ധകാരം നീക്കി, വിജ്ഞാനപ്രഭ വിതറുമെന്ന പ്രതീക്ഷയോടെ! പ്രതീക്ഷകളുടെ നാമ്പുകളാണല്ലോ സർവ്വ പ്രപഞ്ചത്തേയും താങ്ങിനിർത്തുന്നത്. പരസ്പരവിദ്വേഷമില്ലാത്ത, അന്യോന്യം തേജസ്സ് പ്രസരിപ്പിക്കുന്ന ഗുരുശിഷ്യരുടെ നിർമ്മലവും, മഹത്തരവുമായ പ്രക്രിയയായി ഭാരതീയ ആചാര്യന്മാർ വിദ്യാഭ്യാസത്തെ കണ്ടതുകൊണ്ടാണ് ''വിദ്യാധനം സർവ്വധനാൽ പ്രധാനം'' എന്ന് ഉറക്കെ പറഞ്ഞുവന്നത്. 'വിജ്ഞാനവിസ്ഫോടനം' എന്ന് പ്രതീകാത്മകമായി പറയാറുണ്ടെങ്കിലും, വർത്തമാനകാലത്തിലെ പല സംഭവവികാസങ്ങളും വിജ്ഞാനം സ്ഫോടനാത്മകമാവുകയാണോ എന്ന് സംശയിപ്പിക്കാറുണ്ട്. ഈ ദുരന്തം വിതയ്ക്കുന്ന വിഷവിത്തുകൾ ഭാരതസംസ്കൃതിയെ തന്നെ ഞെരിച്ചുകളയുന്ന 'കളകളായി' വളർന്നേക്കാം. ദേശീയബോധം, പാവനമായി കരുതപ്പെട്ടുവരുന്ന കുടുംബ-ദാമ്പത്യ ബന്ധങ്ങൾ, പരസ്പരം കരുതുന്ന സൗഹൃദം എന്നിങ്ങനെ സമൂഹ ജീവിതത്തിന്റെ സമസ്തമേഖലകളിലും നിലനിന്നിരുന്ന ഉയർന്ന മൂല്യങ്ങളിൽ പലതും നമുക്കു കൈമോശം വന്നുകൊണ്ടിരിക്കുന്നു. ആസന്നമായ ഒരു മഹാവിപത്തി ലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഭാരതീയ-പാശ്ചാത്യ സംസ്കാരങ്ങൾ തമ്മിലുള്ള ഒരുതരം സാംസ്ക്കാരിക സംഘട്ടനമായി (Clash of Civilization) മാത്രം ഇത് വിലയിരുത്തപ്പെട്ടുകൂടാ. ക്രിയാത്മകമായ ആശയ-സാംസ്ക്കാരിക സംഘട്ടനങ്ങൾ ഒരു പരിധിവരെ നല്ലതായിരിക്കാമെങ്കിലും നമ്മുടെ രാജ്യത്തെ പ്രധാന നഗരങ്ങളിൽ പലയിടങ്ങളിലും കണ്ടുവരുന്ന പല പ്രവണതകളും ഒരുതരം അരാജകത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സാംസ്ക്കാരിക- രാഷ്ട്രീയ-ആദ്ധ്യാത്മിക മേഖലയിലുള്ളവർ ഒരുമിച്ചിരുന്ന്, സ്വാർത്ഥത മാറ്റിവച്ച് ഗൗരവപൂർവ്വം ഈ സ്വത്വപ്രതിസന്ധി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

**"വിഷസർപ്പത്തിനു വിളക്കുവയ്ക്കുന്ന" അനുഭവം ആകരുത് 'പേരന്റിംഗ്' അഥവാ സന്താനപരിപാലനം.**

അടിസ്ഥാനപരമായ പ്രശ്നം കുടുംബങ്ങളിൽ തന്നെയാണ്; ദാരിദ്ര്യവും, കടുത്ത സാമ്പത്തിക പ്രതിസന്ധികളും അനുഭവിച്ച കഴിഞ്ഞ നൂറ്റാണ്ടിലെ താരതമ്യേന ഇടത്തരം കുടുംബങ്ങളിൽ നിലനിന്നിരുന്ന ഉയർന്ന ആദ്ധ്യാത്മികവും, ധാർമ്മികവുമായ മൂല്യബോധം ഈ നൂറ്റാണ്ടിൽ നഷ്ടമായിരിക്കുന്നു. കൗമാരം പിന്നിടുന്നതിനു മുമ്പുതന്നെ മദ്യമയക്കുമരുന്നുകൾ ഉപയോഗിച്ചുതുടങ്ങുന്ന രീതി വർദ്ധിച്ചുവരുന്നു. പ്രധാന നഗരങ്ങളിലെ പ്രൊഫഷണൽ കോളേജുകളിൽ ചേരുന്ന വിദ്യാർത്ഥികളിൽ പലരും മൂന്നും നാലും വർഷം സഹപാഠികളോ, സുഹൃത്തുക്കളോ ആയവരോടൊപ്പം ദമ്പതിമാരെപ്പോലെ ഒരുമിച്ചു ജീവിക്കുന്നു, പഠനകാലത്തെ ടെൻഷൻ ഒഴിവാക്കുന്നതിനുള്ള മറുമരുന്നുപോലെ! ദാമ്പത്യജീവിതത്തിന്റെ എല്ലാ പരിപാവനതയും തൂത്തെറിയപ്പെടുന്ന ഒരു ദുരന്തമായി ഈ പ്രവണത വളരുകയാണ്. വിവാഹപൂർവ്വ ലൈംഗികത ഒരു സാധാരണ അനുഭവം പോലെ മാറുന്നു. പാശ്ചാത്യ സാമൂഹിക

Editorial

ജീവിതത്തിൽ നിലവിലിരുന്നതോ, നിലനില്ക്കുന്നതോ ആയ അപഭ്രംശങ്ങൾ പലതും നമ്മുടെ വിദ്യാർത്ഥി–യുവസമൂഹത്തെ ബാധിച്ചു തുടങ്ങിയിരിക്കുന്നു. ശൈശവം മുതൽ കുടുംബാന്തരീക്ഷത്തിൽ നിന്നും ലഭിക്കേണ്ടിയിരുന്ന ശിക്ഷണവും, പരിചരണവും വികലമായി പോയതു മൂലം സംഭവിക്കുന്ന അപകടം!.

കേരളത്തിലും സാധാരണമായിത്തീർന്ന 'ഫ്ളാറ്റ്' ജീവിത സംസ്കാരം സൃഷ്ടിക്കുന്ന ധാർമ്മികതകർച്ച ശ്രദ്ധിക്കപ്പെടാതെ പോകരുത്. കേവലം പതിനഞ്ച് വയസ്സ് മാത്രം പ്രായമുള്ള പെൺകുട്ടി, സുഹൃത്തുക്കളോ, സഹപാഠികളോ ആയ ഏഴുപേരുടെ ലൈംഗിക ചൂഷണത്തിനിരയായ അനുഭവം വെളിപ്പെടുത്തിയത് നിർവ്വികാരതയോടെയായിരുന്നു. മാതാപിതാക്കളുടെ കണ്ണുവെട്ടിക്കുന്ന 'കസിൻ', 'അങ്കിൾ' ബന്ധങ്ങൾ ഒരു വലിയ ശതമാനം ലൈംഗിക ചൂഷണോപാധികളാണ്. കൗമാരവും, യൗവ്വനവും തുച്ഛീകരിക്കപ്പെടുന്ന ഇത്തരം അപകടങ്ങൾ ഗൃഹാന്തരീക്ഷത്തിൽ ഉണ്ടാകാതെ സൂക്ഷിക്കുന്നതിൽ മാതാപിതാക്കൾ ബദ്ധശ്രദ്ധാലുക്കളാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസകാലഘട്ടത്തിൽ ഉടലെടുക്കാൻ സാധ്യതയുള്ള പലതരം അനാരോഗ്യകരമായ ബന്ധങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും വ്യക്തമായ ബോധ്യം ഉണ്ടായിരിക്കണം. ആവോളം സ്നേഹവും വാത്സല്യവും വാരിക്കോരി കൊടുത്ത് വളർത്തപ്പെട്ട മക്കൾ യൗവ്വനാരാംഭത്തിൽ അപരിചിതരെപ്പോലെ 'ബോധിച്ച' പങ്കാളിയോടൊപ്പം ഇറങ്ങിപ്പോവുകയോ, കോടതി മുറിയിൽ വച്ച് 'അവർ' എന്നെ പീഢിപ്പിക്കുന്നു എന്ന് പറഞ്ഞ് കുറ്റം വിധിക്കുകയോ ചെയ്യുമ്പോൾ ഗർഭത്തിൽ വഹിച്ചതും നൊന്തുപ്രസവിച്ചതും ഇതിനെ തന്നെയോ എന്ന അതിഭയാനകമായ സംശയം ആയിരം വിഷസർപ്പങ്ങളെ പോലെ പത്തിവിടർത്തും. ''വിഷസർപ്പത്തിനു വിളക്കുവയ്ക്കുന്ന'' അനുഭവം ആകരുത് 'പേരന്റിംഗ്' അഥവാ സന്താനപരിപാലനം.

ഭാരതത്തിലെ, പ്രത്യേകിച്ച്, കേരളത്തില സാമ്പത്തിക–ആദ്ധ്യാത്മിക സാമൂഹിക മൂല്യ ബോധത്തിൽ കടന്നുകൂടിയ വൈകൃതങ്ങളാണ് ഈ സ്ഥിതിവിശേഷത്തിനു കാരണം. 'സ്വകാര്യത' എന്ന സങ്കല്പം പൊളിച്ചെഴുതി എന്തും ഏതും എങ്ങനെയും പരസ്യമായി ചിത്രീകരിക്കുകയും ചർച്ചചെയ്യപ്പെടുകയും ആകാം എന്ന ധാരണ നമ്മുടെ മാധ്യമസംസ്കാരത്തിന്റെകൂടി സൃഷ്ടിയാണ്. 'പാവനം', 'നിർമ്മലം', 'സ്വകാര്യം', 'നിഷ്ക്കളങ്കം', എന്നിങ്ങനെ കുടുംബബന്ധങ്ങളിലും, സമൂഹജീവിതത്തിലും വിലമതിക്കപ്പെട്ടിരുന്ന പലതും പുറംന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. അതീവഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ സമൂഹം പൊയ്ക്കൊണ്ടിരിക്കുന്നു. ആദ്ധ്യാത്മിക–സാസ്കാരിക മേഖലയിലുള്ളവർക്ക് ഏറെ ബാദ്ധ്യതയുണ്ട് ഇതിനെതിരെ പ്രതികരിക്കുവാൻ; അതിലും ഏറെ പ്രവൃത്തിപഥത്തിൽ വരുത്തുവാൻ കഴിയുന്ന മണ്ഡലം കുടുംബവും, ഗൃഹാന്തരീക്ഷവുമാണ്. മാതാപിതാക്കൾ ശ്രദ്ധയോടെ, ആദ്ധ്യാത്മികതയിൽ ഊന്നിയ ജീവിത ശൈലിയ്ക്ക് പ്രാധാന്യം നൽകി തങ്ങളുടെ കുട്ടികളെ വളർത്തേണ്ടിയിരിക്കുന്നു.

'ഫലപ്രദമായ മുന്തിരിവള്ളിപോലെയുള്ള
ഭാര്യയും,
മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയുള്ള
മക്കളും!'

വി. വേദപുസ്തകം വിഭാവനം ചെയ്യുന്ന അനുഗ്രഹീതനായ പുരുഷന്റെ അനുഭവം! "നഗരവാതിൽക്കലെ ശത്രുക്കളുടെ" മുമ്പിൽ പുതിയ തലമുറ തലകുനിക്കാതിരിക്കണമെങ്കിൽ അതിനാവശ്യമായ ആത്മീയ ഊർജ്ജം ഗൃഹാന്തരീക്ഷത്തിൽ നിന്ന് ആർജ്ജിച്ചെടുക്കുവാൻ കഴിയണം. പരിശുദ്ധ സഭയുടെ അതീവ ശ്രദ്ധ ആവശ്യമായിരിക്കുന്ന മറ്റൊരു മേഖല.

**ഡോ. സഖറിയാ മാർ അപ്രേം**

ഗുരുമൊഴി



നമ്മുടെ ഉൾക്കണ്ണുകൾകൊണ്ട് ദൈവത്തെ കണ്ട് ദൈവത്തിങ്കലേക്ക് നോക്കുന്നിടത്തോളം കാലം ഒരു ദോഷവും നമ്മോട് അടുക്കുകയില്ല. സകല ദോഷത്തിൽ നിന്നും അവൻ നമ്മെ കാത്തുകൊള്ളും. നമുക്ക് ആപത്തുണ്ടായാലും രോഗം ഉണ്ടായാലും ദാരിദ്ര്യം ഉണ്ടായാലും നമ്മുടെ കണ്ണ് ദൈവത്തിൽ നിന്ന് പറിക്കാതെ ജീവിക്കുന്നിടത്തോളം കാലം നമുക്ക് യാതൊരു ദോഷത്തെയും ഭയന്നിട്ടു കാര്യമില്ല.

– **വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്**

# കൃപയുടെ നീർച്ചാലുകളായി മെത്രാഭിഷേകം

- ഏഴു മേല്പട്ടക്കാർ കൂടി ഇടയശ്രേഷ്ഠ വൃന്ദത്തിലേക്ക്
- ഭക്തിയിൽ ജനസമൂഹം നിർന്നിമേഷരായി
- പരിശുദ്ധ ദിദിമൊസ് ബാവായ്ക്ക് റിക്കോർഡ്

മലങ്കരസഭയുടെ ചരിത്രത്തിലെ അത്യപൂർവ്വതകളിലൊന്ന്, അസുലഭനിമിഷങ്ങൾ... 2010 മെയ് 12 സമയം രാവിലെ 5.30–ന് പ. സഭയിലെ അഭി. മെത്രാപ്പോലീത്തമാരോടൊപ്പം ഉദയസൂര്യന്റെ മഹാശോഭയോടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ കാതോലിക്ക ബാവാ തിരുമേനി പ. മദ്ബഹായിലേക്ക് എഴുന്നെള്ളി. ഉച്ചസ്വരത്തിൽ ആർക്കുന്ന വിശ്വാസികളുടെ പ്രാർത്ഥനപോലെ അജഗണങ്ങളുടെ നല്ല വാഴ്‌വിനായി നിയോഗിക്കപ്പെട്ട മലങ്കരയുടെ തപോബലം.

പ്രാർത്ഥനകൾ ആരംഭിച്ചു, തുടർന്ന് പ. ബാവാ തിരുമേനിയുടെയും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ തിരുമേനിയുടെയും കാർമ്മികത്വത്തിൽ വി. കുർബാന ആരംഭിച്ചു. വി. കുർബാന മദ്ധ്യേ നിയുക്തമെത്രാന്മാരായ ഡോ. യൂഹാനോൻ റമ്പാൻ, ഡോ. നഥാനിയേൽ റമ്പാൻ, യാക്കോബ് റമ്പാൻ, യൂഹാനോൻ റമ്പാൻ, ഡോ. സഖറിയാ റമ്പാൻ, ഡോ. ഗീവറുഗീസ് റമ്പാൻ, ഡോ. ഏബ്രഹാം റമ്പാൻ എന്നിവരെ ധ്യാനമുറിയിൽനിന്നും വി. മദ്ബഹായുടെ മദ്ധ്യത്തിലേക്ക് ശിരസ്സിൽ ശോശപ്പായിട്ട് ആനയിക്കുകയും അഭിഷേക ശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു. ശുശ്രൂഷകളുടെ ആദ്യഭാഗം സമാപിച്ചപ്പോൾ ഓർത്തഡോക്സ് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ ബഹു. ഡോ. ജേക്കബ് കുര്യൻ സന്ദേശം നല്കി. പ്രൗഢവും ഗംഭീരവും ലളിതവും സുന്ദരവുമായ പ്രഭാഷണം ശ്രോതാക്കളുടെ ഹൃദയങ്ങളെ തൊട്ടുണർത്തുന്നതായിരുന്നു.

തുടർന്ന് ശുശ്രൂഷയുടെ രണ്ടാം ഭാഗമായി പ. സഭയോടും സഭാ പരമാദ്ധ്യക്ഷനോടും വിശ്വാസവും വിധേയത്വവും പ്രഖ്യാപിക്കുന്ന ‘ശൽമൂസ’ (ഉടമ്പടി) പ്രസ്താവന ഏഴുപേരും വായിച്ച് ഒപ്പിട്ടുനല്കി. സുദീർഘങ്ങളായ പ്രാർത്ഥനകളുടെയും സുന്ദരഗീതങ്ങളുടെയും സങ്കീർത്തനങ്ങളുടെയും മുഴക്കം അന്തരീക്ഷത്തെ സ്വർഗ്ഗസമാന

## അഭിനവ മെത്രാന്മാരുടെ നാമങ്ങൾ

**ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്**
(ഡോ. യൂഹാനോൻ റമ്പാൻ/ഫാ. ഡോ. ജോൺ മാത്യൂസ്)

**ഡോ. യൂഹാനോൻ മാർ തേവോദോറോസ്**
(ഡോ. നഥാനിയേൽ റമ്പാൻ/ഫാ. ജി. ജോൺ)

**യാക്കോബ് മാർ ഏലിയാസ്**
(യാക്കോബ് റമ്പാൻ/ഫാ. വി. എം. ജെയിംസ്),

**ജോഷ്വാ മാർ നിക്കോദിമോസ്**
(യൂഹാനോൻ റമ്പാൻ/ഫാ. ജോൺസൺ),

**ഡോ. സഖറിയാ മാർ അപ്രേം**
(ഡോ. സഖറിയാ റമ്പാൻ/ഫാ. ഡോ. സാബു കുറിയാക്കോസ്)

**ഡോ. ഗീവറുഗീസ് മാർ യൂലിയോസ്**
(ഡോ. ഗീവറുഗീസ് റമ്പാൻ/ഫാ. ഡോ. ജോർജ് പുലിക്കോട്ടിൽ),

**ഡോ. ഏബ്രഹാം മാർ സെറാഫിം**
(ഡോ. ഏബ്രഹാം റമ്പാൻ/ഫാ. ഡോ. വി. എം. ഏബ്രഹാം)




*നവാഭിഷിക്തർ വിശുദ്ധ മദ്ബഹായിൽ*

മാക്കി. പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥനയിൽക്കൂടിയും പ. ബാവാ തിരുമേനി പട്ടാഭിഷേക പ്രഖ്യാപനം നടത്തി. ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് (ഡോ. യൂഹാനോൻ റമ്പാൻ), ഡോ. യൂഹാനോൻ മാർ തേവോദോറോസ് (ഡോ. നഥാനിയേൽ റമ്പാൻ), യാക്കോബ് മാർ ഏലിയാസ് (യാക്കോബ് റമ്പാൻ), ജോഷ്വാ മാർ നിക്കോദിമോസ് (യൂഹാനോൻ റമ്പാൻ), ഡോ. സഖറിയാ മാർ അപ്രേം (ഡോ. സഖറിയാ റമ്പാൻ), ഡോ. ഗീവറുഗീസ് മാർ യൂലിയോസ് (ഡോ. ഗീവറുഗീസ് റമ്പാൻ), ഡോ. എബ്രഹാം മാർ സെറാഫിം (ഡോ. എബ്രഹാം റമ്പാൻ) എന്നീ പേരുകൾ പ്രഖ്യാപിക്കുകയും തുടർന്ന് അംശവസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തു. അതിനുശേഷം നടന്ന 'സുന്ത്രോണിസോ' ശുശ്രൂഷയ്ക്ക് ഒടുവിൽ അംശവടി നല്കി. തുടർന്ന് നവാഭിഷിക്തരായ മെത്രാപ്പോലീത്തന്മാർ പ. കാതോലിക്കാ ബാവായുടെ കൈമുത്തി. പിന്നീട് അംശവടി ഉയർത്തി വിശ്വാസിസമൂഹത്തെ

ഇത്തവണത്തെ മേൽപട്ട വാഴ്ചയോടെ അലക്സന്ത്രിയായിലെ 12–ാമത്തെ മെത്രാനായ (189–232) പോപ്പ് ദിമെത്രയോസ്, അന്ത്യോഖ്യായിലെ സന്യാസി പട്ടക്കാരനും സഹദായുമായ തേവോദോറോസ് (+362), ഏലിയാ നിബി/ഏലിയാസ് എന്നു പേരുള്ള സഭാ പിതാക്കന്മാർ, യേശു ക്രിസ്തുവിന്റെ രഹസ്യ ശിഷ്യനായ നിക്കോദീമോസ്, സുറിയാനി മൽപാനും, കവിയും സന്യാസി ശെമ്മാശനുമായ അപ്രേം (306–373), റോമിലെ 35–ാമത്തെ എപ്പിസ്കോപ്പായും (337–352) വി. കുർബാന തക്സാകളിൽ ഒന്നിന്റെ കർത്താവുമായ പോപ്പ് യൂലിയോസ്, സാരോവിലെ (റഷ്യ) വി. സെറാഫിം (1759–1833) എന്നിവരുടെ സ്മരണ നിലനിൽക്കും.

## സന്ദർശകക്കുറിപ്പുകൾ...



ആശിർവദിച്ചു. യൂഹാനോൻ മാർ ദിമെത്രയോസ് വി. കുർബാന പൂർത്തീകരിച്ചു. സ്ഥാനാഭിഷേക ശുശ്രൂഷയിൽ പ. സഭയിലെ എല്ലാ മേൽപട്ടക്കാരും സംബന്ധിച്ചു. ആയിരത്തിലേറെ വൈദികരും സിസ്റ്റേഴ്സും വൈദികവിദ്യാർത്ഥികളും പങ്കെടുത്തു. വിശ്വാസികളുടെ അച്ചടക്കവും സംഘാടകരുടെ ക്രമീകരണങ്ങളും അനുഗ്രഹപ്രദമായിരുന്നു. ആതിഥേയത്വം വഹിച്ച ഏലിയാ കത്തീഡ്രലും വികാരി ബഹു. മോഹൻ ജോസഫ് അച്ചനും വിവിധ കമ്മിറ്റികളിലെ അംഗങ്ങളും അഭിനന്ദനം അർഹിക്കുന്നു. ■

# സ്വപ്നങ്ങൾ



**നവാഭിഷിക്തരായ മെത്രാപ്പോലീത്തന്മാരെക്കുറിച്ച് സഭാ മക്കളുടെ സ്വപ്നമെന്താണ്. വളരെയേറെ കത്തുകൾ ഞങ്ങൾക്കു ലഭിച്ചു. സ്ഥലപരിമിതി മൂലം ചുരുക്കം ചിലതു മാത്രം പ്രസിദ്ധീകരിക്കുന്നു.**

## ദൈവസ്നേഹത്തിലൂടെ സമവായങ്ങൾ

**വിംഗ് കമാണ്ടർ സി.ഒ. ജോൺ**

(i) ഏതൊരു പ്രശ്നങ്ങളും വഴക്കിനും വ്യവഹാരത്തിനും വഴിവെക്കാതെ സമവായത്തിലൂടെ ദൈവസ്നേഹത്തിൽ പരിഹാരം കാണാൻ ശ്രമിക്കുക.

(ii) രാഷ്ട്രീയവും സാമൂഹികവുമായ കാര്യങ്ങളിൽ ആവശ്യം ഇല്ലാതെ ഇടപെടാതിരിക്കുക.

(iii) തിരുമേനിമാർ ആത്മീയനേതൃത്വത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക. മറ്റു കാര്യങ്ങൾ അതിന് ഉത്തരവാദപ്പെട്ടവർക്കു വിടുക.

(iv) പണക്കാരുടെയും സമ്പന്നന്മാരുടെയും മാത്രം വിവാഹങ്ങളിലും ശവസംസ്കാരാദിചടങ്ങുകളിലും പങ്കെടുക്കുന്ന ഇന്നത്തെ രീതി മാറ്റുക. തിരുമേനിമാർ വിവാഹാദികളിൽ പങ്കെടുക്കാതിരിക്കുക. അത് വികാരി അച്ചന്മാർക്കു വിട്ടുകൊടുക്കുക.

(v) വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകളിലും പ്രവേശന നിയമനങ്ങളിലും തിരുമേനിമാർ ഇടപെടാതിരിക്കുക. കാശുവാങ്ങി തിരുമേനി സീറ്റു വിറ്റു എന്ന അപകീർത്തികൾ കേൾക്കാതിരിക്കട്ടെ.

(vi) പള്ളികൾ സന്ദർശിക്കുമ്പോഴും മറ്റ് അവസരങ്ങളിലും പള്ളിപ്രമാണിമാരുമായും സമ്പന്നരുമായും മാത്രം സംസാരിക്കുന്ന സ്ഥിതി മാറണം. എല്ലാവരെയും ഒന്നുപോലെ കാണാനും സാധാരണക്കാരും പാവങ്ങളുമായ വിശ്വാസികളുമായും ആശയവിനിമയത്തിന് സമയം കണ്ടെത്തണം.

(vii) ആവശ്യങ്ങൾക്ക് സാധാരണക്കാർക്ക് തിരുമേനിമാരെ സമീപിക്കാനുള്ള ഭീതി മാറ്റണം. പലപ്പോഴും അച്ചന്മാർ സാധാരണക്കാരെ പേടിപ്പിച്ചു വിടുകയാണ്.

(viii) കൂടുതൽ സംഭാവന നല്കുന്നവരെ തിരുമേനിമാർ പാടിപ്പുകഴ്ത്തുന്ന അനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അത് മാറണം.

(ix) ചുവന്ന കുപ്പായവും അംശവടിയും കിട്ടിയാൽ അത് ആഡംബരകാറുകളിൽ പാറി നടക്കാനുള്ള പദവിയായി മാത്രം കണക്കാക്കരുത് എന്ന് അപേക്ഷിക്കുന്നു.

ശാലീനതയും സൗമ്യതയും, ദൈവഭക്തിയുമുള്ള ആത്മീയ ശ്രേഷ്ഠരാണ് പുതിയതായി അഭിഷിക്ഷിക്തരായിരിക്കുന്നത് എന്ന വിശ്വാസം ജനങ്ങൾക്ക് ഉണ്ട്. അതു നിലനിർത്തുവാൻ സർവ്വശക്തനായ ദൈവം അവരെ ബലപ്പെടുത്തട്ടെ.

# എപ്പിസ്ക്കോപ്പൽ നാമങ്ങൾ

**വർഗീസ് ജോൺ, തോട്ടപ്പുഴ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ അറിയപ്പെടുന്ന മൂന്നാമത്തെ 'മാർ യൂലിയോസ്' ആണ് നവാഭിഷിക്തനായ പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസ്. 'ഗീവർഗീസ് മാർ യൂലിയോസ്' എന്നു തന്നെ അറിയപ്പെടുന്ന രണ്ടാമനാണ് അദ്ദേഹം. തുമ്പമൺ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ (1876 ഡിസംബർ 3–1884 മാർച്ച് 21) കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് ആണ് ഒന്നാമൻ. സിലോൺ, ഗോവാ, ഇന്ത്യാ ഇടവകകളുടെ മെത്രാപ്പോലീത്തായും (1889 ജൂലൈ 29–1923 സെപ്റ്റംബർ 23) ഗോവൻ സ്വാതന്ത്ര്യ സമരത്തിന്റെ നേതാവുമായിരുന്ന അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാറീസ് മാർ യൂലിയോസ് ആണ് രണ്ടാമൻ.

യാക്കോബായ വിഭാഗത്തിൽ അന്ത്യോഖ്യൻ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് (1923–1962), യാക്കോബ് മാർ യൂലിയോസ് (1975–1992), കുറിയാക്കോസ് മാർ യൂലിയോസ് (1998–), സീറോ–മലങ്കര റീത്തിൽ ഏബ്രഹാം മാർ യൂലിയോസ് (2008–)എന്നിവരുണ്ട്.

'മാർ അപ്രേം' എന്ന എപ്പിസ്കോപ്പൽ നാമം ലഭിച്ച മലങ്കര സഭയിലെ ആദ്യത്തെ മേൽപട്ടക്കാരനാണ് സഖറിയാസ് മാർ അപ്രേം. എന്നാൽ കേരള ക്രൈസ്തവ ചരിത്രത്തിൽ നാലാമനാണ് അദ്ദേഹം. ഫാ. ജോർജ് ഡേവിഡ് മൂക്കൻ 1968 ൽ അസിറിയൻ (കൽദായ) സഭയുടെ ഇന്ത്യയുടെ മെത്രാപ്പോലീത്താ (തൃശൂർ) ആയപ്പോൾ 'മാർ അപ്രേം' എന്ന പേരാണ് ലഭിച്ചത്. സീറോ–മലങ്കര റീത്തിലെ ലോറൻസ് മാർ അപ്രേം (1980–1997), യാക്കോബായ വിഭാഗത്തിലെ മാത്യൂസ് മാർ അപ്രേം (2006– ) എന്നിവരാണ് മറ്റുള്ളവർ.

'മാർ ഏലിയാസ്' എന്ന് എപ്പിസ്കോപ്പൽ നാമം ലഭിച്ച കേരളത്തിലെ ആദ്യത്തെ മേൽപട്ടക്കാരനാണ് യാക്കോബ് മാർ ഏലിയാസ്. എന്നാൽ ഈ പേര് വ്യക്തിനാമമായുള്ള മറ്റു മേൽപട്ടക്കാരുണ്ട്.

സഖറിയാസ് മാർ അപ്രേം, ഏബ്രഹാം മാർ സെറാഫിം എന്നിവർക്ക് പരമ്പരാഗത ശൈലിയിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള എപ്പിസ്കോപ്പൽ നാമങ്ങളാണ് ലഭിച്ചത്. 'സ്' എന്ന ശബ്ദത്തിൽ അവസാനിക്കുന്നപേരുകളാണ് ഇതുവരെയും മേൽപട്ടക്കാർക്ക് നൽകിയിരുന്നത്. കോപ്റ്റിക്, ഗ്രീക്ക്, റഷ്യൻ സഭകളിൽ 'സെറാഫിം' എന്ന പേരുണ്ട്. ഒരു മാലാഖവൃന്ദത്തിന് ഈ പേരുണ്ട്. (യെശ. 6:2)

തേവോദോറോസ് ഒഴികെയുള്ള പേരുകൾ ബൈബിളിൽ കാണാവുന്നതാണ്. അഞ്ചാം തുബ്ദേനിൽ പേരു പറഞ്ഞിരിക്കുന്ന പിതാക്കന്മാരിൽ യൂലിയോസും അപ്രേമും ഉൾപ്പെടുന്നു. വലിയ നോമ്പിലെ ഒന്നാം ശനിയാഴ്ച അപ്രേം, തേവോദോറോസ് എന്നിവരെയും ജൂലൈ 20–ന് ഏലിയാ നിബിയായെയും നാം സ്മരിക്കുന്നു. ഇവരുടെ നാമത്തിൽ മലങ്കരസഭയിൽ ദൈവലയങ്ങളുണ്ട്. മാർ തേവോദോറോസ് സഹദായുടെ നാമത്തിൽ മലങ്കര സഭയിലുള്ള ഏക പള്ളി കൊല്ലം ഭദ്രാസനത്തിൽ/ ജില്ലയിൽ പുത്തൂർ മാധവശേരിയിലാണ്. ഈ ഗ്രീക്കു പേരിന്റെ അർത്ഥം 'ദൈവത്തിന്റെ ദാനം' എന്നാണ്.

# കരുതൽ ഉണ്ടാകണം

നമ്മുടെ പുതിയ മെത്രാപ്പോലീത്തമാരെപ്പറ്റി വലിയ സ്വപ്നങ്ങൾ ഒന്നുമില്ല. മാർത്തോമ്മാ സഭയിൽനിന്ന് ഓർത്തഡോക്സ് സഭാ വിശ്വാസം സ്വീകരിച്ച ഒരു എളിയ സഭാംഗമായ എനിക്ക് ലളിതമായ ആഗ്രഹങ്ങൾ മാത്രം!

- ഒരു കത്തയച്ചാൽ രണ്ടു വാക്കിലെങ്കിലും ഒരു മറുപടി കിട്ടിയാൽ കിട്ടുന്ന ആത്മനിവൃതി പറഞ്ഞറിയിക്കാൻ പ്രയാസമാണ്. (പല തരത്തിലുള്ള കത്തുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കിവെച്ചാൽ നിസ്സാരമായി ചെയ്യാവുന്ന കാര്യമാണിത്).
- ഒരു അയ്മേനി സഭയ്ക്കുവേണ്ടി എന്തെങ്കിലും നല്ലത് ചെയ്താൽ ഒരു ചെറു പുഞ്ചിരി, ഒരു encouraging word.
- ഭദ്രാസനത്തിലെ പാവപ്പെട്ട ഇടവകകളോട് ഒരു പ്രത്യേക കരുതൽ. അവിടെയും വല്ലപ്പോഴും വിവാഹ ശുശ്രൂഷയും ശവസംസ്കാരവും ആകാം.
- എല്ലാത്തിനും ഉപരിയായി ഒരു കാര്യത്തിൽ എനിക്ക് നിർബന്ധമുണ്ട്: മറ്റു സഭകളിലെ ഇടയന്മാരുടെ പ്രീതിക്ക് പാത്രമാവാൻ സ്വന്തം ആടുകളെ സത്യവിശ്വാസം പഠിപ്പിക്കാതെ ഉപേക്ഷിക്കരുത്. (വലിയ സഭയെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു സഭ വളരെ വിജയകരമായി ഈ തന്ത്രം നമ്മുടെ സഭയിൽ നടത്തിക്കൊണ്ടിരിക്കുന്നു). ഇത് എനിക്ക് പൊറുക്കാൻ സാധിക്കില്ല, ഒരിക്കലും. ക്ഷമിക്കണം.

**റെനി ഫിലിപ്പ്, പാലാരിവട്ടം**

# കൂദാശ മാത്രമാകരുത്

മെത്രാപ്പോലീത്തന്മാരുടെ പ്രധാന വരുമാനം കൂദാശകൾ നടത്തി ലഭിക്കുന്നതിൽ കൂടെയാണ്. (വിവാഹം, മാമ്മോദീസ, ഓർമ്മക്കുർബ്ബാനകൾ, ഭവനകൂദാശ മുതലായവ). മെത്രാപ്പോലീത്ത കൂദാശകൾ നടത്തുവാൻ മാത്രം വാഴിക്കപ്പെട്ടവരാണോ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഈ ഒരു അവസ്ഥാവിശേഷം മാറേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ കർമ്മങ്ങൾ നടത്തുവാൻ സമീപിക്കുന്നവരെ നിരുത്സാഹപ്പെടുത്തി വൈദികർ ഇവകൾ നടത്തി തരും എന്ന് പറയുവാൻ സാധിക്കുമോ? ഇപ്രകാരമായാൽ ഭദ്രാസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും, ജനങ്ങളുമായി അടുത്തിടപ്പെടുവാനും സമയം കണ്ടെത്തുമല്ലോ. അതോടൊപ്പം മെത്രാപ്പോലീത്തന്മാർക്ക് പ്രതിമാസ ശമ്പളം എന്ന വ്യവസ്ഥിതി കൊണ്ടുവരേണ്ടതും ആവശ്യമാണ്. ഒരു മെത്രാപ്പോലീത്തായുടെ status അനുസരിച്ച് കുറഞ്ഞത് അമ്പതിനായിരം രൂപയെങ്കിലും പ്രതിമാസം കൊടുക്കേണ്ടതുമാണ്.

**ഫാദർ ജേക്കബ് ഫിലിപ്പ്,**
മാനേജിംഗ് കമ്മിറ്റിയംഗം
അമേരിക്കൻ ഭദ്രാസനം

പ്രസംഗം

**പറകൊണ്ട് മൂടപ്പെടാതെ
കരിന്തിരി കത്താതെ**

# ഉയരപ്പെട്ടവന്റെ കൈയിലെ നക്ഷത്രങ്ങൾ

(**2010 മെയ് 12ന്** കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടന്ന മെത്രാഭിഷേകമദ്ധ്യേ, വൈദിക സെമിനാരി വൈസ് പ്രിൻസിപ്പാൾ **ഫാ. ഡോ. ജേക്കബ് കുര്യൻ** നടത്തിയ പ്രഭാഷണം)



മലങ്കരസഭയ്ക്ക് ഇത് ധന്യതയുടെ നിമിഷം. ചരിത്രപ്രധാനമായ എം. ഡി. സെമിനാരി കാമ്പസിനും, അതിന്റെ അനുഗ്രഹസ്രോതസ്സായ മാർ ഏലിയാകത്തീഡ്രലിനും, ഇത് മറ്റൊരു ചരിത്രസംഭവം. 2010 ഫെബ്രുവരി 17–ാം തീയതി, ശാസ്താംകോട്ട മലങ്കര അസോസിയേഷന്റെ മനോഹര ഉദ്യാനത്തിൽ വച്ച് സഭമുഴുവനും തൊട്ടുതിരഞ്ഞെടുത്ത ഏഴു പൂമൊട്ടുകൾ, സഭാസേവനത്തിന്റെ വാടാമലരുകളായി ഇവിടെയിതാ വിരിയുന്നു. അങ്ങനെ, ആഗോള പൗരസ്ത്യ ശ്ലൈഹിക സഭയും, ഭാരതത്തിന്റെ ദേശീയ സഭയുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടയശ്രേഷ്ഠന്മാരുടെ ഗണത്തിലേക്ക് ഏഴുപേർകൂടി ചേർക്കപ്പെടുന്നു.

ഇതോടെ, പരിശുദ്ധ കാതോലിക്കാബാവായെ കൂടാതെ, മലങ്കര ഓർത്തഡോക്സ് സഭയിലെ മേല്പട്ടക്കാരുടെ എണ്ണം 32 ആകുന്നു. പരിശുദ്ധ ബസേലിയോസ്സ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവ പ്രധാന കാർമ്മികത്വം വഹിക്കുന്ന ഈ രണ്ടാമത്തെ മേല്പട്ടവാഴ്ചയോടെ, മലങ്കരസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ എപ്പിസ്ക്കോപ്പന്മാരെ, അതായത് ആകെ പതിനാലുപേരെ, വാഴിച്ച ബഹുമതിയും പരി. പിതാവിന് സ്വന്തമാവുകയാണ്.

പത്തോളം മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷനുകളും, രണ്ട് കാതോലിക്കാ വാഴ്ചകളും, രണ്ടു മൂന്നവസരങ്ങളിലായി പന്ത്രണ്ടോളം മെത്രാന്മാരുടെ വാഴ്ചയും നടന്ന മണ്ണാണ്, ഈ മാർ ഏലിയാ കത്തീഡ്രൽ ഉൾക്കൊള്ളുന്ന എം. ഡി. സെമിനാരി പരിസരം. കോട്ടയം മാർ ഏലിയാ കത്തീഡ്രൽ എന്ന, മലങ്കരമെത്രാപ്പോലീത്തൻ–കത്തീഡ്രൽ അങ്കണം, മലങ്കരസഭയുടെ ചരിത്രമുറങ്ങുന്ന മണ്ണാണ്. പാശ്ചാത്യലോകത്ത്, ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനം രൂപമെടുക്കുന്നതിനും മുമ്പ് കാത്തോലിക്കാ–ഓർത്തഡോക്സ് എക്യുമെനിക്കൽ സംരംഭത്തിന് ആരംഭമിട്ട മണ്ണാണിത്. മലങ്കരമെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ

ദീവന്നാസ്യോസ് രണ്ടാമനും, കത്തോലിക്കാ വൈദികനായ നിധീരിക്കൽ മാണിക്കത്തനാരും ചേർന്ന് 1888ൽ തുടക്കമിട്ട നസ്രാണി ഐക്യസംഘത്തിന്റെ കർമ്മഭൂമിയാണിത്. ഈ മണ്ണും ഈ ദേവാലയവും, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ തിരുമേനിയുടെ പ്രാർത്ഥനാപൂർവ്വമായ സഭാദർശനത്തിന്റെ അമരസാക്ഷ്യമാണ് എന്നതുകൊണ്ട്, ആ പിതാവിന്റെ ചരമശതാബ്ദി വർഷമായ ഈ 2010ൽ ഇവിടെ നടക്കുന്ന ഈ മഹാസംഭവത്തിന് ഒരു ശതവർണ്ണശോഭയുണ്ട്. 1895ൽ പ. പരുമല തിരുമേനി ഊർശ്ലേം യാത്ര നടത്തിയപ്പോൾ, കടൽക്ഷോഭത്തിൽ നിന്ന് മാർ ഏലിയാ ദീർഘദർശിയുടെ മധ്യസ്ഥതയിൽ രക്ഷപെട്ടതിന്റെ സ്തോത്രക്കാഴ്ചയായി, പുലിക്കോട്ടിൽ തിരുമേനിയും പരുമലതിരുമേനിയും ചേർന്ന് കൂദാശ ചെയ്ത് ഏലിയാ ദീർഘദർശിയുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ഈ ദേവാലയം ഈ മേല്പട്ടവാഴ്ച്ചയ്ക്ക് വേദിയായത് ദൈവനിയോഗം. ഉജ്ജ്വല താപസിയായിരുന്ന ഏലിയാ ദീർഘദർശി, കർമ്മേൽ മലമേൽ നിലവിളിച്ചു പറഞ്ഞ 'അനിൻമൊറിയോ' ഇന്നിവിടെ, മഹാതാപസനായ പരി. ബാവാ തിരുമേനിയുടെയും സഹകാർമ്മിക മെത്രാപ്പോലീത്തന്മാരുടെയും ഏഴ് മേല്പട്ടസ്ഥാനികളുടെയും, നാമെല്ലാവരുടെയും ആത്മഗീതിയായി പരിണമിച്ചിരിക്കുന്നു.

ഈ മേല്പട്ടസ്ഥാനാഭിഷേകം ഒരിക്കൽക്കൂടി മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയശീർഷകത്വത്തിന്റെയും പ്രഖ്യാപനമാണ്. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് ഒന്നാം നൂറ്റാണ്ടിൽ നമ്മുടെ പിതാക്കന്മാർക്കു കിട്ടിയ സമ്പൂർണ്ണ പൗരോഹിത്യ നൽവരം എപ്പിസ്ക്കോപ്പൽ കൈവയ്പിലൂടെ തലമുറകളിലേക്ക് തുടരുന്നു. ആക്ഷരികമായി, "അഭിഷേകം" എന്ന പദപ്രയോഗം, തൈലം കൊണ്ടുള്ള ലേപനത്തെ സൂചിപ്പിക്കുന്നു എങ്കിലും, പരിശുദ്ധാത്മാവിന്റെ അദൃശ്യവും അതിശക്തവു മായ ആവാസ അഭിഷേകത്തെയാണ് 'മെത്രാഭിഷേകം' സൂചിപ്പിക്കുന്നത്. ഒരു എപ്പിസ്ക്കോപ്പാ അഥവാ 'അദ്ധ്യക്ഷൻ', അഥവാ അക്ഷരാർത്ഥപ്രകാരം 'മേൽവിചാരകൻ', യേശുക്രിസ്തുവിന്റെ പ്രതീകാത്മക സാന്നിദ്ധ്യമാണ്. മറ്റൊരുവിധത്തിൽ, യേശുക്രിസ്തുവാകുന്ന നിത്യമഹാപുരോഹിതന്റെ കൗദാശികസാന്നിദ്ധ്യത്തിന്റെ പൂർണ്ണരൂപമാണ് എപ്പിസ്ക്കോപ്പ.

> "
> **ഇവരുടെ മുഖത്ത് സഭയുടെ മുഖം, അവരുടെ വാക്കുകളിൽ സഭയുടെ ശബ്ദം, അവരുടെ ചിന്തയിൽ സഭയുടെ ഹൃദയവും**

അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് നൂറോനോ, ഒന്നാം നൂറ്റാണ്ടിന്റെ അവസാനം, സ്മിർണയിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ പറയുന്നു, "സഭയുടെ ഐക്യം എപ്പിസ്ക്കോപ്പായിൽ പ്രകാശിക്കുന്നു. എപ്പിസ്ക്കോപ്പാ സഭയിൽ ക്രിസ്തുവിന്റെ പ്രതീകം ആണ്". എപ്പിസ്ക്കോപ്പാ, 'മെത്രാപ്പോലീസ്' അഥവാ പ്രധാനപട്ടണത്തിന്റെ ആത്മീയ ചുമതലക്കാരൻ ആകുമ്പോൾ, "മെത്രാപ്പോലീത്ത" എന്ന് വിളിക്കപ്പെടുന്നു. ഇന്നത്തെ മേല്പട്ടസ്ഥാനാർത്ഥികൾ യേശുതമ്പുരാന്റെ പ്രതീകങ്ങളാകുവാൻ തക്കവണ്ണം നമുക്കേറ്റവും അഭിമാനിക്കത്തക്കവരും, ഈ സ്ഥാനത്തിന് സർവ്വദാ യോഗ്യരുമാണ്.

നമുക്കായി ക്രിസ്തുവിന്റെ പ്രതീകങ്ങളും, സഭയുടെ മണവാളന്മാരും, വേറൊരർത്ഥത്തിൽ സഭയുടെ രാജകുമാരന്മാരും ആണ്. ഇവരുടെ മുഖത്ത് സഭയുടെ മുഖം, അവരുടെ വാക്കുകളിൽ സഭയുടെ ശബ്ദം, അവരുടെ ചിന്തയിൽ സഭയുടെ ഹൃദയവും നമുക്ക് അനുഭവിക്കാം. സഭാസേവനത്തിനായി അവർ തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് നമ്മോടിന്നു പറയുന്നു. 'ഇതാണെന്റെ വിശ്വാസം, ഇതാണെന്റെ രക്തം, എടുത്തുകൊൾക' എന്ന്.

നമുക്കിത് ആത്മബലിയുടെ *ഗത്സമെന* ആണ്. ദൈവംതമ്പുരാന് നമ്മെക്കുറിച്ചുള്ള ഇഷ്ടമനുസരിച്ച് നമ്മുടെ സ്വപ്നങ്ങളും സങ്കല്പങ്ങളും രൂപാന്തരപ്പെടേണ്ട, *താബോറാണ്* നമുക്കിത്. ഒരു വർഷം കൂടി കഴിയുമ്പോൾ, കൃത്യമായി പറഞ്ഞാൽ 2012ൽ, കാതോലിക്കേറ്റിന്റെ മലങ്കരയിലെ പുന:ക്രമീകരണത്തിന്റെ ശതാബ്ദിയുടെ *യുഗസംഗമമാണ്* നമുക്കിത്. ഈയവസരത്തിൽ നമുക്ക് എളിമയോടെ *ദൈവവചനത്തിലേക്ക്* നമ്മുടെ ശ്രദ്ധയെ തിരിക്കാം. സഭയ്ക്കുമുഴുവനുമായും നവാഭിഷിക്തരാകുന്ന ശ്രേഷ്ഠഇടയന്മാർക്ക് പ്രത്യേകമായും ദൈവവചനം ഇന്ന് നമ്മോട് സംസാരിക്കേണ്ടി യിരിക്കുന്നു.

### *ഏഴുപൊൻ നിലവിളക്കുകൾ! ഏഴു നക്ഷത്രങ്ങൾ!*

ഈ വിശേഷണങ്ങൾക്കാധാരമായ ദൈവവചനത്തി ലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കാം. വെളിപാടു പുസ്തകം ഒന്നാം അദ്ധ്യായം 12 മുതൽ 16 വരെയുള്ള വാക്യങ്ങൾ "എന്നോടു സംസാരിച്ച നാദം എന്തു എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ *ഏഴു പൊൻ നിലവിളക്കുകളെയും,* നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശ്യനായവനെയും കണ്ടു. അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും, കണ്ണു അഗ്നിജ്വാലക്കു ഒത്തതും, കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യവും, അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചൽ പോലെയും ആയിരുന്നു. അവന്റെ വലങ്കയ്യിൽ *ഏഴുനക്ഷത്രം* ഉണ്ട്. അവന്റെ വായിൽ നിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു"

ഏഷ്യയിലെ ഏഴു പ്രധാന ഇടവകകൾക്ക് അഥവാ സഭകൾക്ക്, പ്രധാന ഇടയനും എപ്പിസ്ക്കോപ്പായും ആയിരുന്നു കർതൃശിഷ്യനായ യോഹന്നാൻ ശ്ലീഹ. റോമാചക്രവർത്തിയായ ഡൊമീഷ്യന്റെ പീഡനത്തിന്റെ ബലിയാടായി പത്മോസ് ദ്വീപിന്റെ ഏകാന്തതയിലേക്ക് അദ്ദേഹം മാറ്റപ്പെട്ടു. പ്രതികൂലങ്ങളുടെ നടുവിൽ തന്റെ ആത്മീയ മക്കൾക്കെന്തു സംഭവിച്ചുവെന്ന ആശങ്കയ്ക്കിടയിൽ, ആശയും ആശ്വാസവും നിറഞ്ഞ ഒരു ദിവ്യദർശനം! ദർശനത്തിലൊരു ഗംഭീരശബ്ദം. ആ ഗംഭീരശബ്ദത്തിന്റെ പശ്ചാത്തലത്തിൽ കമനീയമായ ഒരു ദൃശ്യം. *ഏഴു പൊൻനിലവിളക്കുകൾ. പൊൻ നിലവിളക്കു*

# ഇടയത്വ ശ്രേണിയിലേക്ക്



നവാഭിഷിക്തർ ഇടത്തുനിന്നും: ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. സഖറിയാ മാർ അപ്രേം, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം.

*കളുടെ നടുവിൽ മാറത്തു പൊൻകച്ച കെട്ടിയ മനുഷ്യപുത്രൻ, അഥവാ ദൈവപുത്രനായ യേശുതമ്പുരാൻ. അവന്റെ വലങ്കയ്യിൽ ഏഴുനക്ഷത്രം. അവന്റെ വായിൽ വചനമെന്ന വാളും, അവന്റെ മുഖത്ത് സൂര്യതേജസ്സും.* നിലവിളക്കുകളും നക്ഷത്രങ്ങളും എന്തിന്റെ പ്രതീകങ്ങളാണെന്ന് അടുത്ത ഒരു വാക്യത്തിൽ (ഇരുപതാം വാക്യത്തിൽ) സൂചിപ്പിച്ചിരിക്കുന്നു: "ഏഴു പൊൻനിലവിളക്ക് ഏഴു സഭകൾ ആകുന്നു. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു".

സഭയെക്കുറിച്ച് നൊമ്പരപ്പെടുന്ന ഒരിടയന്റെ ഒരുപിടി സ്വപ്നങ്ങളാണ് വെളിപാടു പുസ്തകം. ആ സ്വപ്നങ്ങളിൽ ഏഴ് എന്ന *പൂർണ്ണതയുടെ* സംഖ്യ അമ്പതിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഏഴ് സഭകൾ, ഏഴ് നക്ഷത്രങ്ങൾ, ഏഴ് നിലവിളക്കുകൾ, ഏഴ് ദൂതന്മാർ, ഏഴ് മുദ്രകൾ, ഏഴ് കാഹളങ്ങൾ ഇങ്ങനെ പലതും അതിലുൾപ്പെടുന്നു. ശുഭകരമായ ഏഴുകളും, അശുഭകരമായ ഏഴുകളും ഉണ്ട്. അവയിൽ "ശുഭത" നൽകുന്ന പ്രതീകങ്ങളിൽപെടുന്നു, നിലവിളക്കുകളും, നക്ഷത്രങ്ങളും. ഏഴുസഭകളിൽ കൂടി സഭയുടെ പൂർണ്ണതയെയും, ഏഴു ദൂതന്മാരിൽകൂടി സഭയുടെ നേതൃത്വത്തെയും, ശുഭകരമായ ഒരു ഭാവിയെ മുൻകണ്ടുകൊണ്ട് വി. യോഹന്നാൻ ദർശിക്കുന്നു. ഒരർത്ഥത്തിൽ സഭയും, സഭയുടെ ദൂതനും ഒരേ യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തിന് നിലവിളക്കെന്നും, നക്ഷത്രമെന്നുമുള്ള വിശേഷണങ്ങൾ ഒരുപോലെ ചേരും.

**ഇന്നിതാ ഇവിടെ, ഏഴു പൊൻ നിലവിളക്കുകൾ**
**ഇന്നിതാ ഇവിടെ, ഏഴു നക്ഷത്രങ്ങൾ**

ഭാവിയുടെ മലങ്കര ഓർത്തഡോക്സ് സഭയും, ആ സഭയുടെ ദൂതന്മാരും. പക്ഷേ ഒരു കാര്യം! നിലവിളക്കുകളെയും നക്ഷത്രങ്ങളെയും മാത്രമല്ല നാമിവിടെ കാണേണ്ടത്. നിലവിളക്കുകളുടെ നടുവിൽ നിൽക്കുന്ന, **മാറത്തു പൊൻകച്ച കെട്ടിയ മനുഷ്യപുത്രനെ** കൂടാതെ നിലവിളക്കുകൾക്കു ശോഭയില്ല, നക്ഷത്രങ്ങൾ കണ്ണുചിമ്മുകയില്ല. അതുകൊണ്ട് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

*കർത്താവേ, ഈ പൊൻ നിലവിളക്കുകളുടെ*
*നടുവിൽ നിന്ന് നീ ഒരു നിമിഷം പോലും*
*മാറിപ്പോകരുതേ. നിന്റെ വലങ്കയ്യിൽനിന്ന്*
*ഈ നക്ഷത്രങ്ങൾ വഴുതിപ്പോകരുതേ.*
*നിന്റെ വായിലെ വാൾ ഇവരുടെ വായിലെ*
*വചനമാകേണമേ. നിന്റെ തിരുമുഖശോഭ,*
*ഇവരുടെ മുഖത്ത് പ്രതിബിംബിക്കേണമേ.*

എപ്പിസ്ക്കോപ്പൽ സൂചനകളായ നിലവിളക്കിന്റെയും നക്ഷത്രത്തിന്റെയും സ്ഥാനത്തേക്ക് വിളിക്കപ്പെട്ടപ്പോൾ, ആ സ്ഥാനത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് തന്നെ സ്വീകരിക്കാൻ ധൈര്യപ്പെടാതെ ഓടിപ്പോയ കഥകൾ ആദിമ സഭയുടെ ചരിത്രത്തിലുണ്ട്. ഇന്നാണല്ലോ അതിന്റെ പിന്നാലെ പലരും നെട്ടോട്ടം ഓടുന്നത്. നാലാം നൂറ്റാണ്ടിൽ നാസിയാൻസിലെ എപ്പിസ്ക്കോപ്പായായിത്തീർന്ന ഗ്രീഗോറിയോസിന് ഇങ്ങനെ ഒരു ഓടിപ്പോക്കിന്റെ ചരിത്രമുണ്ട്. അതേ നൂറ്റാണ്ടിൽ കുസ്തന്തീനോപ്പോലീസിലെ മെത്രാപ്പോലീത്തയായിത്തീർന്ന സ്വർണ്ണനാവുകനായ ഈവാനോയോസിന് ഇങ്ങനെ ഒരു ഓടിപ്പോക്കിന്റെ ചരിത്രമുണ്ട്. പിന്നീട് സഭ അവരെ നിർബന്ധിച്ചു തിരിച്ചുകൊണ്ടുവന്നാണ് സ്ഥാനങ്ങൾ അവരെ ഏല്പിച്ചത്. *എന്തുകൊണ്ടവർ ആദ്യം ഓടിപ്പോയി* എന്ന ചോദ്യത്തിനുള്ള ഉത്തരം അവർതന്നെ എഴുതിയത് നമുക്കു ലഭിച്ചിട്ടുണ്ട്. അവ ഇന്ന് എപ്പിസ്ക്കോപ്പൽ സ്ഥാനത്തിന്റെ അർത്ഥവും പ്രാധാന്യവും വിശദമാക്കുന്ന അമൂല്യവേദശാസ്ത്ര രചനകൾ ആണ്. ആ രചനകൾ

*ശേഷം 42-ാം പേജിൽ*

പ്രകൃതി



# ഓർത്തഡോക്സിയും പരിസ്ഥിതിയും

ഫാ. ജോജി കെ. ജോയി, അടൂർ

**ആമുഖം**

ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. മനുഷ്യന്റെ അമിത ചൂഷണത്തിനു വിധേയമായി സൃഷ്ടി നശിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതി സംരക്ഷണം ഇന്നത്തെ ഏറ്റവും വലിയ ഒരു വെല്ലുവിളിയാണ്. ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിലും, ആരാധനകളിലും പരിസ്ഥിതിയോട് സൗഹൃദഭാവം പുലർത്തണമെന്നും (Eco-friendly attitude) പരിസ്ഥിതി സംരക്ഷിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു. പരിസ്ഥിതിയോട് വിശുദ്ധാത്മ സമീപനം (Holistic approach) പുലർത്തണമെന്നാണ് പൗരസ്ത്യ പിതാക്കന്മാരുടെ കാഴ്ചപ്പാട്. 1960 കളിലാണ് പരിസ്ഥിതിയെക്കുറിച്ചുള്ള ഗഹനമായ ചിന്തകൾ ഉത്ഭവിച്ചത്. എന്നാൽ അതിന്നും എത്രയോ മുമ്പു തന്നെ പൗരസ്ത്യ പിതാക്കന്മാർക്ക് ഈദൃശ്യ കാര്യങ്ങളിൽ വ്യക്തമായ വീക്ഷണമുണ്ടായിരുന്നു എന്നത് അത്ഭുതാവഹമായ സംഗതിയാണ്. പൗരസ്ത്യ വേദശാസ്ത്രത്തിലും, ദർശനങ്ങളിലും, ആരാധനാ ക്രമങ്ങളിലുമുള്ള പരിസ്ഥിതി സൗഹാർദ്ദ ചിന്തകളെ വെളിച്ചത്ത് കൊണ്ടുവരുവാനുള്ള ഒരെളിയ ശ്രമമാണിത്.

1960 കളിലാണ് പരിസ്ഥിതിയെക്കുറിച്ചുള്ള ഗഹനമായ ചിന്തകൾ ഉത്ഭവിച്ചത്. എന്നാൽ അതിന്നും എത്രയോ മുമ്പു തന്നെ പൗരസ്ത്യ പിതാക്കന്മാർക്ക് ഈ ദൃശ്യ കാര്യങ്ങളിൽ വ്യക്തമായ വീക്ഷണമുണ്ടായിരുന്നു എന്നത് അത്ഭുതാവഹമായ സംഗതിയാണ്.



**ആരാധനയും പരിസ്ഥിതിയും**

ഓർത്തഡോക്സ് സഭയുടെ ജീവൻ അതിന്റെ ആരാധനയാണ്. വേദശാസ്ത്രപരവും സാമൂഹ്യവുമായ ചിന്തകൾ സംവേദനം ചെയ്യപ്പെടുന്നത് ആരാധനയിൽ കൂടിയാണ്. പരിസ്ഥിതിയോട് സൗഹാർദ്ദപരമായ സമീപനം മനുഷ്യൻ സ്വീകരിക്കണമെന്ന് ആചാരാനുഷ്ഠാനങ്ങൾ വഴിയും, നിഷ്ഠകളിൽ കൂടിയും, ആരാധനയിൽ കൂടിയും സഭ വെളിവാക്കുന്നു. ഓർത്തഡോക്സ് സഭയുടെ കൂദാശാനുഷ്ഠാനങ്ങൾ മനുഷ്യന്റെ പ്രയോജനത്തിനും വളർച്ചയ്ക്കും വേണ്ടി മാത്രമല്ല എല്ലാ സൃഷ്ടികളുടെയും ക്രമീകരണത്തിനും ഉയർച്ചയ്ക്കുമായിട്ടാണ്. ചില ഉദാഹരണങ്ങൾ ചുവടെ കുറിക്കുന്നു.

**വേദവായനകൾ**

സൃഷ്ടിയുടെ മഹത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വളരെയധികം വേദഭാഗങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നുണ്ട്. രാത്രി, പ്രഭാത പ്രാർത്ഥനകളിൽ ഉപയോഗിക്കുന്ന 105, 106, 111, 117, 119, 141, 142 എന്നീ സങ്കീർത്തനങ്ങളിൽ കൂടി ദൈവകല്പനകൾ അനുസരിച്ച് സൃഷ്ടിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന യഥാർത്ഥ ആരാധകന്റെ ആരാധനയെ വരച്ചു കാട്ടുന്നു. 148, 149, 150 സങ്കീർത്തന

ങ്ങളിലും. 1 ദിനവൃത്താന്തം 16:31–33 ദാനിയേൽ 3:57–90 വരെയുള്ള ഭാഗങ്ങളിലും സൃഷ്ടാവിനെ സ്തുതിക്കുകയാണ്. എല്ലാ ജീവജാലങ്ങളെയും–സൂര്യൻ, ചന്ദ്രൻ, ഭൂമി, തീയ്, മഞ്ഞ്, കാറ്റ്, കന്നുകാലികൾ, രാജകുമാരിമാർ–ദൈവത്തെ സ്തുതിച്ച് പാടുവാനായി ക്ഷണിക്കുകയാണ്. പ്രഭാത പ്രാർത്ഥനയിൽ ചൊല്ലുന്ന 19–ാം സങ്കീർത്തനത്തിൽ എല്ലാ സൃഷ്ടിയിലും ദൈവമഹത്വം നിറഞ്ഞിരിക്കുന്നു എന്നും അവന്റെ നിയമങ്ങൾ വിശുദ്ധവും അവയെ അനുസരിക്കുന്നവർക്ക് നല്ല ഫലങ്ങൾ ലഭിക്കും എന്നും അറിയിക്കുന്നു. 93, 96, 98 സങ്കീർത്തനങ്ങളിൽ ദൈവ മഹത്വം എല്ലാ സൃഷ്ടികളിലും ഉണ്ടെന്നും അതിനാൽ എല്ലാ സൃഷ്ടിയും ദൈവത്തിനു മഹത്വം കൊടുക്കണമെന്നും അറിയിക്കുന്നു. ചുരുക്കത്തിൽ ആരാധനയിൽ ഉപയോഗിക്കുന്ന വേദഭാഗങ്ങളിൽ എല്ലാം തന്നെ സൃഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വിശുദ്ധാത്മ ബന്ധവും സൃഷ്ടാവിനെപ്പോലെ അവന്റെ സൃഷ്ടിയും വിശുദ്ധമായിരിക്കുന്നതിനാൽ അവയെ പരിരക്ഷിക്കേണ്ടത് വിവേകിയായ മനുഷ്യന്റെ കടമയാണെന്നും വെളിവാക്കുന്നു. ചുരുക്കം ചില വേദഭാഗങ്ങൾ മാത്രമേ ഇവിടെ ഉദാഹരിച്ചിട്ടുള്ളൂ. ആരാധനകളിൽ ഉപയോഗിക്കുന്ന മുഴുവൻ വേദഭാഗങ്ങളും ഇത്തരത്തിൽ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. ആരാധനകളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽ പരിസ്ഥിതിയോടുള്ള സൗഹൃദ മനോഭാവം പ്രകടമാക്കുന്നുണ്ട്.

'നിത്യ പ്രാർത്ഥന ക്രമം' രാത്രി പ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു.

"കർത്താവേ നീ തെരഞ്ഞെടുത്തിട്ടുള്ള പന്ത്രണ്ട് ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ സംവത്സരത്തിന്റെ പന്ത്രണ്ടു മാസങ്ങളേയും കൃപയോടെ വാഴ്ത്തേണമേ.

വേനലും, വർഷവും, നിയമപ്രകാരം അതാതുകാലത്ത് ക്രമമായുണ്ടാകുകയും, സ്വർഗ്ഗീയ നന്മകളും, ഭൂമിയുടെ വിളവുകളും ഞങ്ങൾക്ക് ലഭിക്കുകയും ചെയ്യണമേ.

കർത്താവേ ഫലങ്ങൾ വളരുകയും, അഗതികളും ദരിദ്രരും ഭക്ഷിച്ച് നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്വാൻ തക്കവണ്ണം വാഴ്വിന്റെ മഴകളെയും, ചാറൽ മഴകളെയും നീ പെയ്യിക്കണമേ.

ഈ പ്രാർത്ഥനയിൽ ഉൾപ്പെട്ടിരിക്കുന്ന വിഷയങ്ങൾ എല്ലാം തന്നെ സമസ്ത സൃഷ്ടികളുടെയും, ജീവനും നിലനില്പിനുമായിട്ടുള്ളതാണ്.എഴുതപ്പെട്ട പ്രാർത്ഥനകൾ ഉപയോഗിക്കുന്നതിനെ വിമർശിക്കുന്നവർ അവയുടെ അർത്ഥ വ്യാപ്തിയും, മനോഹാരിതയും മനസ്സിലാക്കിയിരുന്നെങ്കിൽ.

**വി. കുർബ്ബാനയിലെ പരിസ്ഥിതി ഭാവങ്ങൾ**

വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന വസ്തുക്കളും അവയുടെ ഉപയോഗത്തിന്റെ വേദശാസ്ത്ര ചിന്തകളും സൃഷ്ടിയോടുള്ള ബന്ധത്തിന്റെ ഉദാത്തമായ രൂപഭാവങ്ങളാണ്. ഇത് ചാക്രികമായ പ്രവർത്തനമാണ്. സൃഷ്ടി ശുദ്ധീകരിക്കപ്പെടുകയും അതിൽ കൂടി ഓരോ നിമിഷങ്ങളിലും സൃഷ്ടാവുമായി ശക്തവും, ചലനാത്മകവുമായി ബന്ധപ്പെട്ട് പുനഃസൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു...

> ...ഭൂമിയുടെ ഉല്പന്നങ്ങളായ അപ്പം, വീഞ്ഞ്, വെള്ളം, ഉപ്പ്, എണ്ണ, കുന്തുരുക്കം, അരി, അഗ്നി എന്നിവ ദൈവ മുമ്പാകെ അർപ്പിക്കുകയും, അർപ്പണത്തിനു ശേഷം അവ മറ്റൊരു രൂപത്തിൽ സൃഷ്ടിയിലേക്ക് തിരികെ ചേരുകയും ചെയ്യുന്നു...

...ഭൂമിയുടെ ഫലങ്ങളെ കുർബ്ബാനയിൽ അർപ്പിക്കുന്നതു വഴിയായി പാരസ്ഥിക ഐക്യം (Ecological harmony) ഉണ്ടാക്കുകയാണ്. ഫലങ്ങളെ ബഹുമാന്യതയോടും, നന്ദിനിറഞ്ഞ അനുഭവത്തോടും അർപ്പിക്കുമ്പോൾ അവയെ സൃഷ്ടിച്ച സൃഷ്ടാവിനോടും, അവ എവിടെ നിന്നെടുത്തുവോ ആ ഭൂമിയോടും, ബഹുമാന്യവും, വിശുദ്ധാത്മകവുമായ സമീപനം സൃഷ്ടിക്കപ്പെടുന്നു.

അർപ്പിത വസ്തുക്കൾ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെട്ടത് അത് വീണ്ടും സൃഷ്ടിയിലേക്ക് തിരികെ ചേരുന്നു. അതുവഴി സൃഷ്ടി സൃഷ്ടാവുമായി രമ്യപ്പെടുന്നു. ദൈവജീവൻ അവയിലേക്ക് അയക്കപ്പെടുന്നു. ദൈവജീവൻ ലഭിക്കുമ്പോൾ അർപ്പിത വസ്തു രൂപാന്തരപ്പെടുകയും അവയെ സ്വീകരിക്കുന്ന അർപ്പകരും, അവ അവിടെ നിന്നെടുത്തുവോ ആ സ്ഥലവും രൂപാന്തരത്തിൽ പങ്കു ചേരുകയും ചെയ്യുന്നു. ചുരുക്കത്തിൽ സൃഷ്ടിയും, സ്രഷ്ടാവും തമ്മിലുള്ള അകലം ഇല്ലാതെയായി എല്ലാറ്റിന്റെയും രൂപാന്തരത്തിനും വിശുദ്ധീകരണത്തിനും കാരണമായും തീരുന്നു. "ദൈവം സൃഷ്ടിച്ചതെല്ലാം വിശുദ്ധമായിരുന്നു എന്നും, അവ വീണ്ടും രൂപാന്തരപ്പെട്ട് വിശുദ്ധമാക്കപ്പെടുന്നു" എന്നുള്ള ചിന്ത അവയുടെ സംരക്ഷണത്തിനും, നിലനില്പിനും വേണ്ടി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമ്മെ പ്രേരിപ്പിക്കും.

സൃഷ്ടി ദൈവ സാന്നിദ്ധ്യം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് തൂയോബോ (ഒരുക്കം) ശുശ്രൂഷയിൽ വി. രഹസ്യങ്ങൾക്കു മേൽ (കാസാ, പീലാസാ) ശോശപ്പാ കൊണ്ട് ആവരണം ചെയ്യുമ്പോൾ നടത്തുന്ന പ്രാർത്ഥനയിൽ ചൊല്ലുന്നുണ്ട്.

"മഹത്വമുള്ളവന്റെ തേജസ്സു കൊണ്ട് ആകാശം മൂടിയിരിക്കുന്നു. അവന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു.


ദൈവ–മനുഷ്യ–പ്രകൃതി (God-Man-Nature) ബന്ധത്തെക്കുറിച്ച് വി. കുർബാനയിലെ പ്രൊമിയോൻ, സെദറാകളിൽ സൂചിപ്പിക്കുന്നുണ്ട്. അവയിൽ ഒന്നു മാത്രം താഴെ ചേർക്കുന്നു."

"അഗ്നിമയമായ ഈ സ്ഥലത്ത് നിന്റെ അഗ്നിസിംഹാസനത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് നിന്റെ ജനത്തിന്റെ പാപപരിഹാരവും, സൃഷ്ടിമുഴുവനും വേണ്ടി മോചനവും ഞാൻ യാചിക്കുന്നു."

മനുഷ്യ വിമോചനം സാധ്യമാകുന്നത് സൃഷ്ടിയുടെ പൂർണ്ണ വിമോചനത്തിലൂടെയാണെന്നുള്ളത് പ്രാർത്ഥനകളിൽകൂടി വ്യക്തമാക്കുന്നു.

വി. കുർബ്ബാനയിൽ പ്രതീകാത്മകമായി ഉപയോഗിക്കുന്ന വസ്തുക്കൾ എല്ലാം തന്നെ പ്രകൃതിയോടുള്ള ബന്ധം ആഴത്തിൽ കുറിക്കുന്നവയാണ്.

വി. മദ്ബഹായിൽ ഉപയോഗിക്കുന്ന തുണികളിൽ (വിരിക്കൂട്ട്, ചിത്തോല, ശോശപ്പ, കബ്ലാന) നെയ്തിരിക്കുന്ന ചിത്രത്തുന്നലുകൾ–മുന്തിരിക്കൊമ്പുകൾ, ഗോതമ്പ് ചെടി, മാതളച്ചെടി എന്നിവയും ജീവജാലങ്ങളുടെ പ്രതീകമായ മത്സ്യം, പ്രാവ്, സിംഹം, ആട്



"സകല ജലാശയങ്ങളെയും നദികളെയും തന്റെ സ്നാനത്താൽ വിശുദ്ധീകരിച്ച പരിശുദ്ധനായ കർത്താവേ..." എന്നു തുടങ്ങുന്ന പ്രാർത്ഥനകളിൽ കൂടി അത്യുന്നതമായ പരിസ്ഥിത സൗഹാർദ്ദ ചിന്തകളാണ് ദനഹാ പെരുന്നാളിൽ വ്യക്തമാക്കപ്പെടുന്നത്

എന്നിവയും പ്രകൃതിയുടെ പരിഛേദത്തെ കാണിക്കുന്നു. തുണികളുടെ നിറങ്ങൾ വെള്ള ആകാശത്തെയും ചുവപ്പ് ഭൂമിയേയും, പച്ച ഭൂമിയിലുള്ള എല്ലാ പച്ചപ്പിനെയും സൂചിപ്പിക്കുന്നു എന്നത് ഓർത്തഡോക്സ് ആരാധനയിൽ പ്രകൃതിയോടുള്ള സൗഹൃഭാവം എത്രത്തോളം നിറഞ്ഞു നിൽക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളാണ്.

'കൈകൾ കൂപ്പുക, തലകുനിക്കുക, കുരിശു വരയ്ക്കുക, കുമ്പിടുക, നമസ്ക്കരിക്കുക, സമാധാന ചുംബനം കൈമാറുക' അതായത് ബഹുമാനാദരവോടുള്ള ആരാധനയിൽ ഒരു വിശ്വാസി സംബന്ധിക്കുന്നതു തന്നെ സൃഷ്ടാവിനോടും, സമസൃഷ്ടിയായ മറ്റ മനുഷ്യരോടും, വിശാലമായ കാഴ്ചപ്പാടിൽ ഈ പ്രപഞ്ചത്തോടു തന്നെയുള്ള ആദരവും ബഹുമാനവും പ്രകടിപ്പിക്കുകയാണ്.

**ദനഹാ ശുശ്രൂഷ**

ജനുവരി 6–ാം തീയതി പൗരസ്ത്യ സഭ യേശുക്രിസ്തുവിന്റെ മാമോദീസായുടെ ഓർമ്മ നടത്തുന്ന ദിവസം: ദനഹാ എന്ന വാക്കിന്റെ അർത്ഥം തന്നെ ഉദയം എന്നാണല്ലോ. അന്നേ ദിവസത്തിലെ പ്രധാന ശുശ്രൂഷയാണ് വെള്ളം വാഴ്ത്തുന്ന ക്രമം. ഒരു പാത്രം വെള്ളം വാഴ്ത്തുന്നതിലൂടെ അത്യുന്നതമായ പരിസ്ഥിതി സൗഹാർദ്ദ ചിന്തകളാണ് വ്യക്തമാക്കുന്നത്.

"സകല ജലാശയങ്ങളെയും, നദികളെയും തന്റെ സ്നേഹത്താൽ വിശുദ്ധീകരിച്ച പരിശുദ്ധനായ കർത്താവേ...." എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ ക്രിസ്തുവിന്റെ യോർദ്ദാനിലെ സ്നാനത്തിന്റെ ആഴം വ്യക്തമാക്കപ്പെടുകയാണ് വെള്ളത്തിന്മേൽ നടത്തുന്ന പ്രാർത്ഥനയിൽ 'ഈ വെള്ളം ശുദ്ധീകരിക്കപ്പെട്ട് ആശ്വാസജലവും, സകല പാപ മാലിന്യങ്ങളുടെ നിർമ്മലീകരണത്തിനും, ആത്മശരീര മനസ്സുകളുടെ വൈദ്യവും... തുടങ്ങി മനുഷ്യ ജീവിതത്തിൽ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ ഉപയോഗിക്കുന്ന വിശുദ്ധ വസ്തു ആക്കി മാറ്റണമേ എന്നു പ്രാർത്ഥിക്കുന്നു.'

വെള്ളം വാഴ്ത്തൽ വഴിയായി പ്രത്യാശയുടെ പുതുനാമ്പുകൾ മുളയ്ക്കപ്പെടുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ മലിനമാക്കപ്പെടുന്ന ഒരു വസ്തുവിനെ എത്രത്തോളം വിശുദ്ധമായി സംരക്ഷണമെന്നുള്ള ആഹ്വാനമാണ് ദനഹായുടെ പ്രാർത്ഥനകളിൽ എല്ലാം തന്നെ.

ജലജന്യ രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവ മനുഷ്യ നിലനിൽപ്പിനു തന്നെ ഭീതികരമാകുന്ന ഇന്നത്തെ ലോകസാഹചര്യത്തിൽ, അടുത്ത ലോകമഹായുദ്ധം ഉണ്ടായാൽ അത് കുടിവെള്ളത്തിനു വേണ്ടിയുള്ളതാണെന്ന് ലോക സംഘടനകൾ ആശങ്കപ്പെടുന്നു. ഈ സാഹചര്യത്തിൽ വെള്ളം ശുദ്ധീകരിക്കുന്ന ക്രമങ്ങളും, പ്രാർത്ഥനകളും നഷ്ടപ്പെട്ടുപോകുന്ന പ്രകൃതിയുടെ വ്യവസ്ഥകളേക്കുറിച്ചുള്ള വ്യാകുലങ്ങളല്ല മറിച്ച് ശുദ്ധീകരിക്കപ്പെട്ട ആരോഗ്യമുള്ള സൃഷ്ടിയെക്കുറിച്ചുള്ള പ്രത്യാശയാണ് വെളിവാക്കുന്നത്. ഭൗമശാസ്ത്രന്മാരുടെ അഭിപ്രായത്തിൽ ഭാവിയിൽ മനുഷ്യന് ദൗർലഭ്യമാകുന്ന വിഭവമാണ് വെള്ളം. ഇവിടെ കൗദാശിക വസ്തുവായി വെള്ളത്തെ തെരഞ്ഞെടുക്കുന്നതു വഴിയായി വിശുദ്ധാത്മ സമീപനം വെള്ളത്തിനു കൊടുക്കുകയും മലിനീകരണത്തിനു വിധേയമാകാതെ കാത്തുകൊള്ളപ്പെടുവാനുമുള്ള പ്രേരണ കാട്ടപ്പെടുകയും ചെയ്യുന്നു.

**ഓശാന പെരുന്നാൾ**

കുരുത്തോല വാഴ്ത്തുന്ന ശുശ്രൂഷയിൽ ഓലകളെയും വൃക്ഷങ്ങളെയും അതിന്റെ ശാഖകളെയും വാഴ്ത്തുന്നു. അതു വഴിയായി എല്ലാ സസ്യലതാദികളെയും (The entire Vegitation) ശുദ്ധീകരിക്കുന്നു. ശുശ്രൂഷയിലെ പ്രാർത്ഥനകളിൽ ഇപ്രകാരം പറയുന്നു.

....ഇപ്പോൾ നിന്റെ മഹാ കരുണയാൽ ഈ കൊമ്പുകളെയും ഇവ വെട്ടിയെടുത്ത വൃക്ഷങ്ങളെയും നിന്റെ കർത്തൃത്വം സൃഷ്ടിച്ചുണ്ടാക്കിയ എല്ലാ സസ്യാദികളെയും നീ അനുഗ്രഹിക്കണമെ....

....നിന്റെ കൃപയുള്ള ആവാസത്താൽ ഞങ്ങളേയും വയലുകളും സസ്യാദികളെയും നീ അനുഗ്രഹിക്കണമേ"

ഓശാനയിൽ കുരുത്തോലകൾ ഏന്തുന്നത് ക്രിസ്തുവിന് യെരുശലേം വീഥിയിൽ ഓശാന പാടിയതിന്റെ ഓർമ്മ പുതുക്കലാണെങ്കിലും അതു വഴിയായി സൃഷ്ടിയുടെ നാഥന്റെ ഓശാന പാട്ടിനാൽ, സൃഷ്ടിയെ തന്നെ ശുദ്ധീകരിക്കുകയാണ്. സസ്യാദികൾ (All the Vegitative World) വാഴ്ത്തുമ്പോൾ പ്രപഞ്ചം മുഴുവൻ വിശുദ്ധമാക്കപ്പെടുകയാണ്. കുരുത്തോ

ലകളുടെ മേൽ നടത്തുന്ന പ്രാർത്ഥനകൾ പ്രപഞ്ചത്തിനുമേൽ ദൈവിക വിശുദ്ധി നിനുവാനായിട്ടുള്ള അഭയ യാചനക ളാണ്.

വാഴ്ത്തപ്പെട്ട കുരുത്തോലകൾ ഭവ നങ്ങളിൽ സൂക്ഷിക്കുമ്പോൾ ദൈവിക സംരക്ഷണവും, വിശുദ്ധ വസ്തുക്കൾ ഭവനത്തിൽ സൂക്ഷിക്കുന്നതിന്റെ നന്മയും ആണ് പ്രഥമമായി ലക്ഷ്യമാക്കുന്നത്. എന്നാൽ അതിനോടൊപ്പം പ്രകൃതിയുടെ പ്രതീകമായ ഓല ഭവനത്തിൽ സൂക്ഷി ക്കുന്നത് വഴിയായി പ്രകൃതി തന്നെ സംര ക്ഷിക്കപ്പെടണമെന്നുള്ള സത്യം നിർവിഘ്നം പ്രഘോഷിക്കപ്പെടുന്നു. ഇതേ ഓലകൾ യൽദോ (ക്രിസ്തുമസ്) ശുശ്രൂഷയുടെ "തീജ്വാല ക്രമത്തിൽ" വിശുദ്ധമായി അഗ്നി കൊളുത്തി ദൈവിക കാഴ്ചയായി സമർപ്പിക്കപ്പെടുന്നു.

ചുരുക്കത്തിൽ, പ്രകൃതിയിൽ നിന്നുള്ള കുരുത്തോല യേശു ക്രിസ്തു വിന്റെ എഴുന്നെള്ളത്തിന് ആഘോഷ പ്രതീകമായി മാറുന്നു. പിന്നീട് അതിന്മേ ലുള്ള വാഴ്ത്തലിനാൽ പ്രപഞ്ചം തന്നെ വാഴ്ത്തി ശുദ്ധീകരിക്കപ്പെടുന്നു. നില നിർത്തപ്പെടേണ്ട സസ്യങ്ങളുടെ പ്രതീക മായി ഭവനങ്ങളിൽ സൂക്ഷിക്കപ്പെടുന്ന ഓല യേശുക്രിസ്തുവിന്റെ ജനന സമ യത്ത് വെളിച്ചകാഴ്ചയായി നൽകപ്പെടു ന്നു. എരിഞ്ഞടങ്ങിയ ഓലയുടെ അവ ശിഷ്ടം വീണ്ടും പ്രകൃതിയിലേക്ക് സ്വീക രിക്കപ്പെടുന്ന ചാക്രികമായ ക്രമം വഴി യായി പ്രകൃതിയുടെ സമതുലനാവസ്ഥ സംരക്ഷിക്കപ്പെടുന്നു.

സൃഷ്ടിയിൽ നിന്നെടുത്ത എണ്ണ കൂദാ ശിക കാഴ്ചപ്പാടിലൂടെ രോഗസൗഖ്യത്തി നായി ഉപയോഗിക്കുന്നു മാമ്മോദീ സായിലുള്ള അഭിഷേകത്തിനും, ദൈവാ ലയ ശുദ്ധീകരണത്തിനും എണ്ണ ഉപയോ ഗിക്കുമ്പോൾ പ്രകൃതിയുടെ ഭാഗമായ ഒരു വസ്തു എത്രത്തോളം ദൈവിക സാന്നി ദ്ധ്യത്തിന്റെ കേന്ദ്രീകൃത സ്ഥാനമാകുന്നു എന്നു കാണാം.

**കുമ്പസാരവും, പാപമോചനവും**

കുമ്പസാരം സമസൃഷ്ടികളോടും, ദൈവസൃഷ്ടിയോടെല്ലാം തന്നെ, നിരപ്പാ ക്കുവാനും അതു വഴിയായി തെറ്റായ ചെയ്തികളും, സ്വഭാവങ്ങളും ചുറ്റുപാടു കളോട് (entire habitats) അനുരഞ്ജന പ്പെടുവാനും ഇടയാകുന്നു. ഇവിടെ യഥാർത്ഥ കുമ്പസാരം നടത്തുന്നവർ വിശുദ്ധതയുടെ സമീപനം സ്വീകരിച്ച് ആത്യന്തികമായി വ്യക്തി ശുദ്ധീകരണ ത്തിനും പുനഃസൃഷ്ടി (Recreation)ക്കും സാധ്യതയുള്ളവരായി മാറുന്നു.

പൗരസ്ത്യ സഭയുടെ മതപരമായ നോമ്പ്, ഉപവാസം, ധ്യാനം ദരിദ്ര രോടും അധഃസ്ഥിതരോടുമുള്ള സമീ പനം എല്ലാം തന്നെ ഈ ലോക ത്തിൽ വച്ച് ദൈവരാജ്യത്തെക്കുറി ച്ചുള്ള നന്മകൾ അനുഭവിച്ച് സ്വയശു ദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങളായി മാറുന്നു. നോമ്പും ഉപവാസവും വഴി യായി സ്വയാവശ്യങ്ങളെ പരിമിതപ്പെ ടുത്തി, ആഗ്രഹങ്ങളെ നിഗ്രഹിച്ച് സൃഷ്ടിയിൽ നിന്നും വളരെ കുറച്ചു മാത്രം സ്വയ ഉപയോഗത്തിനായി എടുക്കുവാൻ സഹായിക്കുന്നു. ചെറു താണ് മനോഹരമായത് (Small is beautiful) എന്ന ആപ്തവാക്യ ത്തിന്റെ സാക്ഷാത്ക്കരണത്തിൽ കൂടി സമസൃഷ്ടികളോടുള്ള കരുതൽ സാധ്യമായി തീരുന്നു.

**പൗരസ്ത്യ സന്യാസം**

മനസ്സോടെയുള്ള സ്വയ പരിത്യാ ഗമാണ് സന്യാസത്തിന്റെ മുഖമുദ്ര (Voluntary Self denial) സ്വയസാദ്ധ്യ തകളും അനുഭവങ്ങളും സമൂഹത്തി ന്റെയും ഇതര സൃഷ്ടികളുടെയും ആരോഗ്യപരമായ നിലനില്പിനു വേണ്ടി പരിത്യജിക്കുന്നവരാണ് സന്യാസിമാർ. അങ്ങനെയെങ്കിൽ ഏതു വ്യക്തിയും സന്യാസിയാണ്. സ്വയ സ്നേഹത്തിൻ കേന്ദ്രീകൃത മായ (self oriented love) സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ദൈവംസൃഷ്ടിച്ച പച്ചപ്പിനെ നശിപ്പിക്കുമ്പോൾ സ്വയപരിത്യാഗ ത്തിൽകൂടി സൃഷ്ടിയുടെ നില നിൽപ്പിനും ആവാസ വ്യവസ്ഥിതി യുടെ പുതുക്കത്തിനും പൗരസ്ത്യ സന്യാസം ഊന്നൽ നൽകുന്നു. അങ്ങനെയെങ്കിൽ ഇന്നത്തെ പരി സ്ഥിതി പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരമായി നിർദ്ദേശിക്കാവുന്ന ജീവിത ശൈലിയാണ് Eco-asetism

**ക്രിസ്തു വിജ്ഞാനീയം**

AD 451–ൽ കൂടിയ കൽക്കദോന്യ സുന്നഹദോസിന്റെ തീരുമാനത്തിന് എതിരായ ക്രിസ്തു വിജ്ഞാനീയ മാണ് പൗരസ്ത്യ സഭ സ്വീകരിച്ചിരി ക്കുന്നത്. യേശു ക്രിസ്തുവിൽ ദൈവ ത്വവും മനുഷ്യത്വവും രണ്ടായി നിൽക്കുന്നു എന്ന സുന്നഹദോസ് തീരുമാനത്തിനെതിരായി ദൈവ ത്വവും മനുഷ്യത്വവും വേർപിരിക്കാ നാവാത്ത വിധം യേശു ക്രിസ്തുവിൽ ഒന്നിച്ചു ചേർന്നിരിക്കുന്നു എന്ന ചിന്തയാണ് പ. സഭ സ്വീകരിച്ചിരിക്കു ന്നത്. യേശുവിൽ ദൈവത്തിന്റെയും മനുഷ്യത്വത്തിന്റെയും പൂർണത അതിന്റെ എല്ലാ അർത്ഥത്തിലും വെളിവാക്കുന്നു. ഐക്യത്തിന്റെ മകു ടോദാഹരണമാണ് യേശുക്രിസ്തു. ഇന്നു കാണുന്ന പരിസ്ഥിതി പ്രശ്ന ങ്ങൾക്കെല്ലാം കാരണം വേർപിരിവു കളാണ് (Separation) നിർമ്മിക്കാൻ ഒരു കൂട്ടർ, അനുഭവിക്കാൻ മറ്റൊരു കൂട്ടർ, എന്നാൽ 'വേർപിരിക്കാനാ കാത്ത ഐക്യ ചിന്ത' സൃഷ്ടിയുടെ ഐക്യപരമായ നിലനിൽപ്പിനും ദൈവസൃഷ്ടിയിൽ ഒന്നും തന്നെ ചെറുതോ വിലകുറഞ്ഞതോ അല്ല എന്നുള്ള ചിന്തനൽകുന്നു. അവിടെ മനുഷ്യന് ഇതര സൃഷ്ടികളെ ചൂഷണം ചെയ്യാനല്ല മറിച്ച് സമഭാ വനയോടെ ജീവിക്കാനുള്ള പ്രേരണ ലഭിക്കുന്നു.

**സമാപനം**

സൃഷ്ടാവും–സൃഷ്ടിയും വേർപി രിക്കാനാകാത്ത ബന്ധവും സകല സൃഷ്ടിയും വിശുദ്ധമാണെന്നുമുള്ള (Sacredness of whole creation) അംഗീകരണവുമാണ് പൗരസ്ത്യ സഭകളുടെ നിസ്തുലതകളിൽ ഒന്ന്. പരിസ്ഥിതിയോടുള്ള മനുഷ്യന്റെ ബന്ധത്തിന് പുതിയ കാഴ്ചപ്പാടു കൾ നൽകുന്ന പൗരസ്ത്യ വേദശാ സ്ത്രവും ആരാധന അനുഷ്ഠാന ങ്ങളും കൂടുതൽ പഠന വിധേയമാ കേണ്ടിയിരിക്കുന്നു. ■




*കൈപ്പറ്റി*

*അറിയാതെ പോകുന്ന സത്യങ്ങൾ*
(ലേഖന സമാഹാരം)
വിവിധ വിഷയങ്ങളെ അധികരിച്ചുള്ള വിഷയങ്ങൾ മതാത്മകതലത്തിൽ വിശകലനം ചെയ്യുന്നു.
**ഫാ. വർഗ്ഗീസ് പി. ഇടിച്ചാണ്ടി**
**ഒലിവ് ക്രിയേഷൻസ്, വില 50 രൂപ**

*മാർ ഗീവർഗ്ഗീസ് സഹദാ*
(ജീവചരിത്രം)
**ഇസഡ് എം. പാറേട്ട്**
പി. ഗീവർഗ്ഗീസ് സഹദായുടെ ജീവച രിത്രവും വർഗ്ഗീസ് ജോൺ തോട്ടപ്പുഴ യുടെയും ഡോ. എം. കുര്യൻ തോമ സ്സിന്റെയും അനുബന്ധ പഠനങ്ങളും
**എം.ഒ.സി. പബ്ലിക്കേഷൻസ്**
**ദേവലോകം, കോട്ടയം**

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | ■ | 5 |
| 6 | | | | | 7 | |
| | 8 | | | 9 | | 10 |
| | 11 | | | 12 | | |
| ■ | | ■ | ■ | 13 | | |
| ■ | 14 | | 15 | | | 16 |
| 17 | | 18 | | | | |

## വലത്തോട്ട്

1. ദാൻ മക്കളുടെ ഗോത്രത്തിന് അവകാശമായി ലഭിച്ച ദേശങ്ങളിൽ പതിനാലാമത്തേത് (5)
6. രൂത്തിന്റെ കാലത്ത് ബെത്‌ലഹേമിൽ ഭരണ നേതൃത്വം വഹിച്ചവരുടെ സ്ഥാന നാമം (5)
7. ഗാദ്ദേവനോടൊത്ത് ആരാധിക്കപ്പെട്ടിരുന്ന ഒരു ദേവി (2)
8. ശാസ്ത്രികളും, പരീശരും തുളസിയിലും, ചതകുപ്പയിലും.......ത്തിലും പതാരം കൊടുത്തതായി പറഞ്ഞിരിക്കുന്നു (3)
9. ഹാമാൻ മൊർദ്ദേഖായിക്കായി ഒരുക്കിയത് ഒരു.................മരമായിരുന്നു (2)
11. കൊടുങ്കാറ്റ് എന്നതിനു പകരം ഉപയോഗിക്കുന്ന ഒരു വാക്ക്.............കാറ്റ് എന്നാണ് (2)
12. കരം, ചുങ്കം, എന്നിവക്ക് സമാനമായ ഒരു പദപ്രയോഗം (3)
14. യേശുവിന്റെ വംശാവലിയിൽപ്പെടുന്ന മെല്ക്കിയുടെ പിതാവ് (2)
15. യേശു..........വള്ളിയാണെന്ന് താൻ തന്നെ പറഞ്ഞിരിക്കുന്നു. (3)
17. ശലോമോൻ രാജാവ് കീഴടക്കിയ രാജാക്കന്മാർ ജീവവര്യന്തം ശലോമോന്...........കൊടുത്തിരിക്കുന്നു. (2)
18. യേശുവും ശിഷ്യന്മാരും കഫർന്നഹൂമിൽ എത്തിയപ്പോൾ കരം പിരിക്കുന്നവർ ആവശ്യപ്പെട്ടത് ഇതാണ് (5)

## താഴോട്ട്

1. റാഹേലിന്റെ രണ്ടാമത്തെ പുത്രൻ (2)
2. സെബൂലൂൻ നാട്ടിലുള്ളതും രിമ്മോന്റെ അതിർത്തിയായി കാണപ്പെടുന്നതുമായ ഗ്രാമം (2)
3. യേശു സൗഖ്യമാക്കിയവരിൽ ഒരാൾ, ഊമനെന്നാണ് ഈ വാക്കിന്റെ അർത്ഥം (4)
4. ഉല്പത്തി മുതൽ സൂര്യനും ചന്ദ്രനും നമുക്കു തരുന്ന ഒരു പ്രതിഭാസം (4)
5. പത്രോസിന്റെ അമ്മായിയമ്മയ്ക്കുണ്ടായിരുന്ന അസുഖം. ജ്വരമെന്നും കാണുന്നു (2).
7. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ദീപമായി തെളിയിക്കാൻ നാം ഉപയോഗിക്കുന്ന ഒരു സാധനം (5)
8. ഞാനാകുന്നുവെന്നു യേശു തന്നെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്ന വാക്യങ്ങളിൽ പ്രധാനമായ ഒന്ന് ഞാൻ.............ആകുന്നുവെന്നാണ് (5)
9. ഹവ്വാ ഇത് തിന്നതിനാൽ ലോകത്തിൽ പാപം ഉളവായി. ശ്ഹീമാ നമസ്കാര ക്രമം ശ്രദ്ധിക്കുക. (2)
10. അന്തിക്രിസ്തുവിന്................ക്രിസ്തുവെന്നും പറയപ്പെടുന്നു. (3)
13. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ അവരെ ഇരുത്തിയ നിരയ്ക്കു പറയുന്ന പേര് (2)
15. വെളിപാടു പുസ്തകത്തിലെ പ്രവചനത്തിന്...........ഇടരുതെന്ന് കല്പിച്ചതായി കാണുന്നു.
16. പാട്ടിനുള്ളത് (2)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

ഉത്തരങ്ങൾ അയക്കേണ്ട
അവസാന തീയതി : 10-07-2010

## വിജയി:- ലില്ലി ഫിലിപ്പ്, പത്തനംതിട്ട

1. അനു തങ്കച്ചൻ, പുനലൂർ; 2. അമ്മിമി കോശി, ആറ്റുവ; 3. അമ്മിണി കുര്യൻ, അടൂർ; 4. അമ്മിണി യോഹന്നാൻ, ഉള്ളന്നൂർ; 5. അമ്മിണി ചെറിയാൻ, പുത്തൻകാവ്; 6. അന്നമ്മ മാത്യു, എറണാകുളം; 7. അന്നമ്മ മത്തായിക്കുട്ടി, നാസിക്; 8. അന്നമ്മ ജോസഫ്, നെടുമാവ്; 9. അന്നമ്മ അലക്സാണ്ടർ, കോട്ടയം; 10. ആലീസ് നൈനാൻ, എരുമേലി; 11. കെ. കെ. ഏബ്രഹാം, നെടുങ്ങാടപ്പള്ളി; 12. ഏബ്രഹാം വർഗീസ്, പത്തനാപുരം; 13. ഏബ്രഹാം കുര്യൻ, പത്തനംതിട്ട; 14. ഏലമ്മ ഏബ്രഹാം, കളമശ്ശേരി; 15. ഏലമ്മ വർഗീസ്, ഉദയ്പൂർ; 16. ഏലമ്മ റ്റി. വി. അടൂർ; 17. എലിസബത്ത് മാത്യു, കരിക്കം; 18. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ; 19. ഏലിയാമ്മ ജോർജ്, കുരീപ്പള്ളി; 20. ഏലിയാമ്മ പൗലോസ്, വയനാട്; 21. ഏലിയാമ്മ തോമസ്, നിരണം; 22. ഏലിയാമ്മ സക്കറിയ, കൊൽക്കത്ത; 23. ഏലിയാമ്മ വർഗീസ്, തൃശൂർ; 24. ഏലിയാമ്മ റ്റി. കെ. ചന്ദനപ്പള്ളി; 25. ബേബി ഡേവിഡ്, തൃശൂർ; 26. ചിന്നമ്മ ജോൺ, തിരുവനന്തപുരം; 27. ചിന്നമ്മ ജോൺ, കൊട്ടാരക്കര; 28. ഡാനിയേൽ തോമസ്, റാഞ്ചി; 29. ഡാനി വർഗീസ്, തുകലശ്ശേരി; 30. കോശി ജേക്കബ്, നിരണം; 31. കെസിയ റേച്ചൽ ജോർജ്, ചുനക്കര; 32. കുമാരി കെ. ചാക്കോ, തിരു.; 33. ലാലി ജോൺ, തിരുവല്ല; 34. ലില്ലിക്കുട്ടി മാത്യു, ഇടുക്കി; 35. ലീലാമ്മ തോമസ് പണിക്കർ, കുണ്ടറ; 36. ലീലാമ്മ തങ്കച്ചൻ ചെറിയനാട്; 37. ലീലാമ്മ മാത്യു, പടിഞ്ഞാറ്റിൻകര; 38. ലീലാമ്മ ജോർജ്, ബാംഗ്ലൂർ; 39. ലിസി വർഗീസ്, തിരുവല്ല; 40. ലിജു തോമസ്, മുഖത്തല; 41. ലിനു വർഗീസ്, ആലപ്പുഴ; 42. മനോ ബിനു, നാസിക; 43. മനു സക്കറിയ, തിരുവല്ല; 44. മറിയാമ്മ ഫിലിപ്പോസ്, അഴൂർ; 45. മറിയാമ്മ വർഗീസ്, ഡുൺഗാർപൂർ; 46. മറിയാമ്മ തോമസ്, ഇലവുംതിട്ട; 47. മറിയാമ്മ മാത്യൂസ്, കളമശേരി; 48. മറിയാമ്മ മാത്യു, കുണ്ടറ; 49. മേരിക്കുട്ടി ശാമുവേൽ, നിലമ്പൂർ; 50. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 51. മേരി വർഗീസ്, വടകോട്; 52. ലിനി ശാമുവേൽ, നാസിക്; 53. മറിയം മാത്യൂസ്, ബാംഗ്ലൂർ; 54. നീതു സാറാ ബാബു, പുനലൂർ; 55. നീനാ വി. ഐസക്, കോട്ടാ. 56. പി.എസ്. ഫിലിപ്പോസ്, കോട്ടയം; 57. റാഹേലമ്മ തോമസ്, തുവയൂർ; 58. റേച്ചൽ അലക്സാണ്ടർ, പൂനെ-12; 59. റോസമ്മ തങ്കച്ചൻ, ജയ്പൂർ; 60. റോസമ്മ ഡാനിയേൽ, മാവേലിക്കര; 61. രെഞ്ചിനി റജി, കളമശേരി; 62. റീഷാ സാറാ കുര്യാക്കോസ്, ബാംഗ്ലൂർ; 63. സാറാമ്മ യോഹന്നാൻ, ഏനാത്ത്; 64. സാറാമ്മ ഐസക്, ആറ്റുവ; 65. സാറാമ്മ കുഞ്ഞുമോൻ, തലവൂർ; 66. സാറാമ്മ ശാമുവേൽ, വെട്ടിപ്പുറം; 67. സൂസമ്മ തോമസ്, കൈതക്കോട്; 68. സൂസമ്മ രാജൻ, കൊൽക്കത്ത; 69. സൂസമ്മ പി.എ. കരീപ്ര; 70. സൂസമ്മ മാത്യു, നാരങ്ങാനം; 71. സുജ ജോർജ്, നാസിക്; 72. ഷാജി മാമ്മൻ മാത്യു, മാന്നാർ; 73. ഷിനു ഫിലിപ്പ്, മുംബൈ; 74. ഷൈനി ജോൺസൺ, ഏനാത്ത്; 75. തോമസ് വർഗീസ്, കോടുകുളഞ്ഞി; 76. തങ്കമ്മ ഏബ്രഹാം, കോടുകുളഞ്ഞി; 77. തങ്കമ്മ ഫിലിപ്പോസ്, കോട്ടയം; 78. വത്സമ്മ ജോൺ പോൾ, കുടശ്ശനാട്.

## പദപ്രശ്നം-12-ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 ന | യ | 2 മാ | 3 കെ | 4 രൂ | 5 ബീം | ■ |
| വ | ■ | വ് | 7 മ | ൺ | 8 ബാ | ധ |
| 9 തി | 10 രു | 11 വ | ത്താ | ഴം | രാ | ■ |
| 12 നി | ധ | ട | 13 യി | 14 ഒ | 15 ധ | നം |
| 16 വാ | രം | 17 തി | ര | ലി | ന | ■ |
| സം | 18 നെ | ഹെ | മ്യാ | വ് | 19 കാ | സാ |
| 20 യോ | ശി | യാ | വ് | 21 ന | ക്ഷ | ത്രം |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫാ. തോമസ് മാത്യു, കൊട്ടാരക്കര ഫോൺ: 9847555113)

അജി വർഗീസ്, ബത്തേരി

ദൃഷ്ടി

# കുടുംബങ്ങളിലെ സോഷ്യലിസം വന്നതും വന്നുകൊണ്ടിരിക്കുന്നതും

'സ്വവർഗലൈംഗികത ക്രിമിനൽ കുറ്റമല്ല.' ദില്ലി ഹൈക്കോടതി – 2009 ജൂലൈ 12.

'വിവാഹപൂർവ്വ ലൈംഗികജീവിതം ഏതൊരു പൗരന്റെയും മൗലികാവകാശമാണ്.' സുപ്രീംകോടതി 2010 മാർച്ച് 23.




## ഭൂതകാലം

പണ്ട് പണ്ട് ഈ രണ്ട് കോടതി വിധികളും പുറപ്പെട്ടുവരുന്നതിനു മുമ്പ് ഈ മനോഹരതീരത്ത് ജനിച്ചു വളർന്നു മരിക്കാൻ മഹാ ഭാഗ്യം ലഭിച്ച ദമ്പതിമാരായിരുന്നു ചാക്കോച്ചേട്ടനും മറിയാമ്മച്ചേട്ടത്തിയും (അച്ചായൻ, അമ്മാമ വക ഭേദങ്ങളും ആകാം). ഒരു മൂന്നരശതമാനംപോലും സംവരണമില്ലാതിരുന്ന അക്കാലത്ത് ഇവർ ഇരുവരും തട്ടിയിട്ടും മുട്ടിയിട്ടും പൊട്ടാത്ത കലങ്ങളായി അമ്പതു വർഷക്കാലം ഒരുമിച്ചു ജീവിച്ചുപോലും. ആ ദാമ്പത്യവല്ലരിയിൽ വലിയ ഇടവേളകളില്ലാതെ അഞ്ചു മക്കളും അവർക്കു വിറച്ചും കിതച്ചും സാരോപദേശകഥകൾ കൈമാറിക്കൊടുക്കാൻ പിതാവിന്റെ മാതാപിതാക്കളുമുണ്ടായിരുന്നു. ആ വീട്ടിലൊരു അടുക്കളയും അവിടെ പച്ച വിറകിന്റെയും കരിയുടെയും ഇടയ്ക്കിടെയുള്ള പിറുപിറുക്കലുകളുടെയും ഇടയിൽ മറിയാമ്മ ചാക്കോയുടെ വിയർപ്പിൻതുള്ളികൾ പാചകം ചെയ്തു മറ്റുള്ളവർക്കായി നല്കുകയും ചെയ്തുവന്നു. സീരിയലുകളും, ഐ.പി.എല്ലുകളും സ്വീകരണമുറികളും ഇല്ലാതിരുന്ന ആ വീട്ടിൽ നിത്യേന സന്ധ്യയ്ക്ക് ഒരു മണിക്കൂറിലധികം അവർ പ്രാർത്ഥനയ്ക്കായി ചെലവഴിച്ചിരുന്നുപോലും! അഞ്ചു മക്കളും ട്യൂഷനുകളില്ലാതെ പഠിക്കുകയും സ്റ്റാറ്റസ് ഇല്ലാതിരുന്നതിനാൽ മാതാപിതാക്കൾക്ക് എസ്.പി. യാകാൻ (S.P. = സ്വയം പൊങ്ങി) സാധിക്കാതിരിക്കുകയും ചെയ്ത അക്കാലത്ത്, മറിയാമ്മ ഭർത്താവിന്റെ മാതാപിതാക്കളെ ശുശ്രൂഷിക്കുകയും ചെയ്തു പോന്നു. ഈ ഭൂതകാല അത്ഭുതങ്ങൾക്കിടയിൽ ഗ്യാലൻകണക്കിന് വെള്ളം പമ്പയാറ്റിലൂടെ ഒഴുകിപ്പോയി. അഞ്ചു മക്കളുടെ വിവാഹങ്ങൾ അക്ഷയതൃതീയമായ ഐശ്വര്യമില്ലാതെ നടത്തുവാനും അവരുടെ മക്കളെ മടിയിലിരുത്തുവാനും ആയുസ്സും ആരോഗ്യവും ലഭിച്ച ചാക്കോ–മറിയാമ്മ ദമ്പതികൾ കോടതിവിധിയ്ക്കുമുമ്പുതന്നെ മേൽക്കോടതിയുടെ തീർപ്പനുസരിച്ചു വാങ്ങിപ്പോയി.

## II വർത്തമാനകാലം

ചാക്കോ–മറിയാമ്മ ദമ്പതികളുടെ അഞ്ചുമക്കളിലെ ഒരാളുടെ വീട്ടിലേക്ക് അനുവാദമില്ലാതെ, ടി.വി. അവതാരകനെപ്പോലെ അതിക്രമിച്ചു കയറിയപ്പോൾ വർത്തമാനകാല കാഴ്ച വായനക്കാരുമായി പങ്കുവയ്ക്കുന്നു. ആദ്യത്തെ പെൺ കൺമണിയും രണ്ടാമത്തെ ആൺ കൺമണിയും രാസവളപ്രയോഗമേറ്റ ചേമ്പിൻ ചെടിപ്പോലെ ഡൈനിങ് ടേബിളിനുചുറ്റും പെട്ടെന്നു വളർന്നുപൊങ്ങി. മാതാപിതാക്കളാകട്ടെ കൃത്യമായ ഇടവേളകളിൽ ആവർത്തിക്കപ്പെടുന്ന ഹർത്താലുകൾപോലെ അവരിരുവരുടെയും യൗവനാനുഭവകഥകൾ ആവർത്തിച്ചെങ്കിലും കഷായം കണ്ട കുട്ടികളെപ്പോലെ ഈ 'ചേമ്പിൻചെടി'കൾ മുഖം തിരിച്ചു. പെട്ടെന്നു ലയിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ ലയനോദ്ദേശം മനസ്സിലാകാത്ത പൊതു ജനത്തെപ്പോലെ അവരുടെ മുഖംതിരിക്കലിന്റെ കാരണമറിയാതെ പലപ്പോഴും മാതാപിതാക്കൾ വാപൊളിച്ചു നിന്നു. ആദ്യജാതയുടെ പ്രായം വിവാഹത്തിലെത്താൻ സമയമായപ്പോൾ മാതാപിതാക്കൾ പാട്ടപെറുക്കികൾ പറമ്പിൽ കയറിയതുപോലെ നെറ്റിന്റെയും കോളങ്ങളുടെയും അരികും മൂലയും ആഴവും നീളവും അരിച്ചുപെറുക്കി.

മാതാപിതാക്കളുടെ അന്വേഷണ ത്തിൽ മനസ്സലിഞ്ഞ പെൺമണി മലയാളചാനലിലെ സംഗീത അവ താരകയെപ്പോലെ ശുദ്ധമലയാള ത്തിൽ മാതാപിതാക്കളുടെ അദ്ധ്വാന ഭാരം കുറയ്ക്കാനായി ഇങ്ങനെ പ്രതിവചിച്ചു. "നോ.... നോ.... മാര്യേജിനായി ഞാൻ നിങ്ങളെ സഫർ ചെയ്യിക്കില്ല, ഐ ആം ഗോയിങ് ഫോർ ഏ കോ ഹാബിറ്റേഷൻ? ഞെട്ടിയ മാതാപിതാക്കൾ ആരാണീ കോ ഹാബിറ്റേഷൻ? എന്താണവന്റെ ജാതിയും മതവും? അവൾ പറഞ്ഞു 'ഷെയിം.... അത് ഒരാളല്ല.... ഒരു മിയർ വേൾഡ് മാത്ര മാണ്. വിവാഹമില്ലാത്ത സഹജീ വിതം.

**III ഭാവികാലം**

തീവണ്ടി യാത്രയിൽവെച്ച് പരിച യപ്പെട്ട മദ്ധ്യവയസ്കനോട് അപരി ചിതൻ ആരാഞ്ഞു. 'സാറിന് രണ്ട് മക്കളാണെന്നല്ലേ പറഞ്ഞത്? അവ രുടെ വിവാഹം'

"മൂത്തമകൾ–– അവൾ സഹവാ സത്തിലാണ്, രണ്ടാമത്തെ മകൻ മറ്റൊരുവന്റെ കൂടെ സഹജീവിത ത്തിലും." 'ഓ വെരിഗുഡ്.' അപരി ചിതന്റെ മറുപടി.

വാൽക്കഷണം:

മോശമല്ലാത്ത രീതിയിൽ മീൻക ച്ചവടം നടത്തിയിരുന്ന ഒരാൾക്ക് കച്ചവടം കുറെക്കൂടി അഭിവൃദ്ധിപ്പെ ടാൻ നല്ലൊരു ബോർഡുവെച്ചാൽ മതിയെന്നൊരു ഉപദേശം ലഭിച്ചു. പിറ്റെദിവസം മത്സ്യം വാങ്ങാനെത്തി യവർ കണ്ടത് 'ഇവിടെ നല്ല മത്സ്യം വിൽക്കപ്പെടും' എന്നെഴുതിയ ബോർഡിനു കീഴിൽ ഇരുന്നു വില്ക്കുന്ന കച്ചവടക്കാരനെയാണ്.

ബോർഡു വായിച്ച ഒരാൾ പറഞ്ഞു 'ഇവിടെ' എന്ന വാക്ക് വേണ്ട കാരണം താൻ വേറെയെവി ടെയും അല്ലല്ലോ മീൻ വില്ക്കു ന്നത്? കച്ചവടക്കാരൻ ഉടനെ 'ഇവിടെ' നീക്കംചെയ്തു. മറ്റൊ രാൾ പറഞ്ഞു 'നല്ല മത്സ്യം വിൽക്കപ്പെടും' എന്നു വേണ്ട. കാര ണം, നല്ലതുമാത്രമാണല്ലോ നിങ്ങൾ വില്ക്കുന്നത്? കച്ചവടക്കാരൻ ആലോചിച്ചു. പിന്നെ 'നല്ല' നീക്കം ചെയ്തു. മൂന്നാമതൊരാൾ പറഞ്ഞു 'മത്സ്യം വില്ക്കപ്പെടും' എന്നു വേണോ? മത്സ്യമല്ലാതെ മറ്റൊന്നും നിങ്ങൾ വില്ക്കുന്നില്ലല്ലോ? അയാൾ 'മത്സ്യം' എന്ന വാക്കും ബോർഡിൽനിന്നും നീക്കി. 'വിൽക്കപ്പെടും' എന്ന ബോർഡു വായിച്ച നാലാമൻ പറഞ്ഞു വില്ക്കാനല്ലാതെ ഈ മത്സ്യം മുഴു വൻ നിങ്ങൾക്കുതന്നെ തിന്നാന ല്ലല്ലോ?

മീൻ കച്ചവടക്കാരൻ ബോർഡ് വലിച്ചെറിഞ്ഞു.... മത്സ്യക്കച്ചവടമേ വേണ്ടെന്നു തീരുമാനിച്ചു. ■

---


# WANTED LECTURERS


Applications' are invited in the prescribed form for appointment as Lecturers in the following subjects under the Corporate Management of Malankara Orthodox Syrian Church Colleges.

| | | | |
|---|---|---|---|
| **English** | : | **1** | **(Community)** |
| **Zoology** | : | **1** | **(Open)** |
| **History** | : | **2** | **(Open/Community)** |
| **Botany** | : | **1** | **(Open)** |
| **Hindi** | : | **1** | **(Community)** |
| **Phy. Edn.** | : | **1** | **(Open)** |
| **Malayalam** | : | **1** | **(Community)** |

Age, scale of pay and qualifications - As prescribed by the Govt./ UGC/M.G. University. Application forms can be had from the undersigned on payment of Rs. 500/- (Rs. 550/- by post). Filled in applications should reach the **Secretary, M.O.C. College, Devalokam P.O., Kottayam - 686 038**

Last date of application received **18th June 2010.**

## ഗ്രന്ഥപരിചയം



# 'ശിഖ'

**ജീ**വിതം ഒരു യാത്രയാണ്. ഗിരിശിഖയിലേക്കുള്ള യാത്ര, ശിഖയിലേക്കുള്ള യാത്രയിൽ സഖി സഖേർ സഖിയായിട്ടുള്ളത്, സുഖകരമായ ഒരു അനുഭവമാണ്.

ഉല്ലാസയാത്രയും നേരംപോക്കുവാനുള്ള യാത്രയും കൗതുകയാത്രയും ഒന്നും ശിഖയിലേക്കുള്ള യാത്രയല്ല. അതിൽ മാത്രമേ സഖേർ സഖിയായിത്തീരുന്നുള്ളൂ. കാരണം, ഉല്ലാസയാത്രയിലെ ഗൈഡിന്റെ ഭാഷയും, വേഷവും, വിഷയവും ഒന്നുമല്ല സഖേറിന്റേത്. സഖേറിന് തോളിലൊരു ചെറിയ സഞ്ചി, സഞ്ചിയിൽ സമ്പാദ്യമായി ഒരു പുസ്തകവും നോട്ടുബുക്കും പേനയും മാത്രം.

വർഷാരംഭത്തിൽ തുടങ്ങുന്ന ഒരു തീർത്ഥയാത്ര, മഴയിൽ കുതിർന്ന ഒരു യാത്ര. വിത്തുകൾ മുളയ്ക്കുന്നതിനു സാക്ഷിയും കൂടിയാക്കുന്നു എന്ന സംതൃപ്തി. കണ്ണിൽ മണ്ണെഴുതിയാലും കണ്ണീരിനപ്പുറം പുത്തൻ വെളിച്ചം തേടുന്ന യാത്രയായി അത് പരിണമിക്കുന്നു. നോമ്പെടുത്ത് നഗ്നപാദനായി നടന്നത്, ചെരിപ്പിനുള്ളിലെ, പാമ്പുകടിയേല്ക്കാതിരിപ്പാനായിരുന്നതെന്ന് തിരിച്ചറിയുന്ന യാത്ര! ശിരസ്സു താഴ്ത്തി സഹയാത്രികരെയും കാണുന്ന, കേൾക്കുന്ന യാത്ര. അപ്പത്തെക്കുറിച്ച് അങ്കലാപ്പില്ലാതെ സ്വയം അപ്പമായിത്തീരാനാഗ്രഹിക്കുന്ന യാത്രയാണത്. ആ യാത്രയിൽ വല്ലപ്പോഴുമെങ്കിലും ഇറ്റു വെള്ളം കുടിക്കണം. അതിനായി കിണറുകൾക്കരിക്കലെത്തണം. പിന്നെയാണ് മനസ്സിലാവുന്നത് കിണറുകൾ പലതും ഉറവകൾ വറ്റിയതാണെന്ന്, നഗരമധ്യത്തിലെ ഡിന്നർ ക്ലബ്ബുകൾപോലെ, പക്ഷേ പൈദാഹം യഥാർത്ഥത്തിൽ മാറിയത് നസറായെന്റെ കൂടെ പഷ്ണിക്കഞ്ഞി മോന്തിയപ്പോഴാണ്. യാത്രയിലൊരിക്കലെങ്കിലും കടൽക്കരയിലെത്താതെ പറ്റില്ല. കാരണം കടൽ കടന്നേ ഗിരിശൃംഗങ്ങളുടെ നാട്ടിലെത്തി. അപ്പോഴേയ്ക്കും ജരാനരകൾ ബാധിച്ചിരിക്കും. പക്ഷേ, തീർത്ഥയാത്ര ലക്ഷ്യം വിസ്മരിച്ചിട്ടില്ലാത്തതിനാൽ തുടർന്നുള്ള യാത്രയും സുഖകരമാണ്. കൊഴിഞ്ഞ ഇലകൾ ചവിട്ടിയുള്ള യാത്രയെങ്കിലും, ശിഖിരങ്ങളിൽ പുതിയ നാമ്പുകൾ കാണാവുന്ന യാത്രയാണിത്. (ഫാ. ഡോ. ജേക്കബ് കുര്യൻ എഴുതിയ അവതാരികയിൽ നിന്നും)

**ശിഖ, സഖേർ, സി.എസ്.എസ്. ബുക്സ്**
**വില 50 രൂപ**



## പള്ളി ~~ഓ~~നർമ്മങ്ങൾ

### ഓർമ്മകൾ ഉണ്ടായിരിക്കരുത്...
### (എന്റെ കാശിന്)

ഇടക്കുർബ്ബാന!

അമേരിക്കൻ അച്ചായൻ ഏവൻഗേലി വായന കഴിഞ്ഞപ്പോൾ അകത്തു വന്നു. ഉൾപ്പൂകി. തുബ്ദേന് ഇരുന്നു ചിന്താലോകത്തേക്ക് ഊളിയിട്ടു കുക്കിലിയോൻ വരെ. "നിന്നാൾ സ്തുതിയൊടു" ആർപ്പുവിളി കേട്ടപ്പോൾ ചാടിയെഴുന്നേറ്റു.

കുർബ്ബാനാനന്തരം അമ്മച്ചിയുടെ മാർബിൾ കല്ലറയിൽ ധൂപം വച്ചു. അച്ചായൻ ക്ഷണിക്കപ്പെട്ടവരൊക്കെ വന്നിട്ടുണ്ടോ എന്ന് ചുറ്റും നോക്കി നിന്നു. കുക്കിലിയോൻ ചൊല്ലിത്തീർന്നിട്ടും അച്ചായന്റെ പരതൽ നിന്നില്ല. എല്ലാവരും ഹാളിലേക്കു നടക്കവേ അച്ചനും കപ്യാരും കുരിശും മറ്റൊരു കുഴിമാടത്തിലേക്കു നീങ്ങുന്നു. അതാരുടെയായിരുന്നു വേറൊരു ധൂപം അച്ചായനു കലി കയറി.

അത്താഴപട്ടിണിക്കാരൻ പൗലോസിന്റെ കുഴിമാടം ധൂപം വച്ച് അച്ചനും കപ്യാരും കുരിശും മടങ്ങി വരവേ അച്ചായൻ ക്വസ്റ്റൻ ആരംഭിച്ചു.

എന്റെ കാശിന് കുർബാന വച്ചിട്ട് അച്ചൻ അവന്റെ കുർബ്ബാന ഇതീ ചേർത്തതെന്തിനാ...

അതെന്റെ അച്ചായാ കുർബ്ബാനയ്ക്ക് ആരെങ്കിലും വന്നു പറഞ്ഞാൽ പരേതരല്ലേ ഞാനതൊക്കെയങ്ങ് ഓർക്കും.

പാടില്ല പാടില്ല ഞാൻ കാശ് തന്നു കുർബാന വച്ചാൽ അച്ചൻ കൂടുതൽ ഓർക്കാൻ പാടില്ല ദാറ്റീസ് റോംഗ് ഐ വിൽ ഡു സംതിങ്ങ് അച്ചായൻ ചവിട്ടിത്തുള്ളി. ക്ഷണിക്കപ്പെട്ടവർ ചിക്കൻ തിന്നു തൃപ്തരായി. ശേഷിച്ചവ 12 കുട്ട നിറച്ചെടുത്തു. ഭക്ഷിച്ചവർ അച്ചനേയും കപ്യാരെയും കൂടാതെ 113 പേരുണ്ടായിരുന്നു. സംഭവം തെക്കൻ കേരളത്തിലേത്.


ഭാഗ്യസ്മരണാർഹനായ അഭി. ഔഗേൻ മാർ ദിവന്നാസിയോസിനന്റെ
*പാവന സ്മരണയ്ക്കു മുമ്പിൽ*



Inserted by:-

ഫാ. ഷാജി ഡാനിയേൽ
ബിന്ദു ഡാനിയേൽ
ഏബൽ മാത്യു ഡാനിയേൽ
അപ്രേം മാത്യു ഡാനിയേൽ

**തറയിൽ ഏബൽ ഭവൻ**
പാലനിരപ്പ് ചെങ്ങമനാട്, കൊട്ടാരക്കര

# സമാധാനത്തിന്റെ ഉറവകൾ



അബ്ദുൾ സമദ്
സമദാനി എം. പി.



> ഇസ്ലാമാണ് എന്റെ മതം. എന്നാൽ ഞാൻ കേരളീയതയുടെ ഒരു പാട് ചിഹ്നങ്ങൾ പേറിയിട്ടാണ് ഇവിടെ നിൽക്കുന്നത്. എന്റെ ഉടുപ്പിൽ, എന്റെ ഉടുമുണ്ടിൽ, എന്റെ ഭാഷയിൽ, എന്റെ സംസ്കാരത്തിൽ...

എല്ലാ മതങ്ങളെക്കുറിച്ചുമുള്ള പരിമിതമായ എന്റെ വായനയിൽ മനസ്സിലാക്കിയത് മനുഷ്യനെ സമാധാനത്തിലേക്ക് നയിക്കുക എന്നു തന്നെയാണ് മതത്തിന്റെ ആത്യന്തിക ലക്ഷ്യം. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" എത്ര മനോഹരമായി ഈ വരികളിൽ അവ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. "ഓം ശാന്തി"എന്ന മന്ത്രത്തിൽ എത്ര ശക്തമായി അത് പ്രതിഫലിക്കപ്പെട്ടിരിക്കുന്നു. "ഇസ്ലാം" എന്ന വാക്ക് ഒരു വ്യക്തിയുടെ പേരോ, ഒരു സ്ഥലത്തിന്റെ പേരോ അല്ല. അറബ് ഭാഷയിലെ "സിൽമ" എന്ന പദത്തിൽ നിന്നാണ് "ഇസ്ലാം" എന്ന പദം ഉത്ഭവിച്ചിട്ടുള്ളത്. അതിന്റെ അർത്ഥം "സമാധാനം" എന്നാണ്. മതത്തിന്റെ പേരു തന്നെ സമാധാനമെന്നാണ്. എന്നിട്ടും നിർഭാഗ്യവശാൽ "തീവ്രവാദം" എന്ന പദം മതത്തോടുചേർത്തു നിർത്തി വായിക്കുന്നു. ക്രൈസ്തവ ഭീകരവാദം, ഇസ്ലാമിക ഭീകരവാദം, ഹിന്ദു ഭീകരവാദം എന്നൊക്കെയുള്ള പദപ്രയോഗങ്ങൾ ചിലരുണ്ടാക്കുന്നു. ആ പദപ്രയോഗങ്ങൾ ആ മതങ്ങളോടു ചെയ്യുന്ന അന്യായമാണ്. മുഴുവൻ മാനവരാശിയോടും ചെയ്യുന്ന അന്യായമാണ്.

ഒരു ക്രിസ്ത്യൻ ഭീകരവാദം അചിന്ത്യമാണ്. സ്നേഹത്തെപ്പറ്റി പറഞ്ഞ, സമാധാനത്തെപ്പറ്റി പറഞ്ഞ യേശുക്രിസ്തുവിന്റെ ആ ഒരു ധാരയിൽ, അവിടെ ഒരു ഭീകരതയ്ക്ക് സ്ഥാനമില്ല. ശാന്തിയെക്കുറിച്ച് മാത്രം പറയുന്ന ഹിന്ദു വേദഗ്രന്ഥങ്ങളിൽ ഭീകരതയ്ക്ക് യാതൊരു സാധ്യതയുമില്ല. 'ഇസ്ലാമിക ഭീകരവാദം എന്നു പറയുന്ന ഭാഷാ പ്രയോഗം പോലും തെറ്റാണ്. അത് വിവർത്തനം ചെയ്താൽ 'സമാധാന ഭീകരവാദം' എന്നു പറയേണ്ടി വരും. കാരണം ഇസ്ലാം സമാധാനമാണ്. പക്ഷേ ഞാൻ അംഗീകരിക്കുന്നു. എല്ലാ മതങ്ങളെയും തെറ്റിദ്ധരിച്ച അനുയായികളിൽ ചിലരെങ്കിലും ഉണ്ട്. അത് ആ മതമല്ല എന്നു നാം തിരിച്ചറിയണം. അത് മതമല്ല; മതത്തെ തെറ്റിദ്ധരിച്ചിട്ടുള്ളവരാണ്. ഇങ്ങനെയായിരിക്കണം സമാധനത്തോടുള്ള നമ്മുടെ സമീപനം.

ആത്യന്തികമമായി ഇവിടെ ഒരു മതവും സമാധാനത്തെ നിരാകരിക്കുന്നില്ലെന്ന് മാത്രമല്ല, എല്ലാ മതങ്ങളും സമാധാനത്തെ ഉയർത്തിപ്പിടിക്കുകയാണ് ചെയ്തിട്ടുള്ളത്. മതഗ്രന്ഥങ്ങളിലെ ഉദ്ധരണികളെല്ലാം സമാധാനത്തെയാണ് ആശ്ലേഷിക്കുന്നത്. 'വസുധൈക കുടുംബം' ലോകമാണ് തറവാട്. ഉപനിഷത്തിലെ ഒരു വാക്യമാണ്. സമാധാനത്തിന്റെ എത്ര വിശാലമായ കാഴ്ചപ്പാടാണിത്. ഖുറാനിൽ പറയുന്നു ദൈവം നിങ്ങളെ സമാധാനത്തിലേക്കു ക്ഷണിക്കുന്നു. മുസ്ലീങ്ങൾക്ക് പ്രവാചകൻ പഠിപ്പിച്ച പ്രാർത്ഥനകളിൽ ഒന്ന് "ദൈവമേ എവിടെ ചെന്നാലും സമാധാനത്തിന്റെ അഭിവാദ്യ വചനം കേൾപ്പിക്കണമേ" എന്നാണ്. കേൾക്കുന്നതു പോലും സമാധാനമായിരിക്കണെ എന്ന്. "അസലാം മാലേകും"– 'നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ' എന്നാണ്. ഹിന്ദുസ്ഥാനിയിൽ അത് എത്തിയപ്പോൾ 'സലാം' എന്നായി. 'ലാൽസലാം' എന്ന് രാഷ്ട്രീയ പാർട്ടിക്കാർ അഭിവാദ്യങ്ങളിൽ ഉപയോഗിക്കുന്നു. 'സലാം' എന്നാൽ 'സമാധാനമുണ്ടാകട്ടെ'.

ഈ പ്രപഞ്ചം നിലകൊള്ളുന്നത് തന്നെ സമാധാനത്തിലാണ്. ഒരു പൂവ് വിരിയുന്നത് സമാധാനത്തിലാണ്. ഒരു അസമാധാനത്തിൽ ഒരു . . .

പുഷ്പം വിരിയില്ല. ഒരു പക്ഷിയുടെ പാട്ട് സമാധാനത്തിലാണ്. കുഞ്ഞിന്റെ പുഞ്ചിരി സമാധാനത്തിലാണ്. സമാധാനമില്ലെങ്കിൽ കുഞ്ഞ് കരഞ്ഞു പോകുകയും ചെയ്യും. അവർക്കു ചിരിക്കാൻ കഴിയില്ല. പച്ചക്കറി മാർക്കറ്റ് പ്രവർത്തിക്കുന്നത് സമാധാനത്തിലാണ്. മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നത് സമാധാനത്തിലാണ്. ഒരു പണിശാല പ്രവർത്തിക്കുന്നത് സമാധാനത്തിലാണ്. ആകാശത്തിൽ നിന്ന് മഴ പെയ്യുന്നത് പ്രപഞ്ചത്തിലെ സമാധാനത്തിന്റെ ഒരു ചിഹ്നമാണ്. നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, താരാപഥങ്ങൾ, ക്ഷീരപഥങ്ങൾ, ഉൽക്കകൾ, കൊള്ളിമീനുകൾ, വാൽനക്ഷത്രങ്ങൾ; പ്രപഞ്ചത്തിൽ നിറഞ്ഞു നില്ക്കുന്ന സമാധാനമാണ് അതിലൂടെയെല്ലാം പ്രതിഫലിക്കപ്പെടുന്നത്. എല്ലാം ചലിക്കുന്നു. എല്ലാം ചലിച്ചിട്ടും കൂട്ടിമുട്ടുന്നില്ല. കൂട്ടിമുട്ടിയാൽ പ്രപഞ്ചമില്ല. ഖുറാൻ പറയുന്ന ഗ്രഹങ്ങളൊക്കെ നീന്തിതുടിക്കുകയാണ്. എല്ലാ ഗ്രഹങ്ങളും 'swimming motion' ലാണ് സഞ്ചരിക്കുന്നതെന്ന് ശാസ്ത്രം പറയുന്നു.

മനസ്സിൽ സമാധാനമുണ്ടായാൽ പുറത്തും സമാധാനം ജനിക്കുന്നത് കാണുവാൻ നമുക്ക് സാധിക്കും. എല്ലാവരും ഒന്നിച്ച് ഒറ്റക്കെട്ടായി യുദ്ധത്തിനെതിരെ, അക്രമത്തിനെതിരെ നില കൊള്ളാൻ ശ്രമിക്കണം. മതസംഘടനകൾക്കും വിദ്യാർത്ഥി സംഘടനകൾക്കും ഇതിനുവേണ്ടി ധാരാളം പ്രവർത്തിക്കാനുണ്ട്. മനസ്സിൽ നിന്ന് അസമാധാനത്തെ ഇല്ലായ്മ ചെയ്യാൻ "സമാധാനം" എന്ന പദം ഒരുപാട് മേഖലകളിലേക്ക് നീണ്ടു പോകുന്നുണ്ട്. വ്യത്യസ്ത വിശ്വാസവും അഭിപ്രായ വ്യത്യാസങ്ങളും നില നിർത്തികൊണ്ടു തന്നെ മതങ്ങളൊക്കെ ഉൽഘോഷിക്കുന്ന ഒരു ഐക്യത്തിലേക്ക് വരാം, മാനവത്വത്തിന്റെ ഒരു നിലപാടിലേക്ക്. ഇതിൽ നിലനിന്നു കൊണ്ട് പല മേഖലകളിലും ഒന്നിച്ചു പ്രവർത്തിക്കാൻ കഴിയും. ഒന്ന് മദ്യത്തിന്റെ നിർമ്മാർജനമാണ്. മദ്യം കുടുംബം കുളം തോണ്ടുന്ന സാധനമാണ്. സ്ത്രീയെ കണ്ണീരു കുടിപ്പിക്കുന്ന വസ്തുവാണ്. കേരളം മദ്യത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. മനസിലെ അസമാധാനത്തെ ചികിത്സിക്കാൻ മറ്റൊരു അസമാധാനം കണ്ടെത്തുകയാണ് മദ്യത്തിലും മയക്കുമരുന്നിലും. സ്ത്രീകൾ ഉൾപ്പെടെയുള്ളവർ മയക്കു മരുന്നിന്റെ ഉപഭോക്താക്കളായി മാറിക്കൊണ്ടിരിക്കുന്നു. ഇതു മലയാളക്കരയിലെ കാര്യമാണ്. സമാധാനമില്ലാത്ത മനസുകളാണ്. ഇതിന് പിറകിൽ. കേരളത്തിൽ വിവാഹമോചനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

വർഗീയത കുടുന്നു എന്തിനാണ് വർഗീയത? ഓരോരുത്തർക്കും അവ



> **മനസ്സിൽ സമാധാനമുണ്ടായാൽ പുറത്തും സമാധാനം ജനിക്കുന്നത് കാണുവാൻ നമുക്ക് സാധിക്കും.** ”

രവർക്ക് ഇഷ്ടമുള്ള മതം വിശ്വസിക്കാം നമ്മുടെ ഭരണഘടന പ്രകാരം. ഒരാൾക്ക് മറ്റൊരാളെ ആശ്രയിക്കാതെ ജീവിക്കാൻ കഴിയില്ല. പരസ്പര സാഹോദര്യത്തിലെ ജീവിക്കാൻ കഴിയൂ. ഇൻഡ്യയുടെ സംസ്ക്കാരം എല്ലാവരും കൂടി കെട്ടി പടുത്തതാണ്. ഞാൻ ഒരു മത വിശ്വാസിയാണ്. സ്വഭാവികമായി ഇസ്ലാമാണ് എന്റെ മതം. എന്നാൽ ഞാൻ കേരളീയതയുടെ ഒരുപാട് ചിഹ്നങ്ങൾ പേറിയിട്ടാണ് ഇവിടെ നിൽക്കുന്നത്. എന്റെ ഉടുപ്പിൽ, എന്റെ ഉടുമുണ്ടിൽ, എന്റെ ഭാഷയിൽ, എന്റെ സംസ്ക്കാരത്തിൽ, എന്റെ മലയാളിത്തം എത്രയോ അടയാളങ്ങൾ ഇവിടെ പ്രകടമാകുന്നു. ഇതു കൂട്ടായ്മയാണ്. This is the common culture. This is the integration of cultural values, and this is the interaction of religios faiths and this is the inter mingling of various faithful civilization and culture. അതാണ് മാനവരാശിയുടെ ചരിത്രം. ആ ഒരു അർത്ഥത്തിൽ അതിനെ കാണാൻ സാധിക്കണം.

അസമാധാനമുള്ള ആളുകൾ വീട്ടിൽ നിന്ന് അച്ഛനെയും അമ്മയെയും ആട്ടി പുറത്താക്കുകയാണ്. കേരളത്തിൽ വ്യാപകമായി വൃദ്ധസദനങ്ങൾ പെരുകി വരുന്നു. എന്താണ് ഇതിന്റെ യഥാർത്ഥ കാരണം. ഈ മക്കളുടെ മനസ്സ് അസ്വസ്ഥമാണ്. സ്നേഹം കിട്ടി വളർന്നിട്ടില്ല, സ്നേഹം കിട്ടി വളർന്നവർക്കേ അച്ഛനെ മനസ്സിലാകൂ, സ്നേഹം കിട്ടി വളർന്നവർക്കേ അമ്മയെ മനസ്സിലാകൂ. അതു കൊണ്ട് സമാധാനത്തിന്റെ 'Dialectics' ചർച്ചക്കെടുത്താൽ അത് യുദ്ധത്തിലും കുഴപ്പത്തിലും മാത്രം നില്ക്കുന്ന ഒരു വിഷയമല്ല. വ്യക്തിയുടെ ജീവിത സംസ്ക്കാരത്തിൽ, കുടുംബ സംവിധാനത്തിൽ, ഒരു കിളിയുടെ പാട്ടിൽ, ഒരു പൂവിന്റെ മന്ദസ്മിതത്തിൽ, ഒരു കുഞ്ഞിന്റെ മന്ദഹാസത്തിൽ, ഇവയൊക്കെ സമാധാനത്തിലാണ് നിലനില്ക്കുന്നത്. ആ സമാധാനത്തെ മാറോടു ചേർക്കണം.

ക്രൈസ്തവ സഭയുടെ ചരിത്രം ഇൻഡ്യയുടെ ചരിത്രത്തിൽ സമ്മേളിച്ചു നില്ക്കുന്നതാണ്. ഇസ്ലാമിന്റെ ചരിത്രം ഇൻഡ്യയുടെ ചരിത്രത്തിൽ സമ്മേളിച്ചു നില്ക്കുന്നതാണ്. എല്ലാവരും കൂടി പടുത്തുയർത്തിയതാണ് ഇൻഡ്യ എന്നു പറയുന്ന മഹത്തായ രാജ്യം.

പൗലോസ് പുണ്യവാളൻ കോരിന്ത്യർ ലേഖനത്തിൽ പറഞ്ഞപോലെ "സ്നേഹം എല്ലാം പൊറുക്കും, സ്നേഹം എല്ലാം സഹിക്കും എല്ലാം ജയിക്കുന്ന സ്നേഹം". ആ സ്നേഹവുമായിട്ടാണ് ക്രിസ്തു മതം ഇൻഡ്യയിൽ. ആ സ്നേഹത്തിന്റെ ധാരകൾ ഇൻഡ്യയിൽ പ്രകടമായിട്ടു കാണുന്നു. കടലും, കപ്പലും, കപ്പിത്താനും, നിങ്ങളായിരിക്കട്ടെ. ഈ മരത്തണലിലെ കൂട്ടവും സമ്മേളനവും വലിയ വലിയ സുകൃതങ്ങളായി നാളെ പൂത്തുല്ലസിക്കട്ടെ എന്ന് ആശംസിക്കുന്നു.

*(യുവജനപ്രസ്ഥാനം വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം)*

# നമ്മിലൊരാൾ





**2010–ലെ കേരളാ സാഹിത്യ അക്കാദമി അവാർഡ് നേടിയ ബെന്യാമിൻ എന്ന ബെന്നി ദാനിയേൽ**

From Our Church

## ബെന്യാമിൻ

**എ**ഴുത്തുകാരൻ ആകണമെന്ന ആഗ്രഹമൊന്നും നെയ്തെടുക്കാത്ത മനസിൽ നിന്ന് നിയോഗമായി നിർഗമിച്ച രചനകൾ. രചനകളൊക്കെ വേറിട്ടു നില്ക്കുന്നു. ആ രചനകളെ തേടി അവാർഡുകൾ എത്തുന്നു. അവസാനമായി രചിച്ച 'ആടുജീവിതം' എന്ന നോവലിന് 2010 ലെ കേരള സാഹിത്യ അക്കാഡമി അവാർഡും.

കുളനട സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ് ബന്യാമിൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ബെന്നി ദാനിയേൽ. 1971 മെയ് 18ന് പന്തളം കുളനട മണ്ണിൽ പുത്തൻവീട്ടിൽ പി. എം. ദാനിയേലിന്റെയും അമ്മിണി ദാനിയേലിന്റെയും മകനായി ജനനം. മാന്തുക യു. പി. സ്കൂളിലും, പന്തളം എൻ. എസ്. എസ്. സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലും, തിരുപ്പൂർ നഞ്ചപ്പ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലുമായി ഉപരിപഠനം. കഴിഞ്ഞ 17 വർഷമായി ബഹറൈനിൽ ഉദ്യോഗം.

ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച "ആടുജീവിതം" എന്ന ബന്യാമിന്റെ നോവൽ ഇന്ന് മലയാള സാഹിത്യലോകത്ത് സജീവമായി കഴിഞ്ഞു. പ്രവാസി സുഹൃത്തായ നജീബിന്റെ അനുഭവങ്ങളും സ്വന്തം ഓർമ്മകളും ചേർന്നു ജീവിച്ചപ്പോൾ ഉടലെടുത്ത രചനയാണ് ആടുജീവിതം.

*ചില ചോദ്യങ്ങളും അവയ്ക്ക് ലഭിച്ച ഉത്തരങ്ങളും.*

*മനസ്സിലെ ക്രിസ്തു?* വിശ്വസ്നേഹത്തിലെക്കുള്ള വെളിച്ചത്തിന്റെ ഒരു നീണ്ട പാതയാണ് എനിക്ക് ക്രിസ്തു. ആ പാതയിലൂടെയുള്ള നടത്തം സഹനത്തിന്റെതാണ്.

*എഴുത്തിന്റെ പ്രേരണ?* ഓരോ മനുഷ്യനും ഓരോ ജീവിത നിയോഗങ്ങളുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. അവൻ അതിൽ എത്തപ്പെടണം. എഴുത്ത് എന്നിൽ അർപ്പിതമായ ഒരു നിയോഗമായി ഞാൻ കാണുന്നു.

*പ്രതീക്ഷയിലെ പള്ളി?* നിസ്സഹായകന്റെയും വിലപിക്കുന്നവന്റെയും അഭയകേന്ദ്രമാവണം പള്ളി..കൂട്ടായ്മയാണ് ക്രിസ്തീയതയുടെ അടിസ്ഥാനം. കൂടെയുള്ളവനെ താങ്ങുമ്പോഴാണ് അതിന് അർത്ഥം കൈവരുക. നാളെകളെകുറിച്ച് അന്വേഷിക്കുകയും പുതിയ ലോക സാഹചര്യങ്ങൾ മനസ്സിലാക്കുകയും അതിന് അനുസൃതമായി മനുഷ്യനെ പരുവപ്പെടുത്തുകയും ചെയ്യുക പള്ളിയുടെ കടമയാണെന്ന് ഞാൻ കരുതുന്നു.

*ക്രിസ്തീയതയും സാഹിത്യവും?* ക്രിസ്തീയതയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അന്വേഷണം ക്രിസ്തുവിന്റെ ആശയങ്ങൾ, വിശ്വാസസംഹിതകൾ, ജീവിത സന്ദേശം എന്നിവ ലോകസാഹിത്യത്തിൽ നിഴൽ വീണുകിടക്കുന്നു എന്ന അന്വേഷണത്തിലായിരിക്കും നമ്മെ കൊണ്ടു ചെന്ന് എത്തിക്കുക. അതൊരു വിപുലമായ വിഷയമാണ്. ക്രിസ്തുവിൽ ഇല്ലാത്ത ഒന്ന് മികച്ച സാഹിത്യത്തിലില്ല.

*ക്രിസ്തുവിന്റ സാഹിത്യം?* സാധാരണക്കാരന്റെ ഹൃദയത്തോട് നേരിട്ട് സംവേദിക്കുന്നവയാണ് അവ. അതിലും മികച്ച ഒരു രീതി ഇന്ന് നമുക്ക് എടുത്ത് കാട്ടുവാനില്ല.

*മനസ്സിന്റെ ദു:ഖം?* അമ്മയുടെ മരണം

*മനുഷ്യത്വത്തെക്കുറിച്ചുള്ള സ്വപ്നം?* അപരന്റെ വാക്കുകൾ മധുര സംഗീതമായി കേൾക്കുന്ന ഒരു കാലത്തെക്കുറിച്ചുള്ള കവി സ്വപ്നമാണ് മനുഷ്യത്വത്തെക്കുറിച്ചുള്ള എന്റെ സങ്കല്പം. അതിലൂടെ മനുഷ്യത്വത്തിലേക്കുള്ള ആദ്യചുവട്‌വെയ്ക്കുന്നു. അതിന്റെ തുടർച്ചയാണ് ബാക്കിയെല്ലാം.

**ബന്യാമിന്റെ മറ്റു കൃതികൾ:** യുത്തനേസിയ, പെൺമാറാട്ടം എന്നീ രണ്ട് കഥാസമാഹാരങ്ങൾ അബീശഗിൽ, പ്രവാചകന്മാരുടെ രണ്ടാം പുസ്തകം, അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ എന്നീ നോവലുകളും ഇരുണ്ട വനസ്ഥലികൾ എന്ന മറ്റൊരു ഗ്രന്ഥവും.

**ലഭിച്ചിട്ടുള്ള പുരസ്ക്കാരങ്ങൾ:** അബുദാബി മലയാളി സമാജം സാഹിത്യ പുരസ്ക്കാരം (യുത്തനേസിയ), ചെരാത് സാഹിത്യവേദി കഥാപുരസ്ക്കാരം (ബ്രേക്ക് ന്യൂസ്), അറ്റ്ലസ് – കൈരളി സാഹിത്യപുരസ്കാരം (പെൺമാറാട്ടം, ഗെസാന്റെ കല്ലുകൾ), കെ. എ. കൊടുങ്ങലൂർ കഥാപുരസ്ക്കാരം (ആഡിസ് അബാബ), അബുദാബി ശക്തി അവാർഡ് (ആടുജീവിതം), കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം (ആടുജീവിതം).

സഹധർമ്മിണി: ആശ.
മക്കൾ: റോഹൻ, കെസിയ.

**– ഫാ. യൂഹാനോൻ ജോൺ**



"കർത്താവിൻ സന്തോഷത്തിൽ - വാനിൽ പന്തിയിരിക്കുമവൻ"
ആബൂൻ മാർ ദിവന്നാസിയോസ് നേടട്ടെ നിത്യ സ്മരണം


Inserted by:

**TIJU PUNNOOSE, DUBAI**

**യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം**

# സമൂഹം നിഷ്ക്രിയമാകരുത് : ഉമ്മൻ ചാണ്ടി

യുവാക്കൾ ഭീകരവാദത്തിലേക്ക് എത്തിപ്പെടുന്നതിൽ സമൂഹത്തിന്റെ നിഷ്ക്രിയത്വം വലിയ പങ്കു വഹിക്കുന്നുണ്ടെന്നു പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 74–ാമതു അന്തർദ്ദേശീയ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നന്മയില്ലാതാവുന്നിടത്താണു ഭീകരചിന്ത ഉണരുന്നതെന്ന് ആഗോള സമാധാനവും യുവജനങ്ങളും എന്ന സെമിനാർ ഉദ്ഘാടനം ചെയ്തു കേന്ദ്രമന്ത്രി വയലാർ രവി പറഞ്ഞു. അസോ. സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് ഭീകരവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, റവ. ഫാ. ഡോ. ഒ. തോമസ്, റവ. ഫാ. എൽദോ ഏലിയാസ്, റവ. ഫാ. എബ്രഹാം കാരാമേൽ, റവ. ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്, പ്രൊഫ. മേരി മാത്യു, ഡോ. ജോഷ ഫീലിപ്പോസ്, ഡോ. ജോർജ്ജ് ജോസഫ്, യോഗാചാര്യ ബ്രഹ്മശ്രീ വിളയോടി മണി എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഡോ. യാക്കോബ് മാർ ഐറേനിയസ് ധ്യാനം നയിച്ചു.

22–ന് രാവിലെ ഏഴിന് കുർബാനയെത്തുടർന്ന് നടന്ന പാനൽ ചർച്ചയിൽ അബ്ദുൽ സമദ് സമദാനി, ഡോ. കെ. എസ്. രാധാകൃഷ്ണൻ, സിസ്റ്റർ ജെറമയിൻ എന്നിവർ പങ്കെടുത്തു. 11–ന് നടന്ന സമാപന സമ്മേളനത്തിൽ യുവജനപ്രസ്ഥാനം പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും, ലോഗോ പ്രകാശനവും, ഗൾഫ് കോൺഫറൻസ് ലോഗോ പ്രകാശനവും ഡോ. യാക്കോബ് മാർ ഐറേനിയസ് നിർവഹിച്ചു. പത്മശ്രീ അവാർഡ് നേടിയ കുര്യൻ ജോൺ മേളാംപറമ്പിൽ, അർജുന അവാർഡ് ജേതാവ് സിനിമോൾ പൗലോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

പ്ലാറ്റിനം ജൂബിലി വർഷത്തിന്റെ ആഘോഷങ്ങളുടെ ഭാഗമായി ഒരു ലക്ഷം വൃക്ഷത്തൈ വിതരണ ഉദ്ഘാടനം മന്ത്രി വയലാർ രവി നിർവഹിച്ചു. ജൂബിലി വർഷത്തിൽ 10 വീടുകളും അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുന്ന ജൂബിലി വില്ലേജുകൾ സ്ഥാപിക്കും. നിർദ്ധനരായ 75 വിദ്യാർത്ഥികളെ ദത്തെടുക്കാനും യുവജനങ്ങളുടെ ആത്മീയവും മാനസികവുമായ വളർച്ചയ്ക്കായി യൂത്ത് മിനിസ്ട്രികൾ ആരംഭിക്കാനും കുന്നംകുളത്തെ യൂത്ത് സെന്റർ പുനരുദ്ധരിക്കാനും നടപടികൾ സ്വീകരിക്കും.

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനം അടുത്ത മേയിൽ ന്യൂഡൽഹിയിൽ നടക്കും. യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പസ്, വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, ജനറൽ സെക്രട്ടറി ഫാ. സ്പെൻസർ കോശി, കേന്ദ്ര ട്രഷറർ ഉമ്മൻ ജോൺ, മത്തായി ഇടയനാൽ കോറെപ്പിസ്കോപ്പ, ജനറൽ കൺവീനർ വെരി. റവ. തോമസ് പോൾ റമ്പാൻ, റവ. ഫാ. ബോബി വർഗ്ഗീസ്, ടിൽസൺ വർഗ്ഗീസ്, പി.വി. സാജു എന്നിവർ നേതൃത്വം നല്കി.

## മംഗളങ്ങൾ



പത്രാധിപർ പ്രധാനാചാര്യനാകുന്ന വർണ്ണക്കാഴ്ച മലങ്കര സഭയ്ക്ക് വീണ്ടും സ്വന്തം. കരുത്തുറ്റ പത്രാധിപ ലേഖനങ്ങളിലൂടെ മലങ്കരസഭയുടെ മനം കവർന്ന ശ്രേഷ്ഠ പുരോഹിതനായ അഭി. സഖറിയ മാർ അപ്രേം തിരുമേനി വായനയുടെ ലോകത്ത് ചുവട് മാറി ചിന്തിച്ച വൈദിക ശ്രേഷ്ഠനായിരുന്നു. പത്രാധിപസ്ഥാനത്തിരിക്കത്തന്നെ റമ്പാനും മെത്രാപ്പോലീത്തായുമായി. ഒരിടയന്റെ രൂപവൽക്കരണത്തിൽ അക്ഷരക്കൂട്ടം ഏറ്റവും കൂടുതൽ അഭിമാനിക്കുന്ന മുഹൂർത്തങ്ങൾ. സഭയുടെ സത്യവും നീതിയും പ്രോജ്ജ്വലിപ്പിക്കുന്ന വാക്കുകൾ ഇനിയുമുയരട്ടെ. അധികാരത്തിന്റെ ദുരകളും, സമ്പത്തിന്റെ മേളകളും, സമൂഹത്തെ അടിച്ചമർത്തരുതെന്ന പ്രവാചക ശബ്ദത്തിനായി ഇനിയും കാതോർത്തുകൊണ്ട്

മലങ്കര സഭാ വായനക്കൂട്ടത്തിന്റെ മംഗളങ്ങൾ.




അഖില മലങ്കര മർത്തമറിയം വനിതാ സമാജത്തിന്റെ ദേശീയ സമ്മേളനം പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. ജോൺ ശങ്കരത്തിൽ, സിസ്റ്റർ ജൂലിയാന, അക്കാമ്മ പോൾ, ശോശാമ്മ മാത്തൻ എന്നിവർ.

### തിരുത്ത്

കഴിഞ്ഞ ലക്കം മഹാപുരോഹിത സന്ദേശത്തിൽ 7 മേൽപട്ടക്കാർ എന്നതിനു പകരം 8 എന്ന അച്ചടിപ്പിശക് സംഭവിച്ചതിൽ അതിയായി ഖേദിക്കുന്നു.

*എഡി.*



പ്രൊഫ. മേരി കുര്യൻ

> "ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ..."
> (യശ. 43:1).

# ജീവന്റെ വെട്ടവുമായി കാമ്പസിലേക്ക്

മദ്ധ്യവേനൽ അവധികഴിഞ്ഞു. കളിച്ചുരസിച്ച രണ്ടു മാസക്കാലം. പക്ഷേ, പുഴയിലും വഴിയിലും വാഹനങ്ങളിലും വിമാനങ്ങളിലുമായി എത്ര എത്ര കുരുന്നു ജീവനുകളാണ് ഹോമിക്കപ്പെട്ടത്. അവരുടെ ചേതനയറ്റ ജഡങ്ങളും വഹിച്ച ദൈവദൂതന്മാരെപ്പോലെ നടന്നുനീങ്ങുന്ന ദുരിതാശ്വാസപ്രവർത്തകർ... മറുപുറത്ത് അപകടത്തിൽപ്പെട്ട് മരണവേദനയോടെ ആശുപത്രിയിൽ കൊണ്ടുപോകുന്ന പെൺകുട്ടികളോടു പോലും അതിക്രമം കാട്ടുന്ന ഭ്രാന്തൻ യുവത്വം. അതിനിടയിൽ കാലം, ഒന്നു മറിയാത്ത ഒരു കശ്മലനെപ്പോലെ, അതിന്റെ രഥചക്രം ഉരുട്ടിക്കളിക്കുന്നു. കൂട്ടുകാരുടെ വേർപാടിന്റെ വേദനകളുമായി, വീണ്ടുമൊരു വിദ്യാലയ വർഷം വന്നണഞ്ഞു. ഇക്കുറി പെന്തക്കോസ്തി പെരുന്നാളിന്റെ പുതിയ ഉണർവ്വുമായി നമുക്കു പുതു വർഷത്തെ വരവേല്ക്കാം. പുതിയ ചില തീരുമാനങ്ങളോടെ പുറപ്പെടാം.

Well begun is half done

അവധിക്കാല ശില്പശാലകൾ

മറ്റൊരു കൂട്ടം കൂട്ടുകാരുണ്ട്. അവർ കുറെക്കൂടി അർത്ഥപൂർണ്ണമായി അവധിക്കാലം ചിലവഴിച്ചു. അവധിക്കാല ശില്പശാലകൾ എത്രയെണ്ണമാണ് നമ്മുടെ സഭ ക്രമീകരിച്ചിരുന്നത്. വിദ്യാർത്ഥിപ്രസ്ഥാനം ഒരാഴ്ചക്കാലം കോട്ടയത്തു നടത്തിയ 'മിടുക്കരുടെ സംഗമം.' മിഷൻ ബോർഡ് മാവേലിക്കരയിൽ നടത്തിയ രണ്ടാഴ്ചക്കാല 'ദൈവവിളി കോൺഫറൻസ്', മിഷൻ ട്രെയിനിങ് സെന്ററിൽ നടന്ന ഒരാഴ്ചക്കാലത്തെ ജൂണിയർ നാംസ് വർക്ക്ഷോപ്പ്, സണ്ടേസ്കൂൾ മേൽനോട്ടത്തിൽ വാകത്താനത്ത് ഒരാഴ്ചക്കാലം നടന്ന ശില്പശാല. ഇതിൽ 3 എണ്ണത്തിൽ, ഇടയരായി കുട്ടികളെ പരിപാലിക്കാൻ ഞങ്ങളും ഉണ്ടായിരുന്നു. അവിടെ മുഴങ്ങിക്കേട്ട ചില ജീവിതാനുഭവങ്ങൾ കൂട്ടുകാരുമായി ഇന്നു പങ്കുവയ്ക്കാം.

പണ്ട് പണ്ട് നസ്രാണി പെൺകൊടികളെ കാമ്പസിലും ദേശത്തും വേർതിരിച്ചറിഞ്ഞിരുന്നത് മൂന്നു വിധത്തിലായിരുന്നു:

A. അവരുടെ അർത്ഥപൂർണ്ണമായ പേരുകളിലൂടെ

B. അവരുടെ മാന്യമായ ഡ്രസ്സ് കോഡ്

C. അന്തസ്സുള്ള നന്മപ്രവൃത്തികൾ.

ഇന്ന്, ഇതു മൂന്നും കീഴ്മേൽ മറിഞ്ഞിരിക്കുന്നു. മദ്യപിച്ചു സ്ത്രീ കാർ ഓടിച്ച് രണ്ടുപേരെ കൊന്നു; രണ്ടുപേർ ആശുപത്രിയിൽ കഴിയുന്നു. മറയൂർ വനത്തിൽ ചന്ദനമരം മുറിച്ച പ്രതിയെ ഫോറസ്റ്റ് സ്റ്റേഷനിലേക്കു കൊണ്ടുപോകുംവഴി, പത്തോളം ആദിവാസി സ്ത്രീകൾ വനപാലകരെ ആക്രമിച്ച് പ്രതിയെ മോചിപ്പിച്ചു. വനപാലകർ

**വസ്ത്രം വ്യക്തിത്വത്തിന്റെ ഒരു എക്സ്റ്റൻഷനാണ്. ഇന്നു പലരും വസ്ത്രം ധരിക്കുന്നത് തന്റെ 'ഉണ്മ' അറിയാതിരിക്കാനാണ് നീലക്കുറുക്കന്റെ കഥപോലെ.**



അടിമാലി താലൂക്ക് ആശുപത്രിയിലാണ്. മദ്യഷാപ്പുകളും, പെൺവാണിഭങ്ങളും, ബ്ലേഡ് കമ്പനികളും നടത്തുന്ന സ്ത്രീകളുണ്ട്.

**A. ക്രിസ്തീയ നാമങ്ങൾ:** ഈ ജീവിതയാത്രയിൽ അന്തസ്സോടെ യാത്ര ചെയ്ത, ദൈവപ്രസാദമുള്ള പൂർവ്വീകരുടെ അർത്ഥപൂർണ്ണമായ പേരുകളാണ്, ഒരുനാളിൽ, ക്രൈസ്തവർ സ്വീകരിച്ചിരുന്നത്. അവരെപ്പോലെയാകാൻ, ആ പേരുകൾ എന്നും നമ്മോട് സംവദിച്ചിരുന്നു. ഇപ്പോൾ നമ്മുടെ പെൺമണികളുടെ വിളിപ്പേരുകൾക്ക് അർത്ഥമല്ല പ്രധാനം. പ്രാസമാണ്. ഇക്കാലത്തെ മാതാപിതാക്കൾ മക്കൾക്കു നല്കിപ്പോരുന്ന പേരുകൾ കേട്ടാൽ മനുഷ്യജീവികളാണോ എന്നുതന്നെ തിരിച്ചറിയാൻ പ്രയാസമാണ്.

**B. ഡ്രസ്സ് കോഡ്:** നസ്രാണികൾക്ക്, മുൻകാലങ്ങളിൽ, നാടുവാഴികൾ കല്പിച്ചുനല്കിയ നല്ല ഒരു വസ്ത്രധാരണക്രമം ഉണ്ടായിരുന്നു. പ്രത്യേക വേഷത്തിലൂടെ അവരെ പ്രത്യേകം തിരിച്ചറിഞ്ഞിരുന്നു. പെൺകൊടികളിന്ന് ദേവാലയങ്ങളിൽപോലും പ്രദർശനവസ്തുക്കളാണ്.

ബാലനായ ദാവീദ് (1 ശമു. 17) ഫെലിസ്ത്യമല്ലൻ ഗോല്യാത്തിനെ നേരിടാൻ തയ്യാറായത് ഓർമ്മയുണ്ടോ? രാജാവായ ശൗൽ, നിഷ്കളങ്കനായ ദാവീദിനെ പടച്ചട്ട ധരിപ്പിച്ചു. തലയിൽ താമ്രശിരസ്ത്രം വെച്ചു. പടച്ചട്ടയിന്മേൽ വാളും കെട്ടിവച്ചു. ദാവീദ് ശൗലിനോടു പറഞ്ഞു: ഇതു ശീലിച്ചിട്ടില്ലായ്കയാൽ കൊണ്ടുനടപ്പാൻ കഴിയുന്നില്ല. അവൻ ആ വസ്ത്രം ഊരിവച്ചു. ശീലിച്ചതു ധരിച്ചു. ഗോല്യാത്തിനോടടുത്തു.

വസ്ത്രം വ്യക്തിത്വത്തിന്റെ ഒരു എക്സ്റ്റൻഷനാണ്. സ്ത്രീത്വത്തിന്റെ ഒരു ഉണ്മയാണ്. ഇന്നു പലരും വസ്ത്രം ധരിക്കുന്നത് തന്റെ 'ഉണ്മ' അറിയാതിരിക്കാനാണ്——നീലക്കുറുക്കന്റെ കഥപോലെ. ഉണ്മ അഴിഞ്ഞുവീഴുന്ന വസ്ത്രധാരണം.

ശൈശവത്തിൽ നമ്മുടെ മാതാപിതാക്കൾ അഭ്യസിപ്പിച്ച വേഷമാണോ നാം കാമ്പസിൽ പാലിക്കുന്നത്? അതോ മോഡലുകൾ പരസ്യങ്ങളിൽ പ്രകടിപ്പിക്കുന്ന സൗന്ദര്യമത്സരരീതിയാണോ സ്വീകരിക്കുന്നത്. ദാവീദിനെപ്പോലെ നമ്മുടെ ശരീരത്തിനിണങ്ങുന്ന, വ്യക്തിത്വം പ്രകടമാക്കുന്ന, ശീലിച്ച വസ്ത്രം വേണം ധരിക്കാൻ. എങ്കിലേ ലക്ഷ്യത്തിൽ ചെന്നെത്തു.

**C. നന്മപ്രവൃത്തികൾ:** കഴിഞ്ഞ കാലങ്ങളിൽ ക്രൈസ്തവരെ തിരിച്ചറിഞ്ഞിരുന്നത് അവരുടെ സാക്ഷ്യജീവിതം കണ്ടാണ്. അയലത്തെ പട്ടിണിയകറ്റാൻ പങ്കുവയ്ക്കുന്ന അമ്മമാർ. അതിഥികൾക്കു വയറുനിറയെ ഭക്ഷണം നല്കി വെറുംവയറോടെ ഉറങ്ങുന്ന കുടുംബിനികൾ. വ്യക്തിത്വ വികസന ക്ലാസ്സിൽ പങ്കെടുത്ത ഒരു ശ്യാമസുന്ദരി അവളുടെ അമ്മയുടെ കഥ പറഞ്ഞു. എല്ലാ വർഷവും മദ്ധ്യവേനലവധിക്കാലത്തവർ സഭയുടെ അനാഥമന്ദിരങ്ങളിൽ സഹായിക്കാൻ, ഒരു മാസക്കാലം, പോയിരുന്നു അന്നൊരിക്കൽ പൂനയിലെ, കുഷ്ഠരോഗികളുടെ പെൺമക്കളെ വളർത്തുന്ന ബാലികഭവനിലേയ്ക്ക് പോകാൻ റെയിൽവേ സ്റ്റേഷനിലെത്തിയതാണ്. വലിയ തിരക്കിൽ ട്രെയിനിൽ കയറിപ്പറ്റിയ ഒരു വല്യമ്മ, വിഷാദഗ്രസ്തയായി അവരോടു പറഞ്ഞു: "എന്നെക്കൂടി എവിടെയെങ്കിലും ഒന്നു താമസിപ്പിക്കണം. മരുമകൾ നീറ്റിലും നിലയിലും നിർത്തുകില്ല." യാത്ര മുറിച്ചു, വഴിമദ്ധ്യേ ഇറങ്ങി വല്യമ്മയെ ഒരു വൃദ്ധ സദനത്തിലാക്കിയിട്ടാണ്, അമ്മ ബാലികാഭവനിലെത്തിയത്. ഒരു മാസക്കാലത്തെ ബാലികാ ഭവനിലെ ശുശ്രൂഷ കഴിഞ്ഞ് വീട്ടിലേക്കു മടങ്ങുമ്പോഴും വൃദ്ധ സദനിലെത്തി വല്യമ്മയെ സന്ദർശിക്കാൻ അവർ മറന്നില്ല. ഇന്ന് നമ്മുടെ പെൺകൊടികൾ ബസ്സിൽ യാത്ര ചെയ്യുമ്പോൾ വൃദ്ധർക്ക് ഒരു സീറ്റ് ഒഴിഞ്ഞുകൊടുക്കാൻപോലും തയ്യാറല്ല.


## വിവാഹിതരായി



കുറിച്ചി: കളപ്പുരയ്ക്കൽ കെ. ജെ. വർഗീസിന്റെയും, മോളി വർഗീസിന്റെയും മകൻ **ജിന്റോ കെ. വർഗീസും** (മലങ്കരസഭ, ദേവലോകം), ചീരഞ്ചിറയിൽ മുണ്ടപ്ലാംമൂട്ടിൽ എം.കെ. കുറിയാക്കോസിന്റെയും, ഏലിയാമ്മ കുറിയാക്കാസിന്റെയും മകൾ **മനു കുറിയാക്കോസും** തമ്മിലുള്ള വിവാഹം 24-05-2010 (തിങ്കൾ)-ന് കുറിച്ചി വലിയപള്ളിയിൽ, **അഭി. ഡോ. സഖറിയ മാർ അപ്രേം തിരുമേനിയുടെ** പ്രധാന കാർമ്മികത്വത്തിൽ നടന്നു.

EDUCATION

ഫാ. റിഞ്ചു പി. കോശി



**കഥ ഇതുവരെ...**

**സ്ക്കൂൾ തുറന്നു പുസ്തകങ്ങൾക്കു മുമ്പിൽ മിഴിച്ചിരിക്കുന്ന കുഞ്ഞുങ്ങൾക്ക് പഠനം ഒരു ഭാരമായി തോന്നുന്നുണ്ടോ എങ്കിൽ**

*(തുടർന്ന് വായിക്കുക...)*

# പഠന മാർഗ്ഗങ്ങൾ

**ആമുഖം**

പഠനം ജീവിതചക്രത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ ആരംഭിച്ച് ഒരു പ്രത്യേക ഘട്ടത്തിൽ അവസാനിക്കുന്നു എന്ന് പൂർണ്ണമായി തെളിയിക്കുവാൻ കഴിയുകയില്ല. പഠനം ഒരു തുടർപ്രക്രിയയാണ്. (Continuing process) അമ്മയുടെ ഉദരത്തിൽവച്ച് പഠനം ആരംഭിച്ചവരെ ചരിത്രം നമുക്ക് കാട്ടിത്തരുന്നു. എന്നാൽ പഠനദിശയിൽ ജീവിതം ആയിരിക്കുന്നവർക്ക് മറ്റൊരു Option ഇല്ല എന്നത് പരമമായ സത്യമാണ്. ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നത് മാതാപിതാക്കൾ പണിതുയർത്തുന്ന സ്വപ്നം മക്കൾ എന്ന അടിസ്ഥാനശിലയുടെ മുകളിൽ ആണ്. അടിസ്ഥാനശിലയ്ക്ക് ഇളക്കം സംഭവിക്കരുത്.

**പഠനസ്ഥലം:** • നിറയെ പുസ്തകങ്ങൾ ഇല്ലാത്ത അടുക്കും ചിട്ടയിൽ പുസ്തകങ്ങൾ വച്ചിരിക്കുന്ന മേശയും കസേരയും തിരഞ്ഞെടുക്കണം • മേശയുടെ അടിയിൽ (foot rest) ഉണ്ടായിരിക്കണം • കിഴക്കോട്ട് ദർശനമാണ് ഉചിതം • പടങ്ങളും മറ്റു ചിന്തകളെ വ്യതിചലിപ്പിക്കുന്ന മറ്റ് ഉപാധികൾ ഉണ്ടാകാതെ മേശ സൂക്ഷിക്കണം • ആവശ്യമായ വെളിച്ചം ഉള്ള സ്ഥലം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം • Table lamp ഉപയോഗിച്ചാൽ ഇടതുവശത്ത് വയ്ക്കുന്നത് ഉചിതം • തുറസ്സായ സ്ഥലം ചിന്തകളെ തെറ്റിക്കുന്നില്ലെങ്കിൽ ഉചിതമാണ് • പുസ്തകങ്ങളും മറ്റ് പഠനോപാധികളും ശുചിയായി സൂക്ഷിക്കണം • ചട്ടകൾ (cover) ഇടണം • side-ൽ ഉണ്ടാകുന്ന ചുളിവുകൾ നേരെ ആക്കുക • നോട്ട് ബുക്കുകൾ ഏറ്റവും നല്ലത് തന്നെ തിരഞ്ഞെടുക്കുക. മനസ്സിനെ അത് സ്വാധീനിക്കും.

**പഠനസമയം:** വ്യക്തികളെ ആശ്രയിച്ച് വ്യത്യാസപ്പെട്ടിരിക്കും • പ്രഭാതസമയം ഉപയോഗിക്കുന്നതാണ് കൂടുതൽ ഉചിതം • ഉചിതമായ സമയം ഓരോരുത്തരുടെയും ശരീരസ്ഥിതി അനുസരിച്ച് കണ്ടെത്തണം • പഠനത്തിന് തിരഞ്ഞെടുക്കുന്ന സമയം കഴിവതും എല്ലാ ദിവസവും ഒരേ സമയമാണെങ്കിൽ (conditioning) ഉചിതമായിരിക്കും.

വിശ്രമം വളരെ ആവശ്യമായ ഒന്നാണ്. 45 മിനിറ്റ് മാത്രം നീളുന്നത് ഏകാഗ്രത നൽകും. • എന്നാൽ വിശ്രമം പഠനത്തിൽനിന്ന് നമ്മെ മാറ്റുന്ന ഇതര കാര്യങ്ങളിലേക്ക് ആകരുത് (ടി.വി. കാണുന്നത് ആകരുത്) • നിദ്രയെ പൂർണ്ണമായി അവഗണിക്കാതെയിരിക്കുവാൻ ശ്രദ്ധിക്കണം.

പഠിച്ചവയെ അനുഭവത്തിന്റെ തലവുമായി ബന്ധിപ്പിക്കുവാൻ ശ്രമിക്കുക • പഠിക്കുവാൻ പഠനാശയങ്ങളെ ഹൃദയബിംബങ്ങളാക്കി പ്രതിഷ്ഠിക്കുക ചരിത്രപഠനത്തിനാണ് ഇവ കൂടുതൽ സഹായകരം.

സുഹൃദ്ബന്ധങ്ങൾ പഠനത്തെ സഹായിക്കും • വ്യർത്ഥസംസാരങ്ങൾ ഇല്ലാത്ത combine study പഠനാസക്തി വർദ്ധിപ്പിക്കും • തെറ്റായ കൂട്ടുകെട്ടുകൾ നാശത്തിന്റെ കൈയാളന്മാരും ആയിരിക്കും അവയെ ഒഴിവാക്കുക.

ഉറക്കെ വായിച്ച് പഠിക്കുക • ചിന്തകൾ വ്യതിചലിക്കാതിരിക്കും • നിശബ്ദ വായനകളും നിരുത്സാഹപ്പെടുത്തുന്നില്ല • പലതവണ ഉരുവിടുന്നതിൽ പിശുക്ക് പാടില്ല. പ്രത്യേകിച്ച് പദ്യം മുതലായവ.

എഴുതി നോക്കുന്നത് ഉചിതമാണ് • Ideasന്റെ transferring speed വ്യത്യാസപ്പെടുന്നതിനാൽ എഴുതിപ്പഠിച്ചാൽ പരീക്ഷയ്ക്ക് എഴുതുവാൻ സാധിക്കും • മാർക്കിനെയും പഠനമനഃശാസ്ത്രത്തെയും സ്വാധീനിക്കുന്നതിൽ കൈയക്ഷരത്തിന് സ്ഥാനം ഉള്ളതിനാൽ എഴുതിപ്പഠിക്കുന്നത് സഹായകരമാണ് • വരുത്തുന്ന തെറ്റുകളെക്കുറിച്ചുള്ള അവബോധത്തിനും ഇത് സഹായകമാണ്.

Class-ൽ പഠിപ്പിക്കുന്ന സമയത്ത് Lecture note എഴുതുന്നത് നല്ലതാണ് • കൂടുതൽ ശ്രദ്ധ ലഭിക്കും • അദ്ധ്യാപകൻ ഉപയോഗിക്കുന്ന പ്രത്യേക ഉദാഹരണങ്ങൾ കൂടുതൽ വ്യക്തമാകും • എന്നാൽ തുടർന്ന് പറയുന്ന കാര്യങ്ങളിൽ നിന്ന് ശ്രദ്ധ മാറ്റുന്നു എങ്കിൽ ക്ലാസ്സിൽ ശ്രദ്ധിച്ചിരിക്കുന്നതാണ് ഉചിതം • ശ്രദ്ധ ഏറ്റവും പ്രധാനം.

Tution home-ൽ പോകുന്നതിൽ തെറ്റില്ല • പഠിപ്പിക്കുന്നത് മനസ്സിലാകുന്നില്ല എങ്കിൽ മാത്രം സംശയനിവാരണമാണ് ട്യൂഷൻകൊണ്ട് ഉദ്ദേശിക്കുന്നത് ട്യൂഷൻ ഫാഷൻ ആകരുത്



• പഠനസമയത്തെ നശിപ്പിക്കരുത്.

സംശയങ്ങൾ വച്ചുകൊണ്ട് പഠനം നയിക്കരുത് • എപ്പോഴും കൂടെ ഒരു ചെറിയ നിഘണ്ടു സൂക്ഷിക്കുന്നത് ഉചിതം • സ്വയം ഹോംവർക്ക് ചെയ്യുവാനായി ശ്രദ്ധിക്കുക.

തുല്യ പ്രാധാന്യം നല്കുക • ഒന്നിനു മാർക്ക് കുറവും ഒന്നിന് കൂടുതൽ വരാതിരിക്കുവാൻ ശ്രമിക്കുക (All round performance) • SWOT Analysis നടത്തണം (strength, Weakness, Opportunities, Threats) • ബുദ്ധിമുട്ട് ഉള്ള വിഷയങ്ങൾക്ക് കൂടുതൽ സമയം നല്കുക • വിഷയങ്ങൾ മാറിമാറി പഠിക്കുന്നത് ബുദ്ധിക്കും നല്ലതാണ്.

പഠനപരിശോധന വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് • അതാത് ദിവസത്തെ പാഠങ്ങൾ അതാത് ദിവസം പഠിക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്യണം • ശനി, ഞായർ ദിവസങ്ങളിൽ ഒരാഴ്ചയിൽ പഠിച്ചവയെക്കുറിച്ച് വിലയിരുത്തുക • Previous questions collect ചെയ്യുകയും അവയിൽ താൻ പഠിച്ച പാഠങ്ങളിൽനിന്നുള്ള ചോദ്യങ്ങൾ ഉണ്ടെങ്കിൽ ഉത്തരം ചെയ്യുകയും ചെയ്യണം • മാസാന്ത്യത്തിലും മോഡൽ പരീക്ഷ നടത്താവുന്നതാണ് • പാഠങ്ങളുടെ weightage വിസ്മരിക്കരുത്.

ഓർമ്മശക്തി വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് • Mneumonics ഉണ്ടാക്കുക. (പുതിയ വാക്കുകൾ എളുപ്പവഴികളായി കണ്ടെത്തുക ഉദാഹരണം Vibgyor എന്നത് മഴവില്ലിലെ നിറത്തിന്റെ ആദ്യാക്ഷര സംഗ്രഹം) • ചെറിയ കുറിപ്പുകൾ എഴുതി സൂക്ഷിക്കുക • വിവിധ നിറത്തിലുള്ള പേനകളുടെ ഉപയോഗം പഠനത്തെ ആകർഷകം ആക്കും • ഉപയോഗരഹിതമായ ടി.വി. പരിപാടികൾ ഒഴിവാക്കുകയും വിദ്യാഭ്യാസ സഹായകചാനലുകൾ കാണുകയും വേണം. ഉദാ: വിക്ടേർസ്) ദേഷ്യം തുടങ്ങിയ വികാരങ്ങൾ കഴിവതും ഒഴിവാക്കുക.

മാതാപിതാക്കളുമായി ആശയവിനിമയങ്ങൾ നടത്തുക • പല പ്രശ്നങ്ങളിൽനിന്നും അത് നമ്മെ രക്ഷിക്കും • മാതാപിതാക്കളുടെ സഹായത്താൽ ആവശ്യസമയത്ത് ഡോക്ടേർസിന്റെ സഹായം തേടുക • മനസ്സിനെ സമചിത്തതയിൽ കാക്കുവാൻ ഇത് സഹായിക്കും.

പാൻപരാഗ്, മയക്കുമരുന്ന് മുതലായവയുടെ ഉപയോഗം ഉണ്ടാകരുത് • കോപ്പി അടിച്ച് ജയിക്കാമെന്ന് ചിന്ത അരുത് • മാർക്ക് കൂടുതൽ നേടുന്നവരെ ശത്രുക്കളായി കാണരുത്.

സർവ്വത്തിലുമുപരിയായി ദൈവവിശ്വാസം ഉണ്ടാക്കിയെടുക്കുക • പഠനം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും പ്രാർത്ഥനയിൽ ആകണം • ദൈവകടാക്ഷത്തിന് നോമ്പും പ്രാർത്ഥനയും അത്യന്താപേക്ഷിതമാണ് • ഗുരുത്വമെന്ന മൂന്നക്ഷരം കൈവിടാതെയും ജീവിക്കുക. ■

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ-താമസിച്ചതിൽ ക്ഷമാപണം



മറിയാമ്മ പൗലോസ്,
കുറ്റിക്കാട്ടിൽ കിഴവള്ളൂർ

## വൈദിക സെമിനാരി അഡ്മിഷൻ 2010

കോട്ടയം:- ഓർത്തഡോക്സ് വൈദിക സെമിനാരി 2010-2015 ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ബിരുദധാരികളായ ഓർത്തഡോക്സ് യുവാക്കൾക്ക് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ 2010 ജൂലൈ 10-നു മുമ്പായി സെമിനാരി ഓഫീസിൽ ലഭിക്കേണ്ടതാണ്. അപേക്ഷാ ഫോമിനും പ്രോസ്പെക്ടസിനും 200 രൂപാ M.O./D.D. സഹിതം

**പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പോസ്റ്റ് ബോക്സ്-98, കോട്ടയം-686001, കേരള, ഇൻഡ്യ** എന്ന വിലാസത്തിൽ അയയ്ക്കുക.

വെബ്സൈറ്റിൽ നിന്നും അപേക്ഷകൾ ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. www.ots.org.in

## $20^{th}$ ANNIVERSARY
## 16.05.2010



**THAMPY, SUSY**
**SYPY, SUNIL, SUSHEEL**
**Vazhakala, Edmonton**
**Canada**

## $2^{nd}$ Death Anniversary
## 11-07-1937 to 11-06-2008



**Mrs. ELIZABETH GEEVARGHESE**
**KOCHALUMMUTIL NELLICOMATHU,**
**BUDHANOOR**

*Your Loved ones,*


**Thane, Maharashtra**

## *For Favours Received*

ശോഭ ബിജു, ഏലൂർ

## *For Favours Received*

സാറാമ്മ പൊടിക്കുഞ്ഞ്
ടാറ്റാ ടീ ലിമിറ്റഡ്
ഇൻസ്റ്റന്റ് ടീ ഡിവിഷൻ
മൂന്നാർ, ഇടുക്കി ജില്ല

**JITHIN VADASSERIKARA**

## $I^{st}$ DEATH ANNIVERSARY
## 14-06-2010



**Mrs. RAICHEL VARUGHESE**
**PAREL HOUSE, MALLAPPALLY**

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

എന്ന് ദുഃഖാർത്തരായ

**P.T. Varughese & Children**

# ADMISSION NOTICE FOR 2010-2011

## M.Sc. Nursing, P.C. B.Sc. Nursing, B.Sc. Nursing, General Nursing

**Affiliated to Indian Nursing Council, Rajiv Gandhi University**

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കുന്നു**

| | | |
|---|---|---|
| *ONLY GIRLS*<br>**KASTURBA HOSPITAL**<br>VARADARAJA COLLEGE/<br>SCHOOL OF NURSING<br>Tumkur, Bangalore | **B.Sc.**<br>I$^{st}$ 87.500<br>II$^{nd}$ 57,500<br>III$^{rd}$ 57.500<br>IV$^{th}$ 57,500 | 45% മാർക്ക് ഉള്ളവർക്കും V.H.S.E.ക്കാർക്കും SAY എഴുതി പാസായവർക്കും അപേക്ഷിക്കാം.<br>Total Package<br>4 Years Degree B.Sc. Nursing Rs.260000/- only.<br>GNM 3!/2 years 1.1OOOO/- only<br>ഫീസ്, ഭക്ഷണം, താമസം, യൂണിഫോം തുടങ്ങി സകല ചെലവുകളും |
| *ONLY GIRLS*<br>**AKSHAYA HOSPITAL**<br>AKSHAYA COLLEGE / SCHOOL OF NURSING<br>Tumkur, Bangalore | **B.Sc.**<br>I$^{st}$ 81,750<br>II$^{nd}$ 73.750<br>III$^{rd}$ 73,750<br>IV$^{th}$ 68,750 | Total Package<br>4 Years Degree B.Sc. Nursing Rs.298000/- only.<br>GNM 3'/2 years 1,20000/- only<br>ഫീസ്, ഭക്ഷണം, താമസം, യൂണിഫോം തുടങ്ങി സകല ചെലവുകളും |
| **SREEDEVI HOSPITAL**<br>SREEDEVI COLLEGE / SCHOOL OF NURSING<br>Tumkur, Bangalore | **B.Sc.**<br>I$^{st}$ 98.000<br>II$^{nd}$ 72,000<br>III$^{rd}$ 72.000<br>IV$^{th}$ 72,000 | Total Package<br>4 Years Degree B.Sc. Nursing Rs.3,14000/- only.<br>GNM 3'/2 years 1,250007- only<br>ഫീസ്, ഭക്ഷണം, താമസം, യൂണിഫോം തുടങ്ങി സകല ചെലവുകളും |

**സ്വന്തമായി ആശുപത്രി, ബാങ്ക് ലോൺ സൗകര്യം, ഫീസ് തവണകളായി, പെൺകുട്ടികൾക്ക് സുരക്ഷിതമായ ഹോസ്റ്റൽ, പ്രഗത്ഭരായ അദ്ധ്യാപകർ, കേരളാ ഭക്ഷണം, ഡൊണേഷൻ ഇല്ല.**

## SREEDEVI INSTITUTE OF ENGG. & TECHNOLOGY
## &
## AKSHAYA INSTITUTE OF ENGG. & TECHNOLOGY

**Bio Technology, Electronics & Communication, Computer Science, Information Science, Mechanical, Electrical & Electronics**

**അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക**

M. K. Thomaskutty (Information Centre), Manappurathu(H),
Bank Jn, Thadiyoor P.O. Thiruvalla-689545, Kerala,
Ph: 0469-2655633, Mob: 9388655633

*Provisions are made for students to participate in worship every sunday under the leadership of St. John s Mar Thoma Church, R.C. Church & St. Gregorious Orthodox Church at Tumkur.*




## BRIDE GROOM WANTED

Proposals are invited for my sister 29, 5'1", B.Tech, Orthodox, fair and enployed in wipro, from parents or professionally qualified christian Grooms, Please respond with the Biodata and latest photo

Email: **elizabethabraham@gmail.com.**

**Phone: 00919846012266**

## BRIDE WANTED

**RE-MARRIAGE**

"Orthodox parents from Calicut invite proposals for their son (32-175) B.Tech. I.I.Eng. Owning I.T. Co. With clean habit. Invite proposal from parents of God fearing, well qualified girls.

**Contact :-**

**Ph: 0495-2320247/09349730963**

## BRIDE WANTED

Orthodox parents from Pathanamthitta district temporarily settled in Jaipur (Rajasthan) seek suitable alliance for their son 27-5'8", M.Com, MBA, fair, teetotaler, working as Head of Accounts & Finance in Abu Dhabi (U.A.E). Non Medical, fair, God fearing & good looking girls from any denomination preferred. Parents may please contact with details through e-mail: tswestar@hotmail.com; or phone (M) 09829528181 ( R ) 1412214692 or contact in Kerala Dr. P. J Jacob(M): 9447803199 (R) 0468 2312861 as early as possible.


## BRIDE GROOM WANTED

Parents belonging to ancient Orthodox family from central Travancore, well settled in Mumbai invite marriage proposals for their daughter, born and brought up in Mumbai, aged 24, 156 cms height, average weight, very fair, simple and beautiful, MBA in HR, from parents of well educated, employed / self employed, God fearing, loving and caring boys aged 25 to 28 years. We prefer Orthodox Christian boy born and brought up outside Kerala, true to Orthodox Christian traditions and values.

**Phone No. 09920923344**

**E mail write2cherian@yahoo.com**





# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

'വീട്ടിലേക്കുള്ള വഴി' ആത്മീയന്റെ ചിന്തയെ പ്രോജ്ജ്വലിപ്പിക്കുന്നതാണ്. 'വീട്' പ്രചോദനവും വീട്ടിലേയ്ക്കുള്ള വഴി ഗൃഹാതുരസ്മരണയുമാണ്. കൽപ്പടവുകൾ കയറിച്ചെല്ലുന്ന ഒരു പഴയ വീട് വിശാലമായ ലോകത്തെ പ്രതിരോധിക്കുന്നതാണ്. വിശാലമായ പാത വന്നു കയറുന്ന വീട് യാതൊരു പ്രതിരോധവുമുയർത്തുന്നില്ല. വേണ്ടതിനെ മാത്രം സ്വീകരിക്കേണ്ട വീട് സർവ്വതിന് വേണ്ടിയും തുറക്കപ്പെടുന്നതാണ് ഇന്നിന്റെ ചിന്തകൾ. കൊട്ടിയടയ്ക്കേണ്ട വാതിലുകൾ വീടിനുണ്ട് മൃദുവായി തുറക്കേണ്ട കിളിവാതിലുകൾ വീടിനുണ്ട്. നമ്മുടെ തീരുമാനമെടുക്കലിലാണ് അത് ശാന്തിതീരമോ അശാന്തിനിലയമോ ആയി മാറുന്നത്. ദൈവസ്പർശനമില്ലാത്ത എല്ലാ വാതായനങ്ങളിലും നമ്മുടെ വ്യക്തിത്വം മോഷ്ടിക്കപ്പെടാനോ, കവർച്ച ചെയ്യപ്പെടാനോ ഇടയുള്ള സാധ്യതയാണ് വചനം പങ്കുവെയ്ക്കുന്നത്.

'വീട്ടിലേക്കുള്ള വഴി' നമ്മുടെ ജീവന ചിന്തകളെ ജ്വലിപ്പിക്കേണ്ടതാണ്. നാം വന്ന വഴിയും തിരിച്ച് ചെല്ലേണ്ട വഴിയും ഉൾച്ചേർന്നതാണ്. വന്ന വഴിയും ചെല്ലേണ്ട വഴിയും സ്വത്വത്തിലേക്കുള്ള തിരിച്ചുപോക്കാണ്. ജനനത്തിന് മുമ്പും മരണത്തിന് ശേഷവും ഈ ഒരു വഴിയുടെ സാധ്യതയുണ്ടാകും. ജനിമൃതികൾക്കിടയിൽ തിരിച്ചറിവിനുള്ള വഴിത്താരകളുമുണ്ട്. വീട്ടിലേക്ക് തിരിച്ചുപോകുന്നവർ സാന്ത്വനത്തിലേക്കും ആനന്ദത്തിലേക്കുമാണ് തിരിച്ച് പോകുന്നത്. അമ്മയുടെ ചാരത്തണയുന്നവനും അങ്ങനെയാണ്. അഴിഞ്ഞ് പോകുന്ന മൺകൂടാരങ്ങൾ നിത്യതയുടെ വാസസ്ഥലം പങ്കുവെയ്ക്കുന്നു. നഷ്ടപ്പെട്ട കിരീടങ്ങൾ ആത്യന്തികമായി നമുക്ക് ലഭിക്കും എന്നാണ്. വഴി നഷ്ടപ്പെട്ടവനും വീട് നഷ്ടപ്പെട്ടവനും പരാജയപ്പെട്ടവനാണ്. വഴിയാത്രയിൽ ഉടൽ നഷ്ടപ്പെട്ടവനും, ഒപ്പമുള്ളവരെ നഷ്ടപ്പെടവനും ആത്മാവിനെ നഷ്ടപ്പെടാത്തതിനാൽ വിജയിയായിത്തീരുന്നു.

അന്വേഷിയുടെയും സാധകന്റെയും വഴികൾ പരമ സത്യത്തിലേയ്ക്കുള്ളതാണ്. എല്ലാവരും അണയേണ്ട ഒരു വീടും ഒരു ബോധിവൃക്ഷവുമാണ് അവർക്ക് പരിചയപ്പെടുത്തുവാനുള്ളത്. അമ്മയിലേക്ക് എത്താനുള്ള വഴി ഈശ്വരനിലേക്ക് എന്നതുപോലെതന്നെ പ്രകൃതിയിലേക്കുള്ളതുമാണ്. നഗ്നപാദം മണ്ണുമായുള്ള ബന്ധത്തിന്റേതുപോലെ മണ്ണിനോടുള്ള പ്രതിരോധത്തിന്റേതുമാണ്. 'Grip Chappel' മണ്ണുമായി കൂടുതൽ ബന്ധത്തിലാകാനുള്ള വ്യഗ്രതയുടേതാണ്. മണ്ണിന്റെ വഴിയിലെ വീഴ്ചകൾ ഗൗനിക്കുമ്പോൾ സീയോൻ വഴിയിലെ വീഴ്ചകൾ ഗൗനിക്കപ്പെടുന്നില്ല.

നമ്മുടെ വഴികൾക്ക് ആരംഭമിടുന്നത് അമ്മയാണ്. എല്ലാറ്റിന്റെയും ആരംഭം ദൈവമാണ്. ദൈവത്തിന് അവസാനമില്ലാത്തതുപോലെ ദൈവം നൽകുന്ന വഴികൾക്ക് പ്രത്യാശയുടെ പുതുക്കങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. വഴി നഷ്ടപ്പെട്ടവന് തിരിച്ചറിവ് ഉണ്ടാകുന്നതാണ് ധൂർത്തപുത്രൻ കാണിച്ചുതരുന്നത് വഴി നഷ്ടപ്പെട്ട പുഴയും, കറപറ്റിയ കടലും, കരിപിടിച്ച മേഘവും പ്രകൃതിയുടെ വഴി നഷ്ട്പ്പെടലാണ്. വഴികളെല്ലാം കൊട്ടിയടച്ച് ഒരിക്കലും തിരിച്ചുവരുവാൻ കൂട്ടാക്കാത്ത പുത്രന്മാരുടെ ഭാഗമാകുന്നത് ആത്മീയതയുടെ വഴി നഷ്ടപ്പെടലാണ്. വഴിയും സത്യവും ജീവനുമായ ദൈവമാണ് നമ്മുടെ വീടും വഴിയും. വീട്ടിലേക്കുള്ള വഴി നഷ്ടപ്പെട്ടവന് വീടെത്താൻ പോംവഴികളില്ല ഇരുൾ കൂടുന്തോറും കൂടണയുന്നതിന് തടസ്സമായ ഇരുളിന്റെ കനം കൂടിവരും.

**10-ാം ചരമവാർഷികം**
**06-06-2010**



**T.C. GEORGE**

**11-ാം ചരമവാർഷികം**
**26-05-2010**



**MARIYAMMA GEORGE**

**6-ാം ചരമവാർഷികം**
**20-03-2010**



**THOMAS GEORGE**

**Thykoottathil, Puthenpeedika, Omalloor, Pathanamthitta**

*Inserted by*

**Lizy & Raju (USA)**
**Annie & Daughters (South Africa)**
**Saly & Raju (Delhi)**
**Mercy & Titty (South Africa)**
**Sajan & Jiji (Pathanamthitta)**

## പേരുകളും അർത്ഥങ്ങളും

പുതിയ മെത്രാപ്പോലീത്താമാരുടെ പേരുകളുടെ ഏകദേശ അർത്ഥങ്ങൾ താഴെ ചേർക്കുന്നു. ഈ പേരുകൾ പരാമർശിക്കുന്ന പ്രധാനപ്പെട്ട ബൈബിൾ ഭാഗം ബ്രാക്കറ്റിൽ കൊടുത്തിട്ടുണ്ട്.

**DEMETRIOS** (Greek)/DEMETRIUS (Latin) [3 John 1:12]: loves the earth, follower of Demeter (goddess).

**THEODOROS** (Greek)/THEODORUS (Latin): gift of God, God's gift.

**ELIAS** (Greek)/ELIYAH (Hebrew) [Matthew 17:4]: the Lord is my God.

**NIKODEMOS** (Greek)/NIKODEMUS (Latin) [John 19:39): victory of the people, conqueor of the people.

**APREM** (Syriac)/EPHRAIM (Greek) [Genesis 41:52): fruit-ful, double-land, twin land.

**JULIUS** (Roman) [Acts 27:1,3]: descended from Jupiter (Jove).

**SERAPHIM** (Russian)/SERAFEIM (Greek) [Isaiah 6:2]: fi-ery burning one, serpent.

Main source-www.20000-names.com

*സമ്പാ.: വി.ജെ.റ്റി.*

ഓൺ ലൈനിലൂടെ പുസ്തകങ്ങൾ....

പുസ്തകശാലാ ഡോട്ട് കോം

www.pusthakasala.com

The Christian Bookshop online

Ph: 9497087567

*For Favours Received*





ഒരു വിശ്വാസി

## സെന്റ് ഗ്രിഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല

പരുമല പി.ഒ., പത്തനംതിട്ട–689626

ഫോൺ–0479–2312266, 2312465, ഫാക്സ് – 0479–2312866

### അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

### MSW

(മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റി അഫിലിയേഷൻ); യോഗ്യത : – 50% മാർക്ക് ഡിഗ്രിക്ക്

### B.Sc. (M.L.T.)

മെഡിക്കൽ ലബോറട്ടറി ടെക്നോളജി (കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസ്, തൃശൂർ), യോഗ്യത: 50% മാർക്കോടെയുള്ള പ്ലസ് 2 സയൻസ്.

### സ്കൂൾ ഓഫ് നേഴ്സിംഗ്

ഇന്ത്യൻ നേഴ്സിംഗ് കൗൺസിലും കേരളാ നേഴ്സിംഗ് കൗൺസിലും അംഗീകരിച്ച $3^1/_2$ വർഷത്തെ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2010; യോഗ്യത : 40% പ്ലസ് ടു അഥവാ തത്തുല്യം 01–10–2010 ൽ 17 നും 27 നും ഇടയിൽ പ്രായം.

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഓഫീസിൽ നിന്നും നേരിട്ട് 100 രൂപയ്ക്കും തപാലിൽ 150 രൂപയ്ക്കും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോം സ്വീകരിക്കുന്ന അവസാന തീയതി 30–06–2010.

# S. E. A. Group of Institutions

**Ekta Nagar, K.R. Puram, Basavanapura,**
**Virgonagar Post Banglore 560049**
**E-mail: seaeduinfo@seaedu.ac.in.URL: www.seaedu.ac.in**

# Admission Started For 2010-11

*Course Offered*

## ENGINEERING

*(Affiliated to VTU, Belgaum, Approved by AICTE, New Delhi)*

- Computor Science Engg
- Mechanical Engineering
- Information Science & Engg.
- Civl Engineering
- Electronics & Communication Engg.

## COLLEGE OF SCIENCE, COMMERCE & ARTS

*Affiliated to Banglore University*

- BBM
- BCA
- BCom
- BSc.
- B.A.
- MBA

## COLLEGE OF NURSING

*Affiliated to RGUHS, Approved by KNC & INC*

- M.Sc. (Nursing)
- B.Sc. (N)
- PC B.Sc. (N)
- GNM

*For admission details please contact:*

**Shaiju Thomas**
**Disha Foundation, IInd Floor, Sankaramangalam Building,**
**Cross Junction, Thiruvalla.**

**KERALA**
Phone: 009947155505, 09916773434
**BANGALORE**
09019260028

For more information on courses log on to
**www.collegeindiainfo.com**

ധ്യാനം

# വചനാമൃതം

## ഫാ. ഏബ്രഹാം തോമസ്

**13 ജൂൺ 2010**


**പെന്തക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച**

**വി. യോഹന്നാൻ 6:35–46.**

വി. യോഹന്നാന്റെ സുവിശേഷം 6–10 അദ്ധ്യായം 26 മുതൽ 59 വരെയുള്ള വാക്യങ്ങൾ മൂന്ന് ഞായറാഴ്ച്ചകളിലായി നാം പകുത്ത് വായിക്കുന്നു. അതിൽ മദ്ധ്യഭാഗമാണിത്.

### 1) സ്വത്വ വിശേഷണങ്ങൾ

ജീവൻ, വഴി, സത്യം, വെളിച്ചം, പുനരുത്ഥാനം എന്നിങ്ങനെയായി യേശുക്രിസ്തുവിന്റെ സ്വത്വ വെളിപ്പെടുത്തലുകളുടെ ഒരു നീണ്ട പട്ടിക യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു. അവനെ കേൾക്കുന്നവർക്ക്, അവരുടെ ഭൗതികവും, ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾക്ക് മതിയാകുംവണ്ണം ചേർത്തു ചിന്തിക്കുവാൻ പര്യാപ്തമായ വിശേഷണങ്ങളായിരുന്നു ഇവയെല്ലാം. തികച്ചും ജീവിതഗന്ധിയായ വിശേഷണങ്ങൾ! എന്നാൽ വിശേഷണങ്ങളുടെ ഈ ബഹുത്വം, അവനെ ഏതെങ്കിലും ഒരു നിർവ്വചനത്തിന്റെ പരിവൃത്തിയിൽ നിർത്തുവാൻ സാദ്ധ്യമല്ല എന്നും നമ്മെ ഓർമ്മിപ്പിയ്ക്കുന്നു. ഈ രണ്ട് അർത്ഥതലങ്ങളും നമ്മൾക്ക് ആശ്വാസദായകമാണ്. അതായത്, ആശ്വാസഹേതുവായതും, നമ്മുടെ ഹൃദയത്തോട് ചേർത്തുനിർത്താവുന്നതുമായ ലളിതമായ ജീവിത തലങ്ങൾ അവൻ നമ്മോട് പങ്കിടുന്നതോടൊപ്പം, അവൻ സർവ്വ നിർവ്വചനങ്ങൾക്കും അതീതനുമാകുന്നു. സർവ്വതിനും അതീതമായവൻ നമ്മിലൊരാളായി നിൽക്കുമ്പോൾ നമ്മളിൽ ഭയാശങ്കകൾക്ക് എന്ത് സ്ഥാനമാണുള്ളത്?



### 2) വിശപ്പും ദാഹവും

വിശപ്പും, ദാഹവും ഈ ഭാഗത്ത് പ്രതീകാത്മക സ്വഭാവത്തോടെ അവതരിപ്പിക്കപ്പെട്ടിരിയ്ക്കുന്നു (Vs. 35-36). അവനെ കേട്ടുകൊണ്ടിരിക്കുന്ന പുരുഷാരത്തിനും, ശിഷ്യഗണങ്ങൾക്കും അവരുടെ ചരിത്ര സ്മരണകളിലുള്ളതാണിത് (പുറപ്പാട് 16, സംഖ്യാ. 20:9–13). ജീവിതം മുൻപോട്ട് പോകുവാനുള്ള സർവ്വസാധ്യതകളും അടഞ്ഞപ്പോൾ, അത്ഭുതപൂർവ്വമായി, അപ്പവും, ജലവും നൽകി, യഹോവയായ ദൈവം അവരുടെ പൂർവ്വികരെ നയിച്ച കഥകൾ അവർക്ക് പരിചിതമാണ്. തിരുവെഴുത്തുകളിൽ കുറച്ചുകൂടി ഗ്രാഹ്യമുള്ളവർക്ക് ജ്ഞാനത്തിനായുള്ള 'വിശപ്പും ദാഹവും' – എന്ന


പ്രയോഗം പരിചിതവുമായിരിക്കും (സദൃശ്യ. 9:5). അവരുടെ പൂർവ്വിക ജ്ഞാനപുസ്തകങ്ങളിൽ ഒന്നിൽ പറഞ്ഞിരിക്കുന്നത്: "എന്നിൽ നിന്നും ഭക്ഷിയ്ക്കുന്നവന് വീണ്ടും വിശക്കും, എന്നിൽ നിന്നും കുടിയ്ക്കുന്നവന് തുടർന്നും ദാഹിയ്ക്കും" (സിറാക്ക് 24:21) എന്നാണ്. എന്നാൽ ഇവിടെ കർത്താവിൽ നിന്നും അവർ കേൾക്കുന്നത് അവനിൽ വിശ്വസിയ്ക്കുന്നവന് "വിശക്കുകയില്ല"യെന്നും, "ഒരു നാളും, ദാഹിയ്ക്കുകയില്ല" എന്നാണ്. (അവനെ കേട്ടുനിന്നവരിൽ, സിറാക്ക് പരിചിതമായിട്ടുള്ളവർക്ക് അവന്റെ ഈ വാക്കുകൾ എന്ത് വെളിച്ചമായിരിക്കും നൽകിയിട്ടുള്ളത്?). സിറാക്കിന്റെ പ്രസ്തുത വാക്യത്തിന്റെ ഇംഗ്ലീഷ് പരിഭാഷകളിൽ ഒന്ന് ഇപ്രകാരമാണ്. "Those who drink we will thirst for more". "Thirst" എന്നതിന് യോഹന്നാനിലും സിറാക്കിലും ഗ്രീക്ക് മൂലഭാഷയിൽ ഉപയോഗിച്ചിരിയ്ക്കുന്നത് ഒരേ വാക്കാണ് (ഡെപ്സെയ്...), അതിന് തൃഷ്ണ, ദാഹം, കൂടുതൽ അന്വേഷണത്തിനുള്ള ആഗ്രഹം എന്നിങ്ങനെ ആലങ്കാരിക പ്രയോഗത്തിനാണ് മുൻതൂക്കം. ഈ അർത്ഥത്തിൽ, ചിന്തിക്കുമ്പോൾ, അവനിൽ വിശ്വസിയ്ക്കുന്നവൻ അന്വേഷണത്തിന്റെ പൂർണ്ണത പ്രാപിയ്ക്കുന്നു എന്ന് വരുന്നു. പക്ഷേ ദാഹം ശമിക്കതക്കതുപോലെയുള്ള വിശ്വാസം നാം ആർജ്ജിച്ചിട്ടുണ്ടോ?

### 3) പിറുപിറുപ്പുകൾ

ആത്മപ്രചോദിതമായ സംഗതികൾ ധാരാളമായി ഇങ്ങനെ പറഞ്ഞുകേൾക്കുമ്പോഴും, കുറെ പേർക്കെങ്കിലും അവ അഹിതമായി അനുഭവപ്പെടുന്നു. അവർ "പിറുപിറുക്കുന്നു" (Vs. 41). ഇവിടെ കൗതുകരമായിട്ടുള്ള ഒന്ന് യോഹന്നാൻ ഉപയോഗിക്കുന്ന പദം (സെപ്റ്റുജ്വെന്റിൽ), പുറപ്പാട് 15:24, 16:2, 7, 12, സംഖ്യ. 11:1 എന്നീ ഭാഗങ്ങളിൽ ഉപയോഗിക്കുന്നതുതന്നെയാണ്. അവ യിസ്രായേൽ മക്കളുടെ പിറുപിറുപ്പിനെ സംബന്ധിച്ചാണ്. യിസ്രായേൽ മക്കളുടെ വിശ്വാസരാഹിത്യം കൊണ്ട് അവർ പിറുപിറുക്കുന്നു, ഇവിടെ അവനെ കേൾക്കുന്നവരിൽ ചിലർ, അവൻ "സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നവൻ" എന്ന് വിശ്വസിയ്ക്കുവാൻ, അവരുടെ ധാർഷ്ട്യം തടസ്സമായി നിൽക്കുന്നതിനാൽ പിറുപിറുക്കുന്നു. അസംതൃപ്തി, അവിശ്വാസം, തെറ്റുകുറ്റങ്ങൾ ആരോപിക്കുവാനുള്ള വ്യഗ്രത–ഇവയെല്ലാം നമ്മിലും കണ്ടേക്കാം. നമ്മുടെ മുൻധാരണകളോ, മുൻപരിചയങ്ങളോ ഒക്കെ, ഇനി ഒരാളുടെ സ്വത്വത്തേ അംഗീകരിക്കുന്നതിന് തടസ്സമായിരിക്കുകയും ചെയ്യാം. പക്ഷപാതവും, മുൻവിധികളും, പിറുപിറുപ്പും ഒന്നും ഇല്ലാതെ, മുമ്പിലുള്ളവരെയും, ജീവിതത്തേയും സ്വീകരിയ്ക്കുവാൻ നമ്മൾക്ക് കഴിയട്ടെ.

### 4) പിതാവിങ്കലേക്ക് ആകർഷിക്കപ്പെട്ടവർ

നമ്മുടെ വിവേചനാധികാരത്തോടെയുള്ള തെരഞ്ഞെടുപ്പാണ് 'നാം അവനിൽ ജീവിയ്ക്കുന്നത്' എന്നുപോലും നമ്മൾക്ക് അവകാശപ്പെടുവാൻ സാധിയ്ക്കുന്നുവെങ്കിൽ അതുപോലും അവിടുത്തെ കരുണയാകുന്നു. "പിതാവാം ദൈവം നമ്മെ ആകർഷിച്ചിരിയ്ക്കുന്നു" (ഢ്രേ. 44). "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു..." എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ തന്നെ പറഞ്ഞിരിയ്ക്കുന്നു (Vs. 15:16). എന്നാൽ പിതാവാം ദൈവത്തിന്റെ ആകർഷണം എല്ലാവർക്കുമായിട്ടുള്ളതുമാണ്. ഈ ഭാഗം അവസാനിയ്ക്കുന്നത് "എല്ലാവരും ദൈവത്താൽ ഉപദേശിയ്ക്കപ്പെട്ടവരാകും എന്ന് പ്രവാചകപുസ്തകങ്ങളിൽ എഴുതിയിരിയ്ക്കുന്നു" എന്ന് കർത്താവ് പറയുന്നതിലൂടെയാണ് (Vs. 45). യെശയ്യ 54:13ൽ അപ്രകാരം പറയുന്നുമുണ്ട്. നിത്യജീവന്റെ ശ്രോതസ്സായ അവനിലേക്ക് എല്ലാവരും വിളിയ്ക്കപ്പെട്ടിരി ക്കുന്നു.



## 20 ജൂൺ 2010, പെന്തക്കോസ്തിക്കുശേഷം നാലാം ഞായറാഴ്ച

### വി. ലൂക്കോസ് 10:1–16

കർത്താവ് പന്ത്രണ്ട് ശ്ലീഹന്മാരെ തനിക്ക് മുമ്പായി അയയ്ക്കുന്നു. അവർക്ക് സ്വന്തകുലത്തിൽ മാത്രമായാണ് പോകുവാൻ അനുവാദം ഉണ്ടായിരുന്നത്. എന്നാൽ കർത്താവ് ഇവിടെ കുറേക്കൂടി വലിയ സമൂഹത്തെ തിരഞ്ഞെടുത്ത് അയയ്ക്കുമ്പോൾ സ്വന്തകുലത്തിലെ കാണാതെ പോയ ആടുകളുടെ ഇടയിലേക്ക് മാത്രം അല്ല, താൻ പോകുവാനിരിക്കുന്ന സർവ്വസ്ഥലത്തേക്കുമായി അയയ്ക്കുന്നു.

ഒരിഗന്റെ വേദവ്യാഖ്യാനശ്രമങ്ങളിൽ പറയുന്ന ശ്രദ്ധേയമായ ഒരുകാര്യം, നമ്മുടെ സാധാരണ വായനകൾക്ക് തടസ്സമായി, വ്യാഖ്യാനിക്കുവാൻ ക്ലേശകരമായ ഒരുകാര്യം തിരുവെഴുത്തിൽ നാം കാണുമ്പോഴാണ് നാം കൂടുതലായി അറിയുവാനും അന്വേഷിക്കുവാനും ശ്രമിയ്ക്കുന്നത് എന്നാണ്. ഇത്തരത്തിലുള്ള 'തടസ്സങ്ങൾ' കുറെയധികം ഈ ഭാഗത്ത് കാണാം. അവയിൽ ചിലത് ഇവിടെ ചർച്ച ചെയ്യുന്നു.

ഒന്നാമതായി, ഏറ്റവും പഴയ കൈയ്യെഴുത്തു പ്രതികളിൽ തന്നെ എഴുപത്തിരണ്ടോ അതല്ല എഴുപതോ പേരെ തിരഞ്ഞെടുത്ത് അയച്ചത് എന്നതിനെ സംബന്ധിച്ച് ഐക്യരൂപം ഇല്ല. അതിൽ തന്നെ ശ്രദ്ധേയമായ ഒരുകാര്യം ഉൽപ്പത്തി 10–ാം അദ്ധ്യായത്തിൽ പറയുന്ന രാജ്യങ്ങളുടെ കണക്കുമായി ഇതിന് കല്പിക്കാവുന്ന ബന്ധമാണ്. പഴയനിയമത്തിന്റെ എബ്രായ സെമിറ്റിക് പ്രതികളിൽ എഴുപത് രാജ്യങ്ങളും, പഴയനിയമത്തിന്റെ ഗ്രീക്ക് സെപ്റ്റുജുവന്റിൽ എഴുപത്തിരണ്ട് രാജ്യങ്ങളുടെ കണക്കുമാണ് കൊടുത്തിരിക്കുന്നത്. അതിനാൽ തന്നെ പുതിയ നിയമ വ്യാഖ്യാനങ്ങളിൽ പലരും, എഴുപതോ അതല്ല എഴുപത്തിരണ്ടോ, അറിയിപ്പുകാരെ തെരഞ്ഞെടുത്തയയ്ക്കുന്നതിൽ ഒരു പ്രതീകാത്മകത കാണുന്നു. അതായത് ഉല്പത്തിയിൽ പറഞ്ഞിരിക്കുന്നതുപോലെ വിവിധങ്ങളായ സർവ്വ വർഗ്ഗത്തിലേക്കും ദൈവരാജ്യത്തിന്റെ സന്ദേശം എത്തിക്കുന്നു എന്ന്.

രണ്ടാമതായി, 'ചെന്നായ്ക്കളുടെ നടുവിൽ, കുഞ്ഞാടുകളെ പ്പോലെ' അയയ്ക്കുന്നത് (10:3). അവിടെ അയയ്ക്കപ്പെട്ടവർ കുഞ്ഞാടിനെപ്പോലെ പരിശുദ്ധിയുള്ളവർ എന്ന സ്വയം നീതികരണത്തിൽ എത്തുന്നതിനായ് ആയിരിക്കില്ലല്ലോ കർത്താവ് ഇപ്രകാരം പറഞ്ഞത്. എന്നാൽ, പോകുന്നവർക്ക് ഉണ്ടാകുവാൻ സാധ്യതയുള്ള സർവ്വക്ലേശങ്ങളും, ഹാനിയും, തടസ്സങ്ങളും ഒക്കെ അവരെ മുൻകൂട്ടി ബോധ്യപ്പെടുത്തുന്നുവെന്ന് ചിന്തിക്കാവുന്നതാണ്.

മൂന്നാമതായി, ''വഴിയിൽ വച്ച് ആരേയും വന്ദനം ചെയ്യുകയുമരുത്" (Vs. 4) എന്നുപറയുന്നത്: ഏൽപ്പിച്ചിരിയ്ക്കുന്ന ഉത്തരവാദിത്വത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിയ്ക്കുന്നതിനും അത് വേഗത്തിൽ തന്നെ നിർവ്വഹിക്കണം എന്ന് മനസ്സിലാക്കിക്കൊടുക്കുന്നതിനുമാണെന്ന് പല വ്യാഖ്യാതാക്കളും പറയുന്നു (താരതമ്യം. 2 രാജാ. 4:29, സങ്കീ. 129:8).

നാലാമതായി, "വീട്ടിൽ നിന്ന് വീട്ടിലേക്ക് മാറിപ്പോകരുത്" എന്നതിനെ സംബന്ധിച്ച് (Vs. 7) സ്വർണ്ണനാവുകാരനായ ഈവാനിയോസ് കൊടുക്കുന്ന വ്യാഖ്യാനം, ഇത് അയയ്ക്കപ്പെടുന്നവർക്ക് അത്യാർത്തിയോ, ദുരയോ ഉണ്ടാകാതിരിപ്പാനാകുന്നു എന്നാണ് (Homily XXXII:7).

നമ്മുടെ ശ്രദ്ധയർഹിക്കുന്ന അനേകം കാര്യങ്ങൾ ഈ വേദഭാഗത്തുള്ളതിൽ ശ്രദ്ധേയമായ മൂന്ന് കാര്യങ്ങൾക്കൂടി താഴെകൊടുക്കുന്നു.

### 1. ക്രമീകരണത്തിന്റെ പ്രാധാന്യം

"Taking things for granted". എന്നുള്ളത് നമ്മുടെ പ്രായോഗിക ക്ഷമതയെ ബാധിയ്ക്കുന്ന ഒരു തിന്മയാണ്. സഭയായും സമൂഹമായും പ്രാർത്ഥനാപൂർവ്വമായ ശരിയായ ആലോചനകളില്ലാതെ കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ നാം പരിഹാസ പാത്രമാകുന്നുവെന്ന് മാത്രമല്ല, സ്വർഗ്ഗരാജ്യത്തിന്റെ ഉദ്ദേശ-ലക്ഷ്യങ്ങളിൽ നിന്ന് നാം ഏറെ മാറിപ്പോവുകയും ചെയ്യുന്നു. "വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്ക് കഴിയും?" (മത്താ. 6:27) എന്ന് ചോദിച്ചവനായ കർത്താവ് തന്നെയാണ് കാര്യക്ഷമമായ ഒരു പ്രവർത്തനശൈലിയും, ഒരു ക്രമീകൃത പദ്ധതിയും രൂപപ്പെടുത്തി, "ഈരണ്ടീരണ്ടായി, താൻ ചെല്ലുവാനുള്ള ഓരോ പട്ടണത്തിലേക്കും, സ്ഥലത്തേക്കും" ആളുകളെ നിയമിച്ചയയ്ക്കുന്നത് (Vs. 1). ശരിയായ ആലോചനകളില്ലാതെ സൃഷ്ടിച്ചെടുക്കുന്ന പരിപാടികൾ സഭയേയും ഇടവകകളേയും സ്വർഗ്ഗരാജ്യത്തിന്റെ ലക്ഷ്യങ്ങളിൽ നിന്നും ദൂരത്താക്കുന്നുണ്ടോ?

### 2. കൊയ്ത്ത്

(Vs.2). കൊയ്ത്ത് നല്ലൊരു പ്രതീകമാണ്, എന്നാൽ സമീപകാലത്തായുള്ള സുവിശേഷ പ്രഘോഷണ പരസ്യബോർഡുകൾ, ഈ പ്രതീകത്തിന്റെ അർത്ഥ സൗകുമാര്യത്തെ, വ്യവസായവൽക്കരിക്കുന്നു. ഈ വേദപുസ്തക പ്രതീകം, അത്യാഗ്രഹത്തിന്റെയോ, വ്യക്തിയധിഷ്ഠിതമായ കാര്യലാഭത്തിന്റേതായതോ ആയ സന്ദേശമല്ല നൽകുന്നത്. സഖ്യതയേയും, കൂട്ടായ പ്രവർത്തനത്തിന്റെ ആവശ്യകതയേയും മുൻപിൽ അവശേഷിക്കുന്ന ഉത്തരവാദിത്തത്തോട് താമസംവിനാ പ്രതികരിക്കേണ്ടതിന്റെ അത്യാവശ്യത്തേയും ഇത് നമ്മേ ഓർമ്മിപ്പിയ്ക്കുന്നു (താരതമ്യം. യോവേൽ 3:13, മീഖാ. 4:11-13).

### 3. ഭക്ഷണം, സൗഖ്യം, സ്വർഗ്ഗരാജ്യം

8-9 വാക്യങ്ങളിലായി, അയയ്ക്കപ്പെടുന്നവർക്കായി നൽകുന്ന നിർദ്ദേശങ്ങൾ, ഭൗതികവും ആദ്ധ്യാത്മികവുമായ ജീവിതത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്താൻ പോരുന്നവയാണ്. സഭയുടെ ദൗത്യവും ഈ സന്തുലിതാവസ്ഥ നിലനിർത്തുകയെന്നതാണ്. ഈ കാലഘട്ടത്തിന്റെ സ്വഭാവം, പഴയതിൽ നിന്നൊക്കെ വ്യത്യസ്തമായിരിക്കും. എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ സനാതനമായ സത്യത്തെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി, നൽകുവാൻ നമ്മൾക്ക് കഴിയേണ്ടതല്ലേ!

## 27 ജൂൺ 2010

## പെന്തക്കോസ്തിക്ക് ശേഷം അഞ്ചാം ഞായറാഴ്ച, വി. ലൂക്കോസ് 9:10-17

### ദൈവിക കരുണയും ശിഷ്യരുടെ ദൗത്യവും

ഔചിത്യബോധത്തിന്റെ തടസ്സങ്ങളൊന്നുമില്ലാതെ, വളരെ സ്വാതന്ത്ര്യത്തോടെ പുരുഷാരം, വേറിട്ടുപോയ കർത്താവിനേയും, ശിഷ്യസമൂഹത്തേയും തിരഞ്ഞു ചെല്ലുകയാണ്. കർത്താവാകട്ടെ അവരെ തിരികെ അയയ്ക്കുന്നുമില്ല. ഒന്നുമില്ലായ്മയിൽ നിന്ന് അവൻ അവർക്ക് സമൃദ്ധിയായ സദ്യ നൽകുന്നു. അഞ്ചപ്പവും, രണ്ടുമീനും അല്ലാതെ അധികം ഞങ്ങളുടെ പക്കൽ ഇല്ല എന്നു പറയുന്ന ശിഷ്യർ ഉന്നയിക്കുന്നത് തികച്ചും ന്യായമായ സംശയം തന്നെയാണ്. (ഇരുപത് യവത്തപ്പവും, സ്വല്പം മലരും കൊണ്ട്, നൂറ് പേർക്ക് എങ്ങനെ ഭക്ഷണം കൊടുക്കാം എന്ന് സംശയം ഉന്നയിക്കുന്ന എലീശായുടെ ബാല്യക്കാരന്റേത് ഇതിന് സമാനമായ ഒരു ചിത്രമാണ്. 2 രാജാ 5:42-44). എന്നാൽ കരുണാമയനായ കർത്താവ് അവർക്ക് ഭക്ഷണം നൽകുന്നു. ഒരിഗന്റേതായി ഒരു വ്യാഖ്യാനം ഇതേ സംബന്ധിച്ചുള്ളത് ശ്രദ്ധേയമാണ്. സന്ധ്യയായിട്ടും, വിശന്നിട്ടും പുരുഷാരത്തിന് പിരിഞ്ഞ് പോകാൻ മനസ്സില്ലായിരുന്നു. അവർക്ക് അവനെ ആവശ്യമുണ്ടായിരുന്നു. അവർക്ക് അടുത്തുള്ള ഗ്രാമങ്ങളിലോ, സ്വന്തം ഭവനങ്ങളിലോ പോകാമായിരുന്നു. എന്നാൽ അതിനേക്കാൾ ഒക്കെ ഉപരിയായി അവർക്ക് അവനെ ആവശ്യമായിരുന്നു. (Comm. Matt: Book XI:2). ലോകത്തിന് അവനെ ആവശ്യമുണ്ട്. അത് കാണുവാൻ സഭയ്ക്കോ അവന്റെ ശിഷ്യസമൂഹമെന്ന് വിശ്വസിയ്ക്കുന്ന നമ്മൾക്കോ സാധിച്ചു എന്നുവരില്ല. ലോകം അവന്റെ പിന്നാലെ പോകുവാനും, അവന്റെ കൂടെയിരിപ്പാനുമായുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കേണ്ടത് സഭയുടെ ദൗത്യമാകുന്നു.

### സർവ്വസംതൃപ്തി

സർവ്വരും സംതൃപ്തിപ്പെടുന്ന ഒരു ശുഭാന്ത്യം ഈ സുവിശേഷസംഭവത്തിൽ കാണുന്നു. നിയതവും കൃത്യവുമായ ഒരു അവതരണരീതിയും ഇതിലുണ്ട്. ഉദാഹരണത്തിന്, അമ്പത് വീതം പന്തിപന്തിയായി ഇരുത്തുന്നത്. സർവ്വവും കൃത്യമായി ക്രമീകരിക്കപ്പെട്ട് സർവ്വർക്കും ആനന്ദവും സംതൃപ്തിയും നൽകുന്ന ശുഭകരാനുഭവമായി ഇവിടെ കാണുന്നത് ദൈവരാജ്യത്തിന്റെ മുന്നറിവായി നമ്മുക്കെടുക്കാവുന്നതാണ്. കൂടിവന്നവർക്ക് വ്യത്യാസങ്ങളൊന്നും കൂടാതെ, ഉച്ചനീചത്വങ്ങൾ ഇല്ലാതെ സന്തോഷകരമായ ഒരു പന്തിഭോജനാനുഭവം. കർത്താവിന്റെ ശരീരമാകുന്ന

സഭയിൽക്കൂടി ലോകത്തിന് വെളിപ്പെടേണ്ടത് ഈ വലിയ സമത്വത്തിന്റേയും സംതൃപ്തിയുടേയും അനുഭവമാണ്.

## 04 ജൂലൈ 2010 : പെന്തക്കോസ്തിക്ക് ശേഷം ആറാം ഞായറാഴ്ച

### വി. മത്തായി 15:32–39


ചെറിയ വ്യത്യാസങ്ങളോടുകൂടി വീണ്ടും ഒരു പന്തിഭോജനത്തിന്റെ അത്ഭുതകഥ. മറ്റു പല സംഭവങ്ങളിലുമെന്നതുപോലെ ഇവിടെയും, ആദ്യത്തേത് സ്വന്തകുലത്തിന് വേണ്ടിയുള്ളതും, രണ്ടാമത്തേത് സർവ്വർക്കും, എന്നും വ്യാഖ്യാനിക്കുന്നവർ ഉണ്ട്. എന്നാൽ അത്തരമൊരു വ്യാഖ്യാനത്തിന് വലിയ അർത്ഥസാംഗത്യം കൽപ്പിച്ചു കൊടുക്കാവുന്നതല്ല.

### വഴിമദ്ധ്യേ തളർന്നുപോയേക്കാവുന്നവർക്ക് അവന്റെ കരുതൽ

സംഭവത്തിന്റെ സ്വഭാവത്തിലുള്ള സാമ്യം കൊണ്ടും, അതല്ല പൊതുവിലും, ആവർത്തനവിരസത ഉളവാക്കാവുന്ന ഒരു ചിത്രമാണ്, 'മനസ്സലിവുള്ള കർത്താവ്' എന്നത്. എങ്കിലും ഒരിയ്ക്കൽകൂടി ഈ ദൃശ്യത്തിന്റെ പശ്ചാത്തലം ഒന്നു പരിശോധിച്ചു നോക്കാം. എല്ലാം മറന്ന് അവനോടൊപ്പം അവർ മൂന്ന് നാളിരിക്കുന്നു. ഇനിയിപ്പോൾ അവരെ യാത്രയാക്കിയാൽ ഒരുപക്ഷേ അവർ വഴിമദ്ധ്യേ തളർന്നുവീണുപോകും എന്ന് അവൻ പറയുന്നു (Vs. 32). വഴിമദ്ധ്യേ തളർന്നുപോയേക്കാവുന്നവർക്ക് ലഭിക്കുന്ന സ്നേഹത്തിന്റെ കരുതൽ, വേദപുസ്തകത്തിൽ ഇത് ആദ്യമല്ല.

(i) മരണമല്ലാതെ മറ്റു മാർഗ്ഗം ഒന്നും മുൻപിൽ ഇല്ലാതിരുന്ന ഹാഗാറിനും മകനും, ദാഹജലവും, ജീവിത ദർശനവും (ഉൽപ്പത്തി 21:15 19) (ii) മരണം മാത്രം എന്ന ഒറ്റ സാദ്ധ്യതയുമായി ചൂരച്ചെടിയുടെ തണലിൽ ഇരുന്ന ഏലിയാവിന് കനലിൽ ചുട്ട അപ്പവും, തുരുത്തിയിൽ ജലവും തലയ്ക്കൽ ഇരുന്നതും (1 രാജാ 19:3–6) (iii) "ഹനനിയാ ആദിയായവർക്ക്" അഗ്നിയിൽ എരിഞ്ഞടങ്ങാതെ ലഭിച്ച മോചനം (ദാനി. 3:20–27). ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ!

ജീവിതത്തിൽ പലകാരണങ്ങൾ കൊണ്ട് തളർന്നുപോകുന്ന അനുഭവങ്ങൾ നമ്മൾക്കുമുണ്ടാകാം. എടുത്ത തീരുമാനങ്ങൾ അതിന്റെ എല്ലാ ഉണർവോടെയും സന്തോഷത്തോടെയും നിർവ്വഹിക്കുവാൻ സാധിക്കാതെ മാർഗ്ഗമദ്ധ്യേ നാം തളർന്നുപോയി എന്നുവരാം. ദൈവം തമ്പുരാൻ ഒരുപക്ഷേ നമ്മേക്കുറിച്ച് ഇത്രമാത്രം തളരുവോളം പരിശ്രമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടാവില്ലതന്നെ. മാർഗ്ഗമദ്ധ്യേ തളരാതിരിക്കുവാൻ അവൻ കരുണാർദ്രമായി വിളമ്പുന്ന ഭക്ഷണം പരസ്പരം പങ്കിടുന്നതിന്റെ സന്തോഷത്തോടെ അവന്റെ കൂട്ടത്തോട് ഒപ്പം ചേർന്ന് അനുഭവിക്കാം.




### നമ്മെ സഹായിക്കുന്ന ചോദ്യങ്ങൾ

ചോദ്യങ്ങൾ ഉന്നയിക്കുവാൻ നമ്മൾക്ക് സ്വതവേ താല്പര്യം അധികമാണെങ്കിലും ചോദ്യം ചെയ്യപ്പെടുവാൻ നമ്മൾ അധികമായി ആഗ്രഹിക്കുന്നില്ല. എന്നാൽ പലപ്പോഴും ഇനിയൊരാളുടെ ചോദ്യമായിരിക്കും സത്യത്തിലേക്ക് നമ്മുടെ കണ്ണുകൾ തുറക്കുവാൻ നമ്മെ സഹായിക്കുന്നത്. ഈ ഭാഗത്ത് കർത്താവ് ഒരു ചോദ്യം മാത്രമാണ് ഉന്നയിക്കുന്നത്– "നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട്?" (Vs. 34). വളരെക്കുറച്ചാണെങ്കിലും അവരിലുള്ളതിനെക്കുറിച്ച് ആലോചിക്കുവാൻ അവരെ സഹായിച്ചത് ലളിതമെന്ന് തോന്നാവുന്ന ഈ ചോദ്യമാണ്.

'ചോദ്യം' ജീവിതത്തിൽ നമ്മുക്ക് അനുഭവപ്പെടുന്ന തടസ്സമാണ്. തടസ്സങ്ങളില്ലാത്ത ജീവിതം നമ്മെ ഒന്നും പഠിപ്പിക്കുന്നില്ല. ■

# ഉയരപ്പെട്ടവന്റെ കൈയിലെ....

14-ാം പേജിൽ നിന്നു തുടർച്ച...

വായിച്ചവരും, ആ ജീവിതങ്ങളിൽ നിന്ന് ആവേശം ഉൾക്കൊണ്ടവരുമാണ് പണ്ഡിതരും, പക്വമതികളും, നേരേചൊവ്വേ ആ സ്ഥാനത്തേക്ക് വിളിച്ചടുപ്പിക്കപ്പെട്ടവരുമായ നമ്മുടെ ഏഴ് എപ്പിസ്ക്കോപ്പൽ സ്ഥാനാർത്ഥികളും.

വെളിപ്പാടു പുസ്തകത്തിലെ **ഏഴുപൊൻ നിലവിളക്കുകളുടെയും നക്ഷത്രങ്ങളുടെയും** അടുത്തേക്ക്, ഈ ഏഴ് സ്ഥാനാർത്ഥികളോടൊപ്പം നമുക്കും കടന്നുചെല്ലാം. *ഏഴു പൊൻ നിലവിളക്കുകൾ! ഏഴു നക്ഷത്രങ്ങൾ!*

നിലവിളക്ക് ഭൂമിയിലെ വെളിച്ചമാണ്. നക്ഷത്രം ആകാശത്തിലെ വെളിച്ചങ്ങളിലൊന്നും. നിലവിളക്ക് നിലത്തോട് പറ്റിയിരിക്കുന്നു. നക്ഷത്രം ഉന്നതങ്ങളുടെ ഉൾശോഭയാണ്. നിലവിളക്ക്, ഭൂമിയിലെ നന്മകളുടെ നാളങ്ങളാണ്. നക്ഷത്രം ഉയരങ്ങളുടെ ഉൾക്കാഴ്ചയാണ്. നിലവിളക്ക് ഭൂമിയോടുള്ള ബന്ധത്തിൽ, ജീവജാലങ്ങളുടെ സുഖത്തിലും ദു:ഖത്തിലും കനിവോടെ കത്തിയെരിഞ്ഞ് പ്രകാശം നൽകുന്നു. നക്ഷത്രം ഉയർന്നുനിന്നു കാണുന്ന കണ്ണാണ്, ഭാവിയെക്കുറിച്ചുള്ള ദർശനത്തിന്റെ തിളക്കമാണ്. അതിന് അളവുകോലുകൾ ഉയർന്നതുതന്നെയാണ്.

നിലവിളക്കും, നക്ഷത്രവും പ്രകാശം ചൊരിയുന്നു. ശുശ്രൂഷിക്കപ്പെടുവാനല്ല. ശുശ്രൂഷിക്കുവാനാണ് വന്നതെന്നു പറഞ്ഞവന്റെ പ്രകാശമാണത്. "നല്ല ഇടയൻ ഞാൻ ആകുന്നു, നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" എന്ന മഹാ ഇടയന്റെ മാതൃകയുടെ പ്രകാശം ആണത്. അതുകൊണ്ട് ഒരു കാര്യം, നിലവിളക്കും, നക്ഷത്രവും ഒരുപോലെ സാക്ഷിക്കുന്നു. *ശുശ്രൂഷയുടെ അധികാരവും, അധികാരത്തിന്റെ ശുശ്രൂഷയും രണ്ടും രണ്ടാണ്.* (The authority of service and the service of authority are entirely different. The desirable one is **authority of service**). ശുശ്രൂഷയുടെ അധികാരമാണ് നിലവിളക്കിന്റെ നിലപാടും, നക്ഷത്രത്തിന്റെ ലക്ഷണവും. ആ അധികാരമാണ്, ഭാരതം എന്ന ഗുരുസാഗരത്തിലെ മഹർഷിമാരും, രാജർഷിമാരും, ദേവർഷിമാരും ബ്രഹ്മർഷിമാരും ഉയർത്തിക്കാണിച്ച ഗുരുസങ്കൽപ്പത്തിന്റെ അധികാരം. ചെങ്കോലു ദൂരത്തിട്ട്, യോഗദണ്ഡെടുത്ത്, പൊൻകിരീടത്തെ ജഡാജൂഡമായ് മാറ്റിയ അധികാരമാണത്. അതുകൊണ്ടുതന്നെ, മഹാഗുരുക്കന്മാരെ, "സ്ഥിതപ്രജ്ഞർ" എന്ന് നമ്മുടെ സംസ്കാരം വിശേഷിപ്പിക്കുന്നു. 'തിരുമേനി' വിളികേട്ടാലും, 'കല്പന' കൊടുത്താലും, 'എഴുന്നെള്ളത്ത്' നടത്തിയാലും 'കൈമുത്തി'യാലും, 'കൈമുത്ത്' ലഭിച്ചാലും അവരുടെ മാറോട് ചേർത്തണഞ്ഞ ഒരു ദാസവേഷം തന്നെയായിരിക്കും *സ്ഥിതപ്രജ്ഞരുടെ* സ്ഥിരംവേഷം. ബാഹ്യമായി *രാജകീയ പരിവേഷം* നാമവരെ അണിയിക്കു മ്പോഴും, അവർക്കറിയാം ആത്മാവിന്റെ ദാരിദ്ര്യത്തിന്റെ മരവുരി അണിഞ്ഞില്ലെങ്കിൽ, വടിയും, മുടിയും, കൊടിയും ഒക്കെ ഒടിഞ്ഞേക്കാം എന്ന്. അതുകൊണ്ട് ഏഴ് പൊൻ നിലവിളക്കുകൾ, ആ സ്ഥാനത്ത് നാമെല്ലാമുണ്ട്, ഏഴ്


## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

MOSC മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986-ൽ ആരംഭിച്ചു. ഇപ്പോൾ ഒരു സൂപ്പർ സെപെഷ്യാലിറ്റി നേത്ര ചികിത്സാലയമായി സ്ഥാപനം വളർന്നു. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയും വൈസ് പ്രസിഡണ്ട് അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയും ആണ്.

തിമിരം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ട പാവപ്പെട്ട അന്ധർക്ക് സൗജന്യമായി ശസ്ത്രക്രിയ നടത്തി കണ്ണിനുള്ളിൽ ഇൻട്രാഒക്കുലർ ലെൻസ് വെച്ച് കാഴ്ച നല്കുന്നതിനാരംഭിച്ച പദ്ധതിയാണ് ഗിവ്സെറ്റ്. അതിനൂതന താക്കോൽ ദ്വാരശസ്ത്രക്രിയ വഴി ലെൻസ് കണ്ണിനുള്ളിൽ വയ്ക്കുന്നതിനാൽ തുന്നലിടേണ്ടതില്ല. അതുകൊണ്ടു അന്നുതന്നെ രോഗിക്ക് വീട്ടിലേക്കു പോകാനും തടസ്സമില്ല. ഈ ശസ്ത്രക്രിയക്ക് സ്വകാര്യ ആശുപത്രികളിൽ 10000 രൂപയിലേറെ ഫീസുവാങ്ങാറുണ്ട്. ഈ പദ്ധതി പ്രകാരം 4349 ശസ്ത്രക്രിയ ഇതിനകം ഇവിടെ നിന്നും സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. 2007-2008 സാമ്പത്തിക വർഷത്തിൽ 1518790 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നല്കുകയുണ്ടായി. സന്മനസ്സുള്ളവർ സഹായിക്കാൻ തയാറായതുകൊണ്ട് മാത്രമാണ് ഞങ്ങൾക്കിത്രയും ചെയ്യാൻ സാധിച്ചത്. തുടർന്നും സഹായം അഭ്യർത്ഥിക്കുന്നു. സഹായിച്ചവരെ നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

ഈ പദ്ധതിയോട് താല്പര്യമുള്ള ആർക്കും അംഗങ്ങളാകാവുന്നതാണ്. ഒരു ശസ്ത്രക്രിയക്ക് 1000 രൂപ എന്ന നിരക്കിലാണ് സംഭാവനകൾ അയയ്ക്കേണ്ടത്. അതുപയോഗിച്ച് നിങ്ങളുടെ പേരിൽ പാവപ്പെട്ട ഒരന്ധന് ശസ്ത്രക്രിയ നടത്തി കാഴ്ച നൽകുന്നു. കാഴ്ച ലഭിച്ച വ്യക്തിയുടെ വിവരങ്ങൾ യഥാസമയം സംഭാവന നൽകിയവർക്ക് അയച്ചുകൊടുക്കുന്നു. ഇതേ രീതിയിൽ എത്ര രോഗികളെ വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്. ജന്മദിനം, വിവാഹദിനം, വാങ്ങിപ്പോയവരുടെ ഓർമ്മദിനം, ആദ്യ ശമ്പളം കിട്ടുന്ന ദിനം, ജോലിയിൽ പ്രൊമോഷൻ ലഭിക്കുന്ന ദിനം, അതുപൊലെ മറ്റു വിശേഷാവസരങ്ങൾ വരുമ്പോഴൊക്കെയും ഓർമ്മ വയ്ക്കുക ഗിവ്സൈറ്റ് പദ്ധതി വഴി ഏതെങ്കിലും ഒരു പാവപ്പെട്ട അന്ധനു കാഴ്ച നല്കുന്ന കാര്യം.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ **F.C.R.A.** അനുവാദവും ഇൻകം ടാക്സ് **80 G** ഇളവിനുള്ള അനുവാദവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ: ചെക്ക്/ഡി.ഡി./എം.ഒ. ആയി അയയ്ക്കേണ്ട അഡ്രസ്സ് : **Treasurer, Givesight Project, M.O.S.C. M.M. Eye Hospital, Kariambadi P.o., Pin-673591, Wayanad, Kerala, India** എന്നതാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

നക്ഷത്രങ്ങൾ, ആ സ്ഥാനത്തും നാമും നമ്മുടെ ഇടയന്മാരും ഉണ്ട്. അവരുടെ നിലവിളക്കായിട്ടുള്ള നിയോഗവും, നക്ഷത്രമായിട്ടുള്ള സാക്ഷ്യവും അല്പം കൂടെ അടുത്തുചെന്ന് കാണാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ നൊമ്പരങ്ങളെ മാറോട് ചേർത്ത്, അവയ്ക്കായി എരിവോടെ എരിയുന്ന നിലവിളക്കിന്റെ നിയോഗവും, കേസുകളിലും പ്രതികാരദാഹങ്ങളിലും വല്ലാതെ കുടുങ്ങി ഇളം തലമുറകൾക്ക് തടങ്കൽപാറയായി കാലത്തിനു പിമ്പെ ഗമിക്കേണ്ടിവരുന്ന ദുര്യോഗവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്ന അറിവ് നമുക്കുണ്ടാകണം. ആ അറിവ് മനുഷ്യജീവിതത്തോട് ചേർത്ത് സഭയെ കാണുന്ന അറിവാണ്. "മരുഭൂമിയിലെ പിതാക്കന്മാരുടെ ചൊല്ലുകൾ'' എന്ന ആദ്ധ്യാത്മിക ഗ്രന്ഥത്തിൽ അബ്ബാ, ആർസെനിയൂസ് എന്ന ജ്ഞാനിയായ സന്യാസിയെക്കുറിച്ച് ഇപ്രകാരം പറയുന്നു. അബ്ബ ആർസെനിയൂസ് ഒരു സാധാരണക്കാരനായ ഈജിപ്തു കാരന്റെയടുക്കൽ ഒത്തിരി സമയം ചെലവിടുന്നതു കണ്ട ഒരാൾ, അദ്ദേഹത്തോട് ചോദിച്ചു: ''അങ്ങ് മഹാജ്ഞാനിയാണ്, ബഹുഭാഷാ പണ്ഡിതനാണ്, അങ്ങ് ആഗ്രഹിക്കുന്നതെല്ലാം അങ്ങേക്ക് ചെയ്തു തരുവാൻ ആളുകളുമുണ്ട്. പിന്നെന്തിനാണ് ഈ നിസാരമനുഷ്യന്റെ യടുക്കൽ സമയം കളയുന്നത്? അർസെനിയൂസ് പ്രതിവചിച്ചു. "എനിക്ക് ഗ്രീക്കും, ലത്തീനും അറിയാം. പക്ഷേ ഈ സാധാരണക്കാരനറിയാവുന്ന ജീവിതത്തിന്റെ അക്ഷരമാല ഞാനിതുവരെ പഠിച്ചിട്ടില്ല". ജീവിതത്തിന്റെ അക്ഷരമാലയാണ് നിലവിളക്കിന്റെ യഥാർത്ഥശോഭ. ഇസ്രായേലിന്റെ മരുപ്രയാണത്തിൽ, അഹറോന് രണ്ട് നിലപാടുകൾ എടുക്കേണ്ടിവന്നു. ഒന്ന്, ജനത്തിന്റെ താളത്തിനു തുള്ളികൈയടിവാങ്ങാൻ അവർക്കിഷ്ടമുള്ള ദൈവത്തെ ഉണ്ടാക്കിക്കൊടുത്ത പരാജയമടഞ്ഞ പൗരോഹിത്യത്തിന്റെ നിലപാട് (പുറപ്പാട് 32–ാം അദ്ധ്യായം). രണ്ട്, ജനത്തിന്റെ നടുവിൽ ബാധ തുടങ്ങിയപ്പോൾ, ധൂപകലശം എടുത്ത് ജനങ്ങളുടെ നടുവിലേക്കിറങ്ങി, ബാധയെ അടക്കിയ, അവസരത്തിനൊത്തുണർന്നു പ്രകാശം ചൊരിയുന്ന നിലവിളക്കിന്റെ പ്രകാശം (സംഖ്യ പുസ്തകം 16–ാം അദ്ധ്യായം) ആകുന്ന നിലപാട്. ജീവിത സ്പന്ദനങ്ങൾ ദീപനാളമായി മാറുന്ന നിലപാട് ആണത്. അവിടെ ഒരു ആഗോളസഭയുടെ രൂപഭാവങ്ങളും, ഘടനയും, സാക്ഷ്യവും പ്രാധാന്യമർഹിക്കുന്നു. ആരാധനക്രമങ്ങൾ മുതൽ ആത്മായ പരിശീലനം വരെ, കേരളത്തിൽ മാത്രമല്ല, ഇന്ത്യയ്ക്കു മുഴുവനായും അമേരിക്കക്കും, ആഫ്രിക്കക്കും, ആസ്ട്രേലിയായ്ക്കും, യൂറോപ്പിനും, ഗൾഫുനാടുകൾക്കും ഒക്കെ അനുയോജ്യമാക്കുന്ന ആലോചനകളുടെ ആവശ്യകതയെ നിലവിളക്ക് പ്രതിനിധാനം ചെയ്യുന്നു.

**നക്ഷത്രങ്ങളും** നമുക്ക് സന്ദേശങ്ങൾ നൽകുന്നുണ്ട്. ഉയരപ്പെട്ടവന്റെ കൈയിൽ ഉയർന്നുനിന്നു പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ നമുക്ക് ഉയരങ്ങളുടെ സന്ദേശമാണ് നൽകുന്നത്. ഉയരങ്ങളിലുള്ള കർത്താവിന്റെ നെഞ്ചോട് ചേർന്നിരിക്കുന്നതിന്റെ ഉയരം നമുക്കും നമ്മുടെ ഇടയന്മാർക്കും ഉണ്ടായാലേ പറ്റൂ. അകലം സൂക്ഷിച്ചാലേ, ആദരവു കിട്ടൂ എന്ന മിഥ്യാധാരണയുടെ ഉയരമല്ല അത്. തുടരെ തുടരെ ആകാശയാത്ര നടത്തിയാലേ താരപരിവേഷവും തിരക്കും തെളിയിക്കാനാവൂ എന്ന പാഴ്ചിന്തയുടെ ഉയരമല്ല അത്. ഉയർന്നു നിന്നു ചിന്തിക്കുവാനും, ഉയരത്തിലുള്ളത് അന്വേഷിക്കുവാനും ഉള്ള ഉയരമാണത്. നഷ്ടപ്പെടുന്ന തിനെ അന്വേഷിച്ചു കണ്ടെത്തുവാൻ കഴിയുന്ന ഉയരക്കണ്ണാണത്. അകലങ്ങളിലേക്ക് ദർശനം സാധിക്കുന്ന ഉയരമാണത്. അല്പത്വത്തിൽ നിന്നുയരുവാനുള്ള സന്നദ്ധത പ്രശ്നപരിഹാരത്തിനുള്ള പ്രഥമപടിയാണ്. അപ്പോഴാണ് മതതീവ്രവാദത്തിനപ്പുറം മതത്തെയും, കക്ഷി, സഭാവ്യത്യാസങ്ങൾക്കപ്പുറം സഭയെയും കാണുവാൻ കഴിയുന്നത്. പ്രശ്നങ്ങളില്ലാത്ത മനുഷ്യസമൂഹങ്ങളില്ല. പക്ഷേ മനുഷ്യസമൂഹങ്ങളുടെ ചൈതന്യത്തിന്റെ അളവുകോൽ പ്രശ്നപരിഹാരത്തി നുള്ള ആത്മാർത്ഥതയും മുൻഗണനയും ആണ്. ഉയരുന്നതിന്റെ ഉദാഹരണമാണ് നക്ഷത്രം. താഴേക്കിറങ്ങിപോകാൻ ആഗ്രഹിക്കുന്നവർക്ക് നക്ഷത്രം നിസാരമാണ്. ഉയരുന്നവർക്ക് മാത്രമേ നക്ഷത്രശോഭ വലുതായി വലുതായി മാറൂ. രാഷ്ട്രീയ, മത, സാമൂഹ്യ മേഖലകളിൽ ഓരോ പുതിയ നേതൃനിര വരുമ്പോഴും പ്രത്യാശയോടെ "ആർപ്പോ", "ആർപ്പോ" എന്നു ചൊല്ലുന്ന ആരാധകർ "ഈ ദുർഗ്ഗതി കാറുമാറി നാളെ പ്രസന്നമായിടു മൊരന്തരീക്ഷം'' എന്ന് ചൊല്ലിയാൽ പിന്നീട് നിരാശപ്പെടുന്നു. ഈ അനുഭവത്തെ ഒരു എഴുത്തുകാരൻ ഒരു വയൽപ്പാട്ടിനോട് ഉപമിച്ചിരിക്കുന്നു. കൊയ്ത്ത് ഓരോന്നും കഴിഞ്ഞിട്ടും പട്ടിണിമാറാതെ വരുന്ന ചെറുമികളുടെ വയൽപ്പാട്ടിന്റെ പദങ്ങൾ ഇങ്ങനെയാണ്.

"പുന്നെല്ലിൻ പാതി പതിരായിപ്പോയേ!

മറ്റെപാതി പൊടിഞ്ഞുംപോയേ!

അങ്ങനെയൊരു വയൽപ്പാട്ടിനുപകരം, സങ്കിർത്തനങ്ങൾ സമ്മാനിക്കുന്ന മറ്റൊരു വയൽപ്പാട്ടുണ്ട് നമുക്ക്. 126–ാം സങ്കീർത്തനം 5 ഉം 6 ഉം വാക്യങ്ങൾ

''കണ്ണുനീരോടെ വിതെക്കുന്നവർ, ആർപ്പോടെ കൊയ്യും,

വിത്തുചുമന്നും, കരഞ്ഞും, വിതെച്ചും കൊണ്ട് നടക്കുന്നു.

കറ്റ ചുമന്നും ആർത്തും കൊണ്ടുവരുന്നു"

ഇപ്രകാരമൊരു പ്രത്യാശയുടെ പടിവാതിലിൽ ആണ് നാമിവിടെ.

നമുക്കായി, കനിവോടെ കത്തിയെരിയുന്ന പൊൻനിലവിളക്കുകളെ നമുക്ക് ഇന്ന് ഇവിടെ കർത്താവു നൽകിയിരിക്കുന്നു. കരിന്തിരി കത്തുവാൻ ഇടയാകാതെ, പറകൊണ്ട് മൂടിപ്പോകാതെ തമ്പുരാൻ അവരെ കാക്കട്ടെ. നമ്മെയും കാക്കട്ടെ.

ഉയരപ്പെട്ടവന്റെ കൈയിലെ നക്ഷത്രങ്ങളായി നമുക്ക് നമ്മുടെ പുതിയ ഇടയശ്രേഷ്ഠന്മാരെ കാണാം. താരം തമോഗർത്തമാകുന്ന ദുരന്തം ആകാശത്തുണ്ടാകാറുണ്ട്. അങ്ങനെ സംഭവിക്കാതിരിക്കാൻ, തമ്പുരാന്റെ കൈയിൽ അവർ സുരക്ഷിതരായി അമർന്നിരിക്കട്ടെ. അവരുടെ വായിലെ വചനം, ആനന്ദിപ്പിക്കുന്ന, ജീവിപ്പിക്കുന്ന സൗഖ്യമാക്കുന്ന വചനമായി നമുക്കു മാറട്ടെ. അവരുടെ മുഖത്തെ ശോഭ, നീതിസൂര്യന്റെ ശോഭയാകട്ടെ. ഇങ്ങനെയുള്ള സുകൃതത്തിന്റെ ദാതാവായി, മാറത്തു പൊൻകച്ചകെട്ടിയ മനുഷ്യപുത്രന്റെ കൃപയെയും അവനെ നമുക്ക് അയച്ച സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തെയും നമുക്കായി അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ ആവാസത്തെയും, നമുക്ക് ഇവിടെ അനുഭവിക്കാം. ആ പിതൃപുത്ര പരിശുദ്ധാത്മാവിന് ഇപ്പോഴും എപ്പോഴും മഹത്വമുണ്ടാകട്ടെ. ആമേൻ

# ബുദ്ധിമാൻ

BUDHIMAN

ഫാ. തോമസ് പി.





## ORTHODOX CHRISTIAN YOUTH MOVEMENT

### MALANKARA ORTHODOX CHURCH
### DOHA-QUATAR

**വിദ്യാഭ്യാസ–ധന സഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു**

നിർദ്ധനരും, പഠനത്തിനു സമർത്ഥരുമായ തെരഞ്ഞെടുക്കുന്ന ഓർത്തഡോക്സ് വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്ക് പത്താം ക്ലാസ്സിനു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, പ്രൊഫഷണൽ കോഴ്സിനോ ധനസഹായം നൽകുന്നു.

**നിബന്ധനകൾ:–**

- അപേക്ഷകർ പത്താം ക്ലാസ്സ് അവസാനപ്പരീക്ഷയ്ക്ക് കുറഞ്ഞത് 60 ശതമാനവും, മറ്റ് ഹയർ കോഴ്സുകൾക്കു 50 ശതമാനവും മാർക്ക് ലഭിച്ചവരായിരിക്കണം.
- ഇടവക വികാരി അറ്റസ്റ്റു ചെയ്ത മാർക്കുലിസ്റ്റും, കോഴ്സ് സർട്ടിഫിക്കേറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
- അപേക്ഷയോടൊപ്പം ഇടവകയുടെ ലെറ്റർഹെഡിൽ, വികാരിയുടെ സീലോടു കൂടിയ ശുപാർശക്കത്തും ഉണ്ടായിരിക്കണം.
- വികാരിയുടെ ശുപാർശക്കത്തിൽ അപേക്ഷകന്റെ, കുടുംബ പശ്ചാത്തലം, ചുറ്റുപാടുകൾ, ആദ്ധ്യാത്മീക സംഘടനയിലെ പ്രവർത്തനങ്ങൾ, മറ്റു നേട്ടങ്ങൾ എന്നിവ വിശദമാക്കുന്നത് ഉചിതമായിരിക്കും.
- അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതായ രേഖകൾ കൂടാതെ, അപേക്ഷകന്റെ വരുമാനം, ആശ്രിതരുടെ വിവരണങ്ങൾ എന്നിവയും ഇടവക വികാരി വ്യക്തമായി പഠിച്ച് ശുപാർശ ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു.
- അപേക്ഷകന് മറ്റെന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടെങ്കിൽ അതും വ്യക്തമാക്കിയിരിക്കണം.

അപേക്ഷകൻ സണ്ടേസ്ക്കൂളിൽ പഠിച്ചവരോ, പഠിക്കുന്നവരോ ആയിരിക്കണം.

അപേക്ഷകൾ ജൂലൈ 31–ാം തീയതിക്ക് മുമ്പ് ലഭിക്കത്തക്കവിധം താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

**The Secretary, O.C.Y.M., MOC-Doha, Post Box 17318, Doha, Qatar.**

*കഴിഞ്ഞ ലക്കത്തിൽ പോസ്റ്റ് ബോക്സ് നമ്പറിൽ തെറ്റുപറ്റിയതിനാൽ,*
*അപേക്ഷ അയച്ചവർ മുകളിൽ കാണിച്ചിരിക്കുന്ന അഡ്രസ്സിൽ വീണ്ടും അയയ്ക്കേണ്ടതാണ്.*



# സൺഡേസ്കൂൾ വാർത്തകൾ

ഒ. തോമസച്ചൻ



**വ്യക്തിത്വ വികസന പഠന ക്യാമ്പ്/ P.M.G. Centre**

കോൺഫറൻസ് സെന്ററായി നാം രൂപകല്പന ചെയ്തിട്ടുള്ള ഞാലിയാകുഴി പരുമല മാർ ഗ്രിഗോറിയോസ് സെന്ററിൽ വെച്ച് പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 25 മുതൽ 29 വരെ 10–ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഒരു ക്യാംപ് നടത്തുകയുണ്ടായി. പ്രതീക്ഷിച്ച അത്രയും കുട്ടികൾ വന്നില്ലെങ്കിലും ആദ്യ സംരംഭം എന്ന നിലയിൽ അത് വളരെ വജയപ്രദമായിരുന്നു. പഠനത്തിൽ കൂടുതൽ ആത്മവിശ്വാസവും ധൈര്യവും നേടാനായി എന്ന് പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു. സൺഡേസ്ക്കൂൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ മറ്റ് ആത്മീയ സംഘടനയിലെ പ്രതിനിധികൾ തുടങ്ങിയവർക്കായി പല ക്യാംപുകളും അവിടെ സംഘടിപ്പിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ഭദ്രാസന ഡിസ്ട്രിക്റ്റ് തലങ്ങളിൽ ഈ കോൺഫറൻസ് സെന്ററിനെപറ്റി വേണ്ടത്ര ധാരണയും ഉൾക്കാഴ്ചയും ലഭിച്ചിട്ടില്ല എന്ന് സന്ദേഹിക്കുന്നു. ഈ കോൺഫറൻസിന്റെ വളർച്ചയിൽ കുറച്ചുംകൂടി സഹകരണം എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ക്യാമ്പിന്റെ വിജയത്തിന് വേണ്ടി പ്രയത്നിച്ചു എല്ലാവരോടും പ്രത്യേകിച്ച് പി. കെ. കുര്യൻ സാർ, മേരി കുര്യൻ ടീച്ചർ എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തട്ടെ.

**പുതിയ ഭാരവാഹികൾ**

സൺഡേസ്ക്കൂളിന്റെ പുതുക്കിയ ഭരണഘടനപ്രകാരം മിക്ക ഭദ്രാസനങ്ങളിലും തെരഞ്ഞെടുപ്പു നടന്നതായി അറിയിപ്പു ലഭിക്കുന്നുണ്ട്. കാലാവധി 3 വർഷത്തിൽ നിന്ന് 5 വർഷമായി നീട്ടി കിട്ടിയതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആലോചിച്ച് ക്രമീകരിക്കുവാൻ ആലോചിക്കുന്നുണ്ട്. ഭൗതികതയുടെ അതിപ്രസരമുള്ള ഈ ലോകത്തിൽ കുട്ടികൾക്ക് ആത്മീയ ദിശാബോധം ലഭിക്കത്തക്കവിധം കേവലം പഠന പുസ്തകങ്ങളിൽ ഒതുങ്ങാതെ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരുക്കുന്നു. സ്ഥാനം ഒഴിഞ്ഞ എല്ലാ പ്രവർത്തകർക്കും അവരുടെ നിസ്തുലമായ സേവനങ്ങൾക്ക് നന്ദി അറിയിക്കട്ടെ. പുതിയ ഭാരവാഹികൾക്ക് അനുമോദനങ്ങളും ആശംസകളും.

**എക്സിക്യൂട്ടീവ് കമ്മറ്റി**

കഴിഞ്ഞതും നിലവിൽ വരുന്നതുമായ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിങ്ങ് ജൂൺ 11, 12 തീയതികളിലായി പി. എം.ജി. സെന്ററിൽ കൂടുന്നുണ്ട് അതേ പറ്റിയുള്ള അറിയിപ്പുകൾ ബന്ധപ്പെട്ട എല്ലാവർക്കും ലഭിച്ചിരിക്കുമല്ലോ. എല്ലാവരും അതിൽ വന്ന് സംബന്ധിക്കുവാൻ പ്രത്യേകം താല്പര്യം എടുക്കണം.

**പുതിയ സ്ക്കൂൾ വർഷം**

സെക്കുലർ സക്കൂളുകൾ വീണ്ടും പുതിയ വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. പരിഷ്കാരങ്ങൾ ഒട്ടനവധി നടക്കുന്നുണ്ടെങ്കിലും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തുവാൻ മാറി മാറി വന്ന ഭരണകർത്താക്കൾക്ക് ഇതുവരെയും സാധിച്ചിട്ടില്ല. അത്തരത്തിലുള്ള ഒരു വിദ്യാഭ്യാസ മാതൃക ഉണ്ടായി വരുവാൻ ഇനിയും ശ്രമിക്കേണ്ടിയിരിക്കുന്നു. അതിനാൽ സെക്കുലർ വിദ്യാഭ്യാസത്തോടൊപ്പം ആധ്യാത്മീക ശിക്ഷണം കൊടുക്കുവാൻ സൺഡേസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഒരു പ്രത്യേക ചുമതലയുണ്ട് ആ ബോധ്യത്തോടുകൂടി പ്രസ്ഥാനത്തിന് കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പുതിയ അദ്ധ്യയന വർഷത്തിൽ എല്ലാ നന്മകളും കുട്ടികൾക്ക് നേരുന്നു. ദൈവഭക്തി എല്ലാ ജ്ഞാനത്തിന്റെയും ആരംഭമായിരിക്കട്ടെ. ■


**പള്ളികൾ മനോഹരമാക്കൂ**

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കുമല്ലോ?
അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481–2571126, 2574183
0484–3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**

ജീ– മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

**ST. MARY'S EMBROIDERY**

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

YOUTH

ഫാ. വിൽസൺ മാത്യു
(ബേസിൽ ദയറ)



**'ജീവിതത്തിലെ എല്ലാ നിമിഷങ്ങളും നമ്മുടെ സ്വന്തമാണ്.**




# You May Live all the days of your life

"അനുവദനീയമായ എല്ലാ ദിനങ്ങളും ശ്രേഷ്ഠമായി വിനിയോഗിക്കുക" എന്ന ചിന്ത അർത്ഥവത്താണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ പലവർഷങ്ങളും, അനേകം മാസങ്ങളും, ദിവസങ്ങളും, നാഴികകളും പിന്നിട്ടിട്ടുണ്ട്. എന്നാൽ, ഓരോ നിമിഷങ്ങൾക്കും നല്കുന്ന പ്രാധാന്യം പ്രസക്തമാണ്. ചില നിമിഷങ്ങളെ "സ്വർഗ്ഗീയ അനുഭവമായി വിലയിരുത്തുമ്പോൾ, ചില അവസരങ്ങളെ ഓർമ്മിക്കുവാൻ പോലും നാം തയ്യാറാകില്ല. അതായത്, നമ്മുടെ ജീവിതത്തിലെ നിമിഷങ്ങളെ 'ജീവനുള്ളവയെന്നും, നിർജ്ജീവങ്ങളെന്നും' വിലയിരുത്താം. ജീവിതയാത്രയിൽ നാം പലവർഷങ്ങളും, ദിവസങ്ങളും പിന്നിട്ടെങ്കിലും നാം 'ജീവിച്ച വർഷങ്ങൾ അഥവാ ദിവസങ്ങൾ' എത്രയുണ്ടെന്നുള്ളതാണ് പ്രസക്തം. ഒരു ദിവസത്തിൽ 24 മണിക്കൂറുണ്ടെങ്കിൽ അതിലെത്ര മണിക്കൂർ നാം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് ചിന്തിയ്ക്കണം. ജീവിതത്തിൽ ലഭ്യമായ ഓരോ നിമിഷത്തിലും ജീവിയ്ക്കുവാനും, നിമിഷങ്ങൾക്ക് ജീവൻ നല്കുവാനും നമുക്ക് സാധിക്കണം.

'നിമിഷങ്ങൾക്ക് ജീവൻ നല്കുന്ന പ്രക്രീയ' ഒരു സാധനയാണ്. ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഓരോ നിമിഷങ്ങൾക്കും പിന്നിൽ ശ്രേഷ്ഠരായ ആരുടെയെങ്കിലും സാന്നിദ്ധ്യമുണ്ടാകും. കഴിഞ്ഞുപോയ കാലങ്ങൾ ചരിത്രത്തിന്റെ ഭാഗമായത് യാദൃശ്ചികമായല്ല, കാലത്തിനു മായ്ക്കുവാൻ കഴിയാത്ത ശ്രേഷ്ഠഗുണങ്ങളോടുകൂടിയ ചില വ്യക്തിത്വങ്ങളുടെ ശ്രേഷ്ഠസാന്നിദ്ധ്യത്തിലായിരുന്നു. ലഭ്യമായ അവസരങ്ങളെ നൂറുമേനിയായി വിളയിച്ചവരുടെ ത്യാഗനിർഭരമായ ജീവിതാനുഭവങ്ങളാണ് നിമിഷങ്ങൾക്കും, കാലങ്ങൾക്കും ഓജസ്സും, തേജസ്സും നല്കുന്നത്.

'ആയിരം സംവത്സരങ്ങൾ യഹോവയുടെ ദൃഷ്ടിയിൽ രാത്രിയുടെ ഒരു യാമം പോലെ മാത്രം' എന്ന സങ്കീർത്തനക്കാരന്റെ ഭാവന, വിശാലമായ ഒരു അർത്ഥതലം തുറന്നു കാട്ടുന്നു. ആയിരം സംവത്സരങ്ങൾ ലഭിച്ചാലും, അതിന്റെ പ്രാധാന്യം മനസ്സിലാക്കി വിനിയോഗിച്ചില്ലെങ്കിൽ അർത്ഥരഹിതമായിരിയ്ക്കും. ആയിരം സംവത്സരം ദാനമായി നല്കിയ *സർവ്വേശ്വരൻ* വിളവെടുപ്പിനുവരുമ്പോൾ, കണ്ടെത്തുന്നത് ഒരു നാഴികയുടെ

മാത്രം അദ്ധ്വാനമാണെങ്കിൽ സംവത്സരങ്ങൾക്കെന്തു പ്രസക്തി? നാം വിനിയോഗിച്ചതും, മൂല്യം കല്പിച്ച തുമായ നിമിഷങ്ങൾക്കു മാത്രമെ ദൈവസന്നിധിയിൽ പ്രസക്തിയുള്ളു.

ജീവിതത്തിലെ ഉയർച്ചതാഴ്ചകളെ വിലയിരുത്തി, സന്തോഷപ്രദമായവയ്ക്ക് അമിതപ്രാധാന്യം നല്കുന്നതും, ദു:ഖകരമായവയെ അവഗണിയ്ക്കുന്നതും ശരിയായ പ്രവണതയല്ല. സന്തോഷകരമായവയുടെ മാത്രം കണക്കെടുത്താൽ അതു ചുരുക്കമാകും. ദു:ഖകരമായവ പലപ്പോഴും കൂടുതലുമായിരിയ്ക്കും.

മംഗലാപുരം വിമാനദുരന്തത്തിന് കാരണങ്ങളിലൊന്നായി ഉയർന്നുവന്ന ധാരണകളിലൊന്നാണ് 'Runway illution'. ലക്ഷ്യസ്ഥാനത്തെപ്പറ്റിയുള്ള വ്യക്തതയില്ലായ്മയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇറങ്ങേണ്ട സ്ഥാനത്തിറ ങ്ങാതെ, സ്ഥാനം മാറി ഇറങ്ങുവാനുള്ള പ്രവണത എല്ലാ മേഖലകളിലുമുണ്ട്. ലക്ഷ്യസ്ഥാനം മറയ്ക്കുന്ന ചില തടസ്സങ്ങളാണിവ. യഥാർത്ഥത്തിൽ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും ഇത്തരമൊരു 'illution' കടന്നുവരാറില്ലെ?

'ജീവിയ്ക്കുക' എന്നപദത്തിന് 'ഉണർന്നിരിയ്ക്കുക' എന്നൊരർത്ഥം കൂടിയുണ്ട്. എല്ലാ മേഖലകളിലും ഉണർവ്വോടെ, ജാഗ്രതയോടെ പ്രതികരിയ്ക്കുക എന്ന ആഹ്വാനം 'എപ്പോഴും ജീവിയ്ക്കുക' എന്ന സന്ദേശത്തിലുണ്ട്.

നാം പ്രയോജനപ്പെടുത്തിയതും, ഉറങ്ങിയതും, നിർജ്ജീവമാക്കിയതുമായ നിമിഷങ്ങളുടെ ആകെത്തുകയാണ് ജീവിതം. നീണ്ട വർഷങ്ങൾക്കിടയിൽ നാമെത്ര നിമിഷങ്ങൾ ജീവിച്ചു?' എന്ന ചോദ്യം നാം നേരിടേണ്ടിവരാം. പകലന്തിയോളം അദ്ധ്വാനിച്ചവനും, ഒരു നാഴിക അദ്ധ്വാനിച്ചവനും, ഒരേ കൂലി നല്കിയെന്നു പറയുമ്പോൾ, 'അതിലെന്തുന്യായം?' എന്നു ചിന്തിക്കുവാനാണ് നമുക്കു താല്പര്യം. എന്നാൽ, യജമാനൻ മൂല്യം കല്പിച്ചത്, എത്രനേരം തൊഴിൽ സ്ഥലത്തു നിന്നു എന്നതിനല്ല, എത്രനേരം ആത്മാർത്ഥമായി പണിചെയ്തു എന്ന തിനാണ്.

ദീർഘനാളുകൾ ജീവിച്ചവന് ചെയ്യുവാൻ സാധിയ്ക്കാത്തത് ചുരുങ്ങിയ നാളുകൾ ജീവിച്ചവൻ ചെയ്തു എന്നു പറയുന്ന തിന്റെ അർത്ഥവും ഇതുതന്നെയാണ്.

'ജീവിതത്തിലെ എല്ലാ നിമിഷങ്ങളും നമ്മുടെ സ്വന്തമാണ്. നമുക്കായി രക്ഷകൻ ദാനമായി തന്നതാണവ. അവ നമുക്ക് പ്രയോദനപ്രദമാക്കിത്തീർക്കുവാൻ കഴിയുന്നില്ലെങ്കിൽ, മറ്റുള്ളവർക്കായെങ്കിലും ആ നാഴികകളെ പ്രയോജനപ്പെടുത്തണം.

*"ദൈവമെ, ജീവിതം ആസ്വദിയ്ക്കുവാൻ നീ എനിയ്ക്ക് വേണ്ടതെല്ലാം നല്കിയാലും" എന്ന് പ്രാർത്ഥിച്ചവനോട്, ദൈവത്തിന്റെ മറുപടി, "മകനെ, എല്ലാം ശരിയായി ആസ്വദിയ്ക്കുവാൻ ഞാൻ നിനക്ക് ജീവിതം നല്കിയിട്ടുണ്ടല്ലോ?"*

## ലളിതം മധുരം


സഖറിയാ മാർ അന്തോനിയോസ്
(പ്രസിഡന്റ്, മലങ്കരസഭ)




# സന്യാസവും ശ്രേഷ്ഠതയും

കൊടും തപസ്സനുഷ്ഠിച്ച ഒരു സന്യാസി വനത്തിൽ പാർത്തിരുന്നു. ഒരിക്കൽ മരച്ചുവട്ടിൽ തപസ്സിനിരിക്കേ മുകളിലെ ചില്ലയിൽ ചെറുകിളികൾ ശബ്ദമുണ്ടാക്കി ചെറു കേമ്പുകളും, ഇലകളും കൊത്തിപ്പറിച്ചു താഴേക്കിട്ടു.
സന്യാസി കോപിഷ്ഠനായി മുകളിലേക്കു നോക്കി അത്ഭുതമെന്നു പറയട്ടെ! കിളികൾ കരിഞ്ഞുണങ്ങി താഴെ വീണു.
തപസിന്റെ സിദ്ധി കൈവരിച്ച സന്യാസി ഭിക്ഷ തേടി ഇറങ്ങി ഒരു വീടിന്റെ മുന്നിലെത്തി
"അമ്മേ... അയാൾ വിളിച്ചു ആരും കേട്ടില്ല
...അല്ല നിമിഷങ്ങൾ കടന്നു പോയി
"അമ്മേ..... അയാൾ വീണ്ടും വിളിച്ചു ഇപ്പോൾ അയാളുടെ ശബ്ദം അല്പം ഘനീഭവിച്ചിരുന്നു. കോപവും വന്നിരുന്നു."
(സന്യാസിമാർക്ക് അല്ലെങ്കിൽ സന്യാസിമാരെന്ന് അഭിമാനിക്കുന്നവർക്ക് കോപം പണ്ടേയുള്ളതാണല്ലോ).
അകത്തു നിന്നും ഒരു സ്ത്രീ ശബ്ദം ഉയർന്നു കേട്ടു.
"ഇവിടാരുമില്ല കരിഞ്ഞു വീഴാൻ"...
സന്യാസി അത്ഭുത സ്തബ്ധനായി തന്നേക്കാൾ ദിവ്യദൃഷ്ടി പ്രാപിച്ച ഒരു സ്ത്രീയോ...
അവർ ഇറങ്ങി വന്നു. ഒരു വീട്ടമ്മ "നിങ്ങൾ ആദ്യം വിളിച്ചപ്പോൾ ഞാൻ എന്റെ കുഷ്ഠരോഗിയായ ഭർത്താവിനെ കുളിപ്പിക്കുകയായിരുന്നു... രണ്ടാമതു വിളിച്ചപ്പോൾ അദ്ദേഹത്തിനു ഭക്ഷണം കൊടുക്കുകയായിരുന്നു."
കർമ്മത്തിലൂടെ ധർമ്മം പ്രാപിച്ച ആ സ്ത്രീയുടെ പാരമ്പര്യത്തെക്കുറിച്ചായി പിന്നീട് സന്യാസിയുടെ ചോദ്യം കാരണം പരമ്പരയില്ലാതെ കർമ്മകാണ്ഡമില്ലല്ലോ.
"എന്റെ അച്ഛൻ ഒരു ഇറച്ചി വെട്ടുകാരനായിരുന്നു".
സന്യാസിയുടെ ആശ്ചര്യം പതിന്മടങ്ങായി. ഇറച്ചിവെട്ടുകാരന് ധർമ്മമാർഗ്ഗമോ? ആളെത്തിരക്കി ചന്തയിലെത്തി.
"തൂക്കത്തിലും അളവിലും ഒട്ടും കണിശത വിടാതെ നല്ലതും, ചീയാത്തതുമായ മാംസമാണ് ഞാൻ വിൽക്കുന്നത്."
സന്യാസിക്ക് പുതിയൊരു വെളിവുണ്ടായി.
പ്രിയമുള്ളവരേ, കുരിശുമാലയിട്ടാൽ സന്യാസിയാവുന്ന കാലമാണിത്. എന്നാൽ സന്യാസമെന്നത് ഒരു ജീവിതചര്യയാണെന്നറിയണം. ഉത്തമന്മാരായ സാധാരണക്കാർ അവരേക്കാൾ ശ്രേഷ്ഠരാണെന്നോർക്കണം.

## ജന്മദിനാശംസകൾ (ജൂൺ 15)



**ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ**

പ്രാർത്ഥനാപൂർവ്വം

**കൽക്കട്ടാ ഭദ്രാസനം**

### ചെയർമാൻ




ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്-ഡൽഹിയുടെ ചെയർമാനായി ഡോ. ജോർജ് വർഗീസിനെ നിയമിച്ചു. ഐ.എ.എസ്., മാനേജ്മെന്റ് പരീക്ഷകൾക്ക് ഈ സ്ഥാപനം പരിശീലനം നൽകുന്നു. തുമ്പമൺ വലിയവീട്ടിൽ പരേതനായ വി. ജി. ജോർജിന്റെ മകനാണ്. പ്രസാർ ഭാരതി ഡയറക്ടർ ബോർഡംഗവും സഭാ മാനേജിംഗ് കമ്മറ്റിയംഗവും വൈ.എം.സി.എ. അഖിലേന്ത്യാ ട്രഷററുമാണ്.

### സുപ്പീരിയർ



റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിലെ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട ഫാ. സൈമൺ സ്കറിയ ഇപ്പോൾ പരുമല സെമിനാരിയുടെ അസിസ്റ്റന്റ് മാനേജരായി പ്രവർത്തിക്കുന്നു. ഇടുക്കി ഭദ്രാസന അരമന മാനേജരും അഡ്മിനിസ്ട്രേറ്ററുമായി പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം, തുമ്പമൺ ഭദ്രാസനങ്ങളിലെ വിവിധ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## പ്രചരണ വർഷത്തിൽ ഇടവകാംഗങ്ങൾ മുഴുവൻ മാസിക വരിക്കാർ



പരിശുദ്ധ ബാവാ തിരുമനസ്സിന്റെ കല്പനപ്രകാരം എല്ലാ ഭവനങ്ങളിലും മലങ്കരസഭ എത്തിക്കുന്നതിന്റെ ഭാഗമായി പോത്താനിക്കാട്, ഉമ്മിണിക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാഇടവകയിലെ മുഴുവൻ അംഗങ്ങളെയും വരിക്കാരായി ചേർത്ത ഫാ. ഐസക് ചെനയപ്പള്ളിൽ കോർ എപ്പിസ്കോപ്പാ. സെന്റ് മേരീസ് മഹായിടവക കൂടാതെ സമീപപ്രദേശങ്ങളിലെ ഇടവകാംഗങ്ങളെയും മലങ്കരസഭാ മാസിക വരിക്കാരാകാൻ താൽപര്യത്തോടെ പ്രവർത്തിക്കുന്ന വന്ദ്യ കോർ എപ്പിസ്കോപ്പായ്ക്ക് മലങ്കര സഭാ മാസികയുടെ അനുമോദനങ്ങൾ.

### കത്തീഡ്രൽ

കായംകുളം കാദീശാ പള്ളിക്ക് കത്തീഡ്രൽ പദവി. പരിശുദ്ധ ബാവാ പ്രഖ്യാപനം നിർവ്വഹിച്ചു. പൗലോസ് മാർ പക്കോമിയോസ്, മാത്യൂസ് മാർ തീമോത്തിയോസ് സഹകാർമ്മികരായിരുന്നു. വികാരി ഫാ. ജേക്കബ് ജോൺ, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, കെ.സി. വേണുഗോപാൽ എം.പി., സി. കെ. സദാശിവൻ എം.എൽ.എ., തുടങ്ങിയവർ പ്രസംഗിച്ചു.

### ജൂബിലി

തിരുവനന്തപുരം: തെക്കൻ പരുമല സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് വലിയപള്ളിയുടെ (പേരൂർക്കട) ജൂബിലി സമ്മേളനം മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം ചെയ്തു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഫാ. പി. ജി. ജോസ്, ഫാ. കോശി ജോൺ, ഫാ. കോശി അലക്സാണ്ടർ ആഷ്ബി, ഫാ. സി. കോശി, ഫാ. മാത്യു ഏബ്രഹാം, ഫാ. സാമുവേൽ മാത്യു ഫാ. സി. ഗീവർഗീസ് അഞ്ചൽ, (വികാരി) പ്രസംഗിച്ചു.

### പരിസ്ഥിതി കമ്മീഷൻ

മലങ്കരസഭയുടെ പരിസ്ഥിതി കമ്മീഷന്റെ ഉദ്ഘാടനം ജൂൺ 5 ശനിയാഴ്ച കോട്ടയം ബസ്സേലിയോസ് കോളജിൽ നടത്തി. പ. കാതോലിക്ക ബാവാ, കുറിയാക്കോസ് മാർ ക്ലീമീസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. ഡോ. കെ. എം. ജോർജ്, ഡോ. ജോർജ് ജോസഫ്, പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്, ഡോ. മാത്യു കോശി പുന്നയ്ക്കാട് തുടങ്ങിയവർ പ്രസംഗിച്ചു.

### ഓർമ്മപ്പെരുന്നാൾ



വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന ഇടുക്കി ഭദ്രാസനാധിപനായിരുന്ന അഭി. ഔഗേൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ മെയ് 30-ജൂൺ 7 വരെ നടത്തി. പെരുന്നാളിനോടനുബന്ധിച്ച് വി. മൂന്നിന്മേൽ കുർബാനയും അനുസ്മരണ പ്രസംഗവും പഠനോപകരണ വിതരണവും ഉണ്ടായിരുന്നു.

### പ്രകാശനം ചെയ്തു

മലങ്കര സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ സ്നേഹസന്ദേശത്തിന്റെ പ്രോഗ്രാം വീഡിയോ ആൽബം തിരുവല്ല ബഥനി അരമനയിൽ നടന്ന ചടങ്ങിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു. ചടങ്ങിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു.

### വാർത്തകൾ അയയ്ക്കുമ്പോൾ

മലങ്കരസഭാ മാസികയിൽ വാർത്തകൾ അയയ്ക്കുമ്പോൾ റാങ്കുകൾ/അവാർഡുകൾ/ബഹുമതികൾ ഇവയുടെ അംഗീകാര രേഖയുടെ പകർപ്പിനോടൊപ്പം ഇടവക വികാരിയുടെ, സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

# CBI യ്ക്ക് കോടതി വിമർശനം

മലങ്കര വർഗ്ഗീസ് കേസിൽ മുഖ്യ പ്രതിയായിരുന്ന ഫാ. വർഗീസ് തെക്കേകരയെ അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് ഹൈക്കോടതി CBI യോട് ചോദിച്ചു. മലങ്കര വർഗീസ് വധക്കേസിൽ ഒന്നാം പ്രതി എന്ന നിലയിലും കേസിന്റെ ഇടപാടുകളിൽ ഫാ. വർഗീസ് തെക്കേകരക്കുള്ള മുഖ്യ പങ്കും പരിഗണിക്കേണ്ടിയിരിക്കുന്നു.

മലങ്കര വർഗീസിന്റെ പത്നി സാറാമ്മ വർഗീസ് സമർപ്പിച്ച അപേക്ഷയിലാണ് ഈ പരാമർശം. ഒരു വൈദീകൻ കേസിൽ ഒന്നാം പ്രതിയാകുന്നത് ആദ്യ സംഭവം അല്ലെന്നും കേസിനോട് സഹകരിച്ചതുകൊണ്ട് ന്യായീകരിക്കാനാവില്ലെന്നും കോടതി ഓർമ്മിപ്പിച്ചു.

വധക്കേസിലെ മുഴുവൻ കുറ്റവാളികളെയും അറസ്റ്റ് ചെയ്യണമെന്നും കേസ്സിന് ആസ്പദമായ സംഭവങ്ങൾ വെളിച്ചത്ത് കൊണ്ട് വരണമെന്നും കുറ്റവാളികളെ മാതൃക പരമായി ശിക്ഷിക്കണമെന്നും ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടു.


ഫ്രീ പാസ്സ്!

## യരുശലേമിലേക്ക്

**മലങ്കരസഭ പ്രചരണ വർഷത്തിൽ 100 വരിക്കാരെ ചേർക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് യെരുശലേം യാത്ര തികച്ചും സൗജന്യമായി...**

■ 50 വരിക്കാരെ ചേർക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 10 പേർക്ക് 1000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളും ■ 10 പേർക്ക് എം.ഒ.സി. പബ്ലിക്കേഷൻസിന്റെ ഗിഫ്റ്റ് പായ്ക്കറ്റുകളും. ■ 100 വരിക്കാരെ ചേർക്കുന്നവരുടെ കളർചിത്രം പ്രസിദ്ധീകരിക്കുന്നു.

മലങ്കരസഭ മാസിക, ദേവലോകം പി.ഒ., ഫോൺ: 0481-2573234, 9447300908, 9946668911, 9947124980

കാലാവധി 2009 സെപ്റ്റം. 1 മുതൽ 2010 ആഗസ്റ്റ് 31 വരെ

## ശങ്കരത്തിൽ ടൂർസ് ഒരുക്കുന്ന ജറുശലേം യാത്ര

### ഒരാഴ്ചയിൽ കൂടുതൽ

ഈജിപ്റ്റിലെ പിരമിഡുകൾ, മാദീപള്ളി, സീനായ്, കെയ്റോ പട്ടണം, ഗലീലകടൽ, ചെങ്കടൽ, ചാവുകടൽ, നൈൽ നദി, യോർദ്ദാൻനദി, ഒലിവ് മല, ഗദ്സമന, കാൽവറി, താബോർ മല, ഗിരിപ്രഭാഷണപള്ളി, നസ്രേത്ത്, കാനാ, ബേദ്‌ലഹേം, മർക്കോസിന്റെ മാളിക, യരുശലേം ദേവാലയം, വിലാപമതിൽ, കഫർന്നഹൂം, കന്യകമറിയാമിന്റെ ഭവനം, യൗസേഫിന്റെ ഭവനം, ബഥാന്യ, ബഥ്സേദാകുളം, തുടങ്ങി പുതിയ പഴയ നിയമ ചരിത്ര സ്ഥലങ്ങളിലൂടെ അവിസ്മരണീയ യാത്ര.

- അഭി. തിരുമേനിമാർ, വൈദീകർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

എല്ലാ ചിലവുകളും ഉൾപ്പെടെ-62,000/-
(including breakfast, lunch, dinner, entry fee, Tips etc.)
**Fr. John Sankarathil, Kottayam**
**Ph: 9847478894, 9447123321, 0481-2582518**
**e-mail: sankarathiltours@gmail.com**

